# ഗുരുനാഥൻ.

പുസ്തകം 11 § 1107 കർക്കിടകം § ലക്കം 12


UNIVERSITY LIBRARY 28 SEP. 1932

## ഗന്ധർവ്വനഗരം.

നമ്മെ പരിക്ലിപ്തപരിധിയാക്കുന്ന ഉദരഗഹ്വരത്തിലേക്കു നിശ്ചിത സമയത്തെല്ലാം പ്രയത്നഫലത്തിന്റെ ഒരംശം തിരിച്ചുട്ടുക്കുവാനുതാത്തവണ്ണം നിക്ഷേപിക്കുന്നതിനു പുറമെ പരിണയങ്ങളും പരിണാമങ്ങളും സദാ ആവർത്തിച്ചു കൊണ്ടിരിക്കുന്ന ലോകം മഹത്തായ ചില പ്രാപ്യസ്ഥാനങ്ങളിലേക്കെത്തുവാനുള്ള ഒരു രംഗമെന്നും തോന്നിക്കുന്നുണ്ട്. മനുഷ്യന്റെ സമരസമ്പൂർണ്ണമായ ജീവിതത്തിന്റെ ഒരു ലക്ഷ്യസ്ഥാനം ആ സംപ്രാപ്തി തന്നെയെന്നും തോന്നുന്നു. ജീവന്റെ സ്വഭാവവും ഈ തത്വത്തെ ആശ്രയിച്ചിരിക്കുന്നു. നാം സുഖജീവിതം നയിക്കുന്നു എന്നു പറയുമ്പോൾ അതു് ഒരു ആരോഹണഗതിയെ അവലംബിച്ചിരിക്കുന്നു എന്നാണു പറയേണ്ടതു്. അനന്തങ്ങളായ സ്ഥാനങ്ങളിലേക്ക് ഒന്നു കഴിഞ്ഞു മറെറാന്നിലേയ്ക്കു പ്രയാണം ചെയ്യുന്നു. അഭിവൃദ്ധിക്കു യത്നിക്കുന്ന ഒരുവന് സദാ ഒരു പുതിയ ചക്രവാളം ദൃശ്യമായിരിക്കും. നിസ്സാരകർമ്മങ്ങളെക്കൊണ്ടു നിമഗ്നവും അതുതന്നെ ഒരു ഹ്രസ്വകാലംകൊണ്ടു നിർദ്ദിഷ്ടവും ആയ ഒരു ലോകത്തെയാണ് നാം അധിവസിക്കുന്നതെങ്കിലും നമ്മുടെ ആശകൾ ജീവിതാവധി നമ്മെ തുടരുന്നതും അവ ദുഷ്പ്രാപങ്ങളുമത്രെ. വാസ്തവസുഖം കർമ്മങ്ങളുടെ സമാരംഭത്തിലാണ്. അവയുടെ പരിണതിയിലല്ല. അതുപോലെ തന്നെ നമുക്കുള്ളതിലല്ല, ഉണ്ടാകേണ്ടതിലത്രെ സുഖം സ്ഥിതിചെയ്യുന്നതു്. ആശ ഒന്നാണ് സന്തോഷത്തിനു നിദാനം. സന്തോഷപ്രദങ്ങളായ കർമ്മങ്ങൾ അനശ്വരമായ സമ്പത്തിനേക്കാൾ മഹിമയേറിയതാണ്. ഇവയുടെ ബഹുത്വം തന്നെയാണ് ആത്മീയസമ്പത്തെന്നു പറയേണ്ടതു്. ജീവിതത്തിന്റെ ഓരോ ഘട്ടവും വിവിധകൌതുകത്തിനു പാത്രമല്ലെങ്കിൽ അതു് നിരുന്മേഷവും ദുർവിനീതവുമായി തോന്നും. സുകുമാരകലകളൊ ശാസ്ത്രബോധമൊ ഇല്ലാത്ത ഒരുവന് ലോകം ചായം തേച്ച പടം എന്നേ തോന്നുകയുള്ളു. ശാന്തമായി ജീവിതം കഴിച്ചുകൂട്ടുവാനും ലോ

കത്തിലുള്ള ജംഗമസ്ഥാവരങ്ങളെ കണ്ടാനന്ദിക്കുന്നതിനും ജോലിചെയ്യാനുള്ള സന്തോഷത്തോടെ ദിനംപ്രതി ഉണരുന്നതിനും ആശയും ജിജ്ഞാസയും അനുപേക്ഷണീയങ്ങളാണ്. ലോകത്തെ അതിന്റെ വശ്യനിറത്തിൽ ദർശിക്കുന്നതിന് രണ്ടു നേത്രങ്ങൾ നമുക്കുണ്ട്. ഒന്ന് ആശ, മറേറതു ജിജ്ഞാസ. അതുതന്നെയാണ് സൗന്ദര്യബോധവും ഗവേഷണബുദ്ധിയും എന്നു ചുരുക്കിപ്പറയാം. ഒരുവൻ അവന്റെ സ്വത്തു മുഴുവനും ദ്രവ്യം ചെയ്തു യാചകനാകട്ടെ, ഈ രണ്ടു മന്ത്രങ്ങളും അവനു സിദ്ധി വന്നാൽ സുഖാനുഭൂതിയിൽ അവൻ സമ്പന്നൻ തന്നെ. ഒരിക്കലും വിശക്കാത്തവണ്ണം ഒരുവൻ ആഹാരം കഴിച്ചു എന്നു വിചാരിക്കുക. ഒററ വീക്ഷണംകൊണ്ടു ജ്ഞാനസമ്പത്ത് ഒരുവനു സ്വാധീനമായി എന്നും ചിന്തിക്കാം. മററു പല രംഗങ്ങളിലും ഈ ശക്തി ഒരുവനുണ്ടാകട്ടെ. അവന്റെ അനന്തര ജീവിതം സുഖാശംസിയാകുമെന്നു വിചാരിക്കാമൊ? മാസിഡോണിയ രാജാവായ അലക്സാണ്ടർ അറിഞ്ഞ ലോകം മുഴുവനും കീഴ്പ്പെടുത്തി മഹാനെന്ന പേരും സമ്പാദിച്ചു. പക്ഷെ ജയിപ്പാനിനി ലോകമില്ലല്ലൊ എന്നുപറഞ്ഞു വിലപിച്ചുപോലും.

നാം മനോരാജ്യമാകുന്ന തോണിൽ ആശയാകുന്ന ബാണം തൊടുത്തു് ചന്ദ്രഗോളത്തെ എയ്യുന്നു. അപ്രാപ്യമായ ഗന്ധർവ്വനഗരത്തിലേക്ക് ബാണം പ്രയാണവും ചെയ്യുന്നു. ഈ ലോകത്തിൽ ഒന്നിന്റെയും പരിണാമം കാണുന്നുമില്ല. കൗതുകം വിത്തായി സൂക്ഷിച്ചു് സുഖച്ചെടി മുളച്ചു വളരുവാൻ വിതയ്ക്കുന്നു. ശിശുവിന്റെ ജനനം പുത്രലാഭകൗതുകത്താൽ ആശാപ്രാപ്തി വന്നു എന്നു വിചാരിച്ചുപോകുന്നു. ചിന്താതരളത ഇവിടെയാണാരംഭിക്കുന്നതു്. 'ദന്താങ്കുരമകാരണസ്മിത'മെന്നു തുടങ്ങി പലതും ഭോക്തവ്യങ്ങളായുണ്ടു്. വിദ്യാഭ്യാസകാലം തുടങ്ങി വിവാഹകാലംവരെ പല ഘട്ടങ്ങളും കടന്നു. ഇതാ മറെറാരു ശിശുജനനം വന്നുചേരുന്നു. വിവാഹത്തിന്റെ ഭാവി പല സുഖശാഖകളിലേക്കു തിരിയുന്നു.

വിവാഹകർമ്മംകൊണ്ടു നാം സുഖശൈലത്തിന്റെ ഉപരിതലത്തിൽ എത്തി എന്നു വിശ്വസിക്കുന്നു. അവിടെനിന്നു സുഖമായ അവരോഹണം ശ്രമവിഹീനമെന്നും എണ്ണുന്നു. പ്രണയപ്രാർത്ഥന കഴിഞ്ഞു എന്നേ വിചാരിക്കേണ്ടതുള്ളൂ. സ്വഭാവവൈജാത്യമുള്ളവരിൽ പ്രണയബീജം അവാപം ചെയ്യുന്നതും അതിനെ കരസ്ഥമാക്കുന്നതും വിഷമമേറിയ കർമ്മം തന്നെയാണ്. പക്ഷെ പ്രണയത്തെ കാത്തു രക്ഷിക്കുന്നതും ഒട്ടും അപ്രധാനമല്ല. അതിന് രണ്ടുപേർക്കും നന്മനസ്സും ദയയും ആവശ്യമാണ്. പരമാർത്ഥപ്രണയകഥ വിവാഹം കഴിഞ്ഞാണു സമാരംഭിക്കുന്നതു്. അവിടെ ഔദാര്യവും വിവേകവും കൂടി സുന്ദരമായ ഒരു സംഗ്രാമം നടത്തുന്ന രംഗം ദമ്പതിമാർക്കു കാണാം. ഈ പരിണാമം ജീവിതാവധി

28 SEP 1932

നടക്കുന്നുണ്ടെങ്കിലും വിജയം സംപ്രാപ്തമല്ല. അദ്വൈത ആ മാതൃകയിൽ മനുഷ്യർ എത്തുകയില്ല. അവർ ഒന്നാകുന്നതിനു പകരം എന്നും രണ്ടായിത്തന്നെ ഇരിക്കുന്നു എന്ന പരമാർത്ഥം ഈ സംഗതിയെ തെളിയിക്കുന്നു.

സാഹിത്യശ്രമം, ഗ്രന്ഥനിർമ്മാണം, ശാസ്ത്രഗവേഷണം, ധനസമ്പാദനം, ദേശാടനം എന്നു തുടങ്ങി പലതും രസമായ തൊഴിൽ തന്നെ. ഇവ ഒന്നും നിശ്ചയാന്തങ്ങളല്ല. ഏതു കാലത്തും നാം വിദ്യാർത്ഥിയായിരുന്നാലും നാം ഇച്ഛിക്കുന്ന വിദ്യാതത്വം നമുക്കു സ്വാധീനമാകയില്ല. നമ്മുടെ മനോരാജ്യത്തിനു യോജിച്ച പ്രതിമ ഇതുവരെ നാം നിർമ്മിച്ചില്ല. നാം ഒരു ഭൂഖണ്ഡം കണ്ടെത്തുകയൊ, ഒരു പർവ്വതത്തെ അധിരോഹണം ചെയ്കയൊ ഉണ്ടായി. പക്ഷെ അതൊരു സമുദ്രത്തെയൊ സമതലത്തെയൊ കാണുന്ന ഘട്ടമായിരിക്കും. അനന്തബ്രഹ്മാണ്ഡത്തിൽ നമ്മുടെ സങ്കല്പവേഗത്തിനും സ്ഥാനമുണ്ട്. അതു വ്യാസന്റെ ഭാരതമല്ല. അതിന്റെ അന്തം വരെ വായിക്കാം. ബ്രഹ്മാണ്ഡത്തിന്റെ മൂലയിലുള്ള ഒരു ചെറിയ ഉദ്യാനത്തിലൊ, ഒരു ചെറിയ ഗ്രാമത്തിലൊ ജീവിതകാലം മുഴുവനും സഞ്ചരിച്ചാലും സദാ നമുക്കു നവീനങ്ങളായ പ്രകൃതിവിശേഷങ്ങളെ കണ്ടാനന്ദിക്കാം.

ഈ ലോകത്തിൽ ഒററ ആശ മാത്രമെ സാധിക്കാവുന്നതായിട്ടുള്ളു. പരിപൂർണ്ണമായി നമുക്കു പ്രാപിക്കാവുന്ന ആ ഒന്നു മരണം മാത്രമാണ്. പരിതസ്ഥിതികളുടെ വൈവിധ്യംകൊണ്ട് ആ സ്ഥാനം ആശാസ്യമാണോ എന്നു പറവാൻ ഒരുത്തനും തിരിച്ചുവരുന്നില്ല.

ഉത്സാഹശീലരും, അക്ഷീണരും ആയ മുൻഗാമികൾ വിശ്രമമെന്നതു് എന്തെന്നു പോലുമറിയാതെ സദാ മുന്നോട്ടുതന്നെ ഗതി തുടർന്ന വഴി ഒരു അസാധാരണ ചിത്രമായേ നാം ഗണിക്കുന്നുള്ളു. നാം ലക്ഷ്യസ്ഥാനത്തു് ഒരിക്കലും എത്തുകയില്ലെന്നുള്ളതു പരമാർത്ഥം തന്നെ. അങ്ങിനെ ഒരു സ്ഥാനം ഇല്ലെന്നു വിചാരിക്കുന്നതു് അധികം യുക്തമായിരിക്കും. നാം പല നൂററാണ്ടുകൾ ദീർഘായുസ്സായി കഴിച്ചുകൂട്ടുകയും ദേവതുല്യമായ ശക്തി നമുക്കുണ്ടായിരിക്കുകയും ചെയ്താൽ കൂടി അന്ത്യമായി നാം ഇച്ഛിച്ച സ്ഥലത്തിന്റെ അടുത്തെങ്ങും ചെന്നിട്ടില്ലെന്നു കാണാം. കർമ്മാധീനരായി മരണത്തോടടുക്കുന്ന ഹേ ജീവികളേ! നിങ്ങൾ എവിടെ പോകുന്നു എന്നു നിങ്ങൾ അറിയുന്നില്ല. അത്യുന്നതമായ ഒരു ഗിരിശൃംഗത്തിന്റെ മുകൾപരപ്പിൽ ഇതാ, ഇതാ എത്തിപ്പോയി എന്നു നിങ്ങൾ വിചാരിക്കുന്നു. അതു് അസ്തമയസൂര്യനിൽ നിന്നു് അല്പം അകന്നാണു സ്ഥിതിചെയ്യുന്നതു്. അവിടെ നിന്നാൽ ഗന്ധർവ്വനഗരം നമുക്കു കാണാം. നമ്മുടെ ശക്തി എന്തെന്നു നാം അറിയുന്നില്ല. ആശയോടുകൂടി മുന്നോട്ടു പ്രയാണം

ചെയ്യുന്നതു തന്നെയാണു് നമ്മുടെ കത്തവ്യം. ഫലമെന്തെങ്കിലുമാകട്ടെ. പരമാത്ഥവിജയം കമ്മാധീനമത്രെ.

"കമ്മണ്യേവാധികാരസ്തേ മാ ഫലേഷുകദാചന"

# വിദ്യാഭ്യാസത്തിൽ വ്യക്തിത്വത്തിനുള്ള സ്ഥാനം.

(വി. ശ്രീദേവിഅമ്മ എം. എ.)

പാഠശാലകൾ പരിഷ്കരിക്കുക, ബോധനരീതികൾ പുതുക്കുക, സാമാന്യജനതാമദ്ധ്യത്തിൽ വിജ്ഞാനം പ്രചരിപ്പിക്കുക മുതലായ വിഷയങ്ങളിൽ ശ്രദ്ധപതിഞ്ഞിരിക്കുന്ന ഇക്കാലത്തു വിദ്യാഭ്യാസത്തിൽ അന്തർഭവിച്ചിട്ടുള്ള പ്രധാനതത്വമെന്തെന്നു് ഒരു ചോദ്യം നമ്മോടുതന്നെ ചോദിക്കുക. ഇതിനു മറുപടിയായി വേറൊരു ചോദ്യം തന്നെ ചോദിക്കാവുന്നതാണു്. നമ്മെ അഭിമുഖീകരിക്കുന്ന വിഷമതകളോടു മല്ലിടുന്നതിനും സത്യവും ബഹുമാനവും കൂടികൊള്ളുന്നതെവിടെയെന്നു നിശ്ചയിക്കുന്നതിനും—അതായതു് ജീവിതതരണത്തിനു്—ആവശ്യമായ ആ ഏകഗുണമെന്തു്? അതു് സ്വഭാവം അല്ലെങ്കിൽ വ്യക്തിത്വമാണെന്നുള്ളതിനു സംശയമില്ല.

ഇന്നു് നമ്മുടെ സർവ്വകലാശാലാഗോപുരദ്വാരങ്ങൾ കടന്നു് അക്ഷേപാനർഹങ്ങളായ ഗുണഗണങ്ങളോടും പരിപൂർണ്ണമായ സൌകുമാര്യത്തോടും കൂടി യുവതീയുവാക്കന്മാർ പുറത്തുവരുന്നു. തന്നിമിത്തം യോഗ്യതയുടെ പരമകാഷ്ഠയിലെത്തിയോ എന്നുതന്നെ തോന്നിപ്പോകും. എന്നാൽ ബുദ്ധിസാമർത്ഥ്യത്തിന്റെ ഒരു പ്രധാനഘടകമായ സത്ബുദ്ധി അവരിൽനിന്നും അകലെയാണു് സ്ഥിതിചെയ്യുന്നതെന്നു പറയാതെതരമില്ല. നമ്മുടെ ആധുനികവിദ്യാഭ്യാസം സ്വഭാവവ്യത്യാസങ്ങളെ അടിച്ചുടച്ചു് ഒരേനിരപ്പിലാക്കിയിരിക്കുന്നു. ഈ പ്രവൃത്തികൊണ്ടു് മനുഷ്യന്റെ ഏററവും വിലയേറിയ സമ്പാദ്യത്തെ—വ്യക്തിത്വത്തെ—മുളയിൽ വച്ചുതന്നെ നുള്ളിക്കളഞ്ഞിരിക്കുന്നു.

വ്യക്തിത്വം എന്നുപറയുന്നതു് എന്താണു്? അതു് ഒരുവന്റെ പ്രത്യേകസ്വഭാവമാണു്. ഒരു വ്യക്തി പരമാത്ഥിയായിരിക്കും. അയാളുടെ പ്രമാണങ്ങൾ സ്വന്തമായിരിക്കും. അവയനുസരിച്ചു് അയാൾ ജീവി

ക്കുകയും ചെയ്യും. അയാൾ മററു വ്യക്തികളുടെ ഒരു പകപ്പല്ല. പാഠശാലകൾ ഈ ഗുണത്തെ നിഹനിച്ചിട്ടുള്ളതുകൊണ്ട്, കൊല്ലന്തോറും ഒരേ തരത്തിലുള്ള കച്ചവടസാമാനങ്ങൾ വാർത്തുവിടുന്ന ഒരു ഭയങ്കരയന്ത്രമാണ് വിദ്യാഭ്യാസം എന്ന ആക്ഷേപത്തിന് കാരണമായി തീർന്നിരിക്കുന്നു. പണ്ട് സമുദായം വ്യക്തിയോട് അസൂയ പ്രദർശിപ്പിച്ചിരുന്നു. മനുഷ്യൻ പക്ഷെ ഒരു യാഥാസ്ഥിതിക ജീവിയായിരിക്കാം. സാധാരണയല്ലാത്തവയോട് സഹിഷ്ണുത പ്രദർശിപ്പിക്കുവാൻ അയാൾക്ക് സാദ്ധ്യമല്ലായിരിക്കാം. യുവജനങ്ങളുടെ മനസ്സിനെ "മലീമസമാക്കിയ" ആശയങ്ങൾ അസഹനീയങ്ങളെന്നു തോന്നിയതുകൊണ്ട് സാക്രട്ടീസ്സിനെ അക്കാലത്തുള്ളവർ വിഷം കൊടുത്തു കൊന്നു. ഒരു മഹാപുരുഷനായിരുന്ന ക്രിസ്തുവിനെ കുരിശിൽ തറച്ചു. പ്രവാചകന്മാരെ അവരുടെ കാലത്ത് ബഹുമാനിച്ചിരുന്നില്ല. അതിനുള്ള കാരണം അവർ സാധാരണത്വത്തിൽ നിന്നു ഭിന്നങ്ങളായവയുടെ പ്രതിനിധികളായിരുന്നു എന്നുള്ളതാണ്.

എങ്കിലും സമുദായത്തിന് അതിപ്രയോജനകരമായിട്ടുള്ളത് വ്യക്തിത്വമാണ്. ഒരു ദേശക്കാർ എല്ലാവരും ഒരേ രീതിയിൽ സാമർത്ഥ്യമുള്ളവരാണെങ്കിൽ ഒരാൾക്ക് മററുള്ളവരെ സേവിക്കുവാൻ സാദ്ധ്യമല്ല. പരിഷ്കാരം അടിയുറപ്പിച്ചിരിക്കുന്ന പ്രയത്നവിഭജനതത്വത്തിനും ഒരന്തമുണ്ട്. അതിനാൽ സമുദായത്തിന്റെ അസഹിഷ്ണുതനയം വധതുല്യമാണ്. അത് പ്രകൃതിവിരുദ്ധവുമത്രെ. സ്വഭാവവൈവിദ്ധ്യം ഭൂഷണത്വം മാത്രമല്ല. സ്ത്രീപുരുഷസ്വഭാവങ്ങൾ, അഹർന്നിശം, ഒന്നിനൊന്നു മാറിവരുന്ന കാലങ്ങൾ, മുതലായവ പരസ്പരബന്ധമുള്ളവയാണ്. പ്രാതികൂല്യശക്തികളുടെ സമീകരണത്തിലാണ് ലോകം അടിയുറപ്പിച്ചിട്ടുള്ളത്.

ഇങ്ങിനെയുള്ള വ്യത്യാസങ്ങൾ മനുഷ്യരിലും സംരക്ഷിക്കുന്നത് ഉത്തമമാണ്. പ്രകൃതി നമുക്ക് നൽകിയിട്ടുള്ള സമ്പാദ്യത്തെ—ഗുണഗണത്തെ—ഉൽകൃഷ്ടഫലങ്ങൾ ലഭിക്കത്തക്കവണ്ണം നാം വിനിയോഗിക്കണം. ഒരു മനുഷ്യന് അതിയായ കവിതാവാസന ഉണ്ടായിരിക്കാം. എന്നാൽ ഒരു കവിതപോലും രചിക്കുന്നതിനുമുമ്പ് കവിതാസങ്കല്പഗിരിയുടെ ശിഖരങ്ങളെ നിരത്തിക്കളഞ്ഞാൽ അയാൾ ഒരു കവിയായിത്തീരുകയില്ല. ഇതുതന്നെയാണ് വിദ്യാഭ്യാസത്തിലും സംഭവിക്കുന്നത്. നാം കുട്ടികളെ പണ്ഡിതന്മാരാക്കുന്നതിൽ ഉൽകണ്ഠിതരായിരിക്കുന്നതു കൊണ്ട് പ്രകൃതി അവരെക്കൊണ്ടുദ്ദേശിക്കുന്നതിനെ നാം വിഗണിക്കുന്നു. കല അതിവിസ്തൃതവും ജീവിതം പരിമിതവും ആണ്. വളരെ പഠിക്കുവാനുള്ളതുകൊണ്ട് സമയം വൃഥാ ചിലവാക്കുവാൻ തരമില്ല. പഠിത്തം ഉടനെ ആരംഭിക്കണം. അതിനാൽ യുവഹൃദയം വികസിക്കുന്നതിനു മുമ്പ് നാം അതിനെ കഴിഞ്ഞ കാലങ്ങളിൽ സംഭരിച്ചുവച്ചിട്ടുള്ള ആശയങ്ങൾ കൊണ്ട് നിറയ്ക്കുന്നു. നാം

ഒരു പണ്ഡിതനെ സൃഷ്ടിക്കുന്നു; പക്ഷെ അയാളിലുള്ള വ്യക്തിത്വം നശിച്ചുപോകുന്നു.

വിദ്യാഭ്യാസത്തിൻെറ പ്രധാന ചുമതല ഒരോരുത്തനേയും അവനവനിഷ്ടമുള്ള വിധത്തിൽ വളരുവാൻ അനുവദിക്കുകയാകുന്നു. അതിന് ജ്ഞാനദാതാവ് പിന്നോട്ടു മാറി ജ്ഞാനഗ്രഹിതാവിന് വളരുവാനുള്ള സ്വാതന്ത്ര്യം അനുവദിക്കണം.

യാന്ത്രികരീതിയിലുള്ള അനുസരണം കുട്ടികളിൽ നിന്നും ഇഛിക്കരുത് ക്ലാസ്സുകളായി അവരെ കൂട്ടിയിരുത്തുക, സമയവിവരപ്പട്ടികയുമായി ബന്ധിക്കുക മുതലായ നിയമനതന്ത്രങ്ങളെ ഉപേക്ഷിക്കണം. ഇവ ബാല്യത്തിലും യൌവനത്തിലും ആപൽഹേതുകങ്ങളാണ്. മനസ്സ് ഏത്രയും മൃദുലമായിരിക്കുന്നതുകൊണ്ട് തുടർച്ചയായുള്ള പ്രതിഘാതങ്ങൾ വ്യക്തിത്വത്തെ നശിപ്പിക്കുന്നതാണ്. പ്രായമായ ഒരാൾക്ക് സ്വന്തം അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതിനും ജീവിതരീതി നിശ്ചയിക്കുന്നതിനും ബുദ്ധിപരമായ സ്വാതന്ത്ര്യം ആവശ്യമാകുന്നു. ഈ സ്വാതന്ത്ര്യം അനുവദിച്ചില്ലെങ്കിൽ അയാൾ പരാജിതനാകും. "സ്വകീയമായ ഒരു പ്രവൃത്തിയെ മർദ്ദിക്കുന്നതുകൊണ്ടുണ്ടാകുന്ന ആപത്തുകൾ എന്തെന്ന് നമുക്കറിഞ്ഞുകൂടാ. ഒരു പക്ഷെ ജീവനെ ശ്വാസം മുട്ടിച്ചു കൊല്ലുകയായിരിക്കും" എന്നാണ് മോണ്ടിസോറി അഭിപ്രായപ്പെടുന്നത്.

അഭ്യസനനിരീക്ഷണശാലകൾ നൾകി പയ്യാലോചനാക്ഷണാന്തരീക്ഷം ഉണ്ടാക്കുകയായിരിക്കും ബുദ്ധിപൂർവകമായ ഒരു മാർഗ്ഗം. അദ്ധ്യാപകന്മാർ ഒഴിഞ്ഞുനിന്ന് ആവശ്യമുള്ളപ്പോൾ സഹായിക്ക മാത്രം ചെയ്യണം. വിദ്യാർത്ഥികളെ സ്വതന്ത്രരായി വിടണം. വളർച്ചക്കുള്ള സ്വാതന്ത്ര്യം എന്ന ജീവശ്ശാസ്ത്രനിയമം സ്വീകരിച്ചുകഴിഞ്ഞാൽ വിദ്യാഭ്യാസത്തിൻെറ ചുമതലയുവഹൃദയത്തെ ജ്ഞാനസ്വീകരണത്തിന് സജ്ജമാക്കുകയാകുന്നു. വിദ്യാഭ്യാസം കുട്ടികൾക്കാണെന്നും കുട്ടികൾ വിദ്യാഭ്യാസത്തിനല്ലെന്നും ഉള്ള ഒരു ത്യാഗം നാം സഹിക്കണം. ഓരോരുത്തരുടേയും ബുദ്ധിപരമായ നിലയെന്തെന്ന് നിശ്ചയിക്കണം. പ്രത്യേകസാമർത്ഥ്യത്തെ കഴിവുള്ളിടത്തോളം പോഷിപ്പിക്കണം. എന്നാൽ മാത്രമെ പ്രകൃതിദത്തമായ മൂലധനത്തെ ശരിയായി വിനിയോഗിച്ചു എന്നു വിചാരിക്കാവൂ. പ്രത്യേകവാസനകൾ അറിഞ്ഞു് അവയുമായി അടുക്കേണ്ട മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം. ജ്ഞാനപദ്ധതികൾ തമ്മിൽ സാദൃശ്യമുള്ളതുകൊണ്ട് ഒന്ന് മറെറാന്നിൻെറ സഹായംകൊണ്ടു പഠിപ്പിക്കണം. കണക്കുതന്നെ, കവിത, സംഗീതം, പ്രകൃതിയിലുള്ള വസ്തുക്കൾ മുതലായവ മുഖേന പഠിപ്പിക്കാമല്ലൊ.

വിദ്യാഭ്യാസാരംഭകാലത്തു് വിദ്യാർത്ഥികളിൽ കാണുന്ന ഗ്രന്ഥ

ജ്ഞാനസമ്പത്തിന്റെ കുറവുകൊണ്ട് നാം അക്ഷമരാകരുത്. വിനോദങ്ങളിൽ നിന്നും മന്ദസ്മിതവദനരായ കുട്ടികളെ അകററി, ഭിത്തികൾക്കുള്ളിലടച്ച്, പുസ്തകങ്ങളും പെൻസിലുമായി ബന്ധിക്കുന്നതിന് പാഠശാലകൾ ഉൽകണ്ഠ പ്രദർശിപ്പിക്കുന്നു. ബുദ്ധികൊണ്ടുള്ള അനുഭവത്തിൽ നിന്നും ചില ആശയങ്ങൾ നേടാതേയും മുദുളങ്ങളായ സിരകൾക്ക് സമീകരണം ലഭിക്കാതേയും കുട്ടികളെ എഴുതുവാനും പഠിക്കുവാനും നിർബന്ധിതരാക്കുന്നു. കുട്ടികൾക്ക് എട്ടോ ഒമ്പതോ വയസ്സാകുന്നതുവരെ ഇത്തരത്തിലുള്ള അഭ്യസനം സമുദായം തന്നെ നിറുത്തിവയ്ക്കാതെ ഈ പദ്ധതിയെ നശിപ്പിക്കുവാൻ സാധിക്കുന്നതല്ല. ഓരോ വ്യക്തിയുടേയും സാമർത്ഥ്യത്തെ കണ്ടുപിടിച്ചിട്ടില്ലായിരിക്കും; ഇന്ദ്രിയങ്ങൾക്കും ധാരണാശക്തിക്കും ചെറുപ്പത്തിൽ തന്നെ ജോലി കൊടുക്കുന്നതുകൊണ്ട് പൂർണ്ണമായി വികസിക്കുന്നില്ല. വിദ്യാഭ്യാസം വ്യക്തിത്വത്തെ നശിപ്പിച്ചിരിക്കും.

ഇപ്പോൾ വായനയും എഴുത്തും മാത്രം വിദ്യാഭ്യാസമാർഗ്ഗങ്ങളല്ലാത്തതു കൊണ്ട് മുൻപറഞ്ഞ പദ്ധതികൊണ്ട് ദോഷമുണ്ടാകുവാനില്ല. കൌതുകാവഹങ്ങളായ സ്ഥലങ്ങളിലേക്ക് ഇക്കാലത്ത് കുട്ടികളെ എളുപ്പത്തിൽ കൊണ്ടുപോകാം. അവിടം ചരിത്രം, ഭൂമിശാസ്ത്രം, മററുശാസ്ത്രങ്ങൾ എന്നിവ ഘടനയോജിക്കുന്നക്രമത്തിന് പഠിപ്പിക്കാവുന്നതുമാണല്ലോ. അവിടെ ധാരാളം കാണുന്നതിനും കേൾക്കുന്നതിനും സൌകര്യമുണ്ട്. തോട്ടങ്ങൾ ഉണ്ടാക്കുക, ചിത്രങ്ങൾ വരക്കുക മുതലായവ മുഖേന കുട്ടികളെ വളരെ പഠിപ്പിക്കാം. വിഷമകരമായ എഴുത്തും വായനയും മാത്രം സാവധാനത്തിലായാൽ മതി. കലാപരമായ ചിത്രനിർമ്മാണത്തിന് വ്യക്തിത്വത്തെ പോഷിപ്പിക്കുവാൻ കഴിയും. കല എന്നുപറയുന്നതുതന്നെ മനുഷ്യന്റെ വ്യക്തിത്വത്തിന്റെ പ്രകടനമാണ്. ചിത്രരചനയിൽ സ്വാതന്ത്ര്യം നല്കിയാൽ പൂർണ്ണഫലം ഉണ്ടാവുന്നതാണ്.

മാറ്റങ്ങളെ എളുപ്പത്തിൽ സ്വീകരിക്കുന്നു. ജനനസമയം മുതല്ക്കുതന്നെ നാം വ്യക്തികളാണെന്നും ഈ വ്യക്തിത്വത്തെ ഏതു നിലയിലും സംരക്ഷിക്കേണ്ടതാണെന്നും ആണ് നാം മനസ്സിലാക്കേണ്ടതു്. വിദ്യാഭ്യാസം എന്നു പറഞ്ഞാൽ വ്യക്തിത്വത്തെ വികസിപ്പിക്കയാണെന്നും പുസ്തകങ്ങൾ കാണാപ്പാഠം പഠിച്ച് അറിവു സംഭരിക്കുകയല്ലെന്നും നാം ധരിക്കണം.

# എളമ്പ്രക്കോട്ടമഠത്തിൽ ക്ഷേത്രം.

(കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി)

ഈ ഭദ്രകാളിക്ഷേത്രം സ്ഥിതിചെയ്യുന്നതു് തിരുവിതാംകൂർ സംസ്ഥാനത്തു കോട്ടയം താലൂക്കിൽ ചേന്ന കിളിരൂർ ദേശത്താണു്. ഈ ക്ഷേത്രത്തിന്റെ ചരിത്രം താഴെ വിവരിക്കുന്നു.

കേരളചക്രവൎത്തികളായിരുന്ന പെരുമാക്കന്മാരുടെ കാലത്തിനു ശേഷം ഇപ്പോൾ തിരുവിതാംകൂർ എന്നു പറഞ്ഞുവരുന്ന രാജ്യം തെക്കുംകൂർ, വടക്കുംകൂർ, ചെമ്പകശ്ശേരി (ആലപ്പുഴ), കായംകുളം, ദേശിങ്ങനാട്ട് (കൊല്ലം), കൊട്ടാരക്കര ഇങ്ങനെ പല രാജ്യങ്ങളായി തീൎന്നിരുന്നു. അക്കാലത്തു് ആ രാജ്യങ്ങൾ ഭരിച്ചിരുന്ന രാജാക്കന്മാർ തമ്മിൽ ഓരോ കാരണവശാൽ കൂടക്കൂടെ യുദ്ധങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയും സാധാരണമായിരുന്നു. അതിനാൽ ആ രാജാക്കന്മാരുടെ കല്പനപ്രകാരം ദേശംതോറും കളരികൾ കെട്ടി നായന്മാരെല്ലാവരും ആയോധനവിദ്യ അഭ്യസിക്കുക പതിവായിരുന്നു. ആ വിദ്യ അഭ്യസിപ്പിക്കുന്നതിനു് ഗുരുസ്ഥാനം വഹിച്ചിരുന്നതു പ്രായേണ അതാതു ദേശങ്ങളിൽ പ്രധാനന്മാരായ നായന്മാർ തന്നെയായിരുന്നു. അവർ മംഗലാപുരം, കോഴിക്കോട്ട് മുതലായ ദേശങ്ങളിൽ ചെന്നു ചില യുദ്ധവിദഗ്ദ്ധന്മാരുടെ അടുക്കൽ പഠിച്ചു നൈപുണ്യം സമ്പാദിച്ചുംകൊണ്ടു് ഇവിടെ വന്നാണു അഭ്യസിപ്പിച്ചിരുന്നതു്. അങ്ങിനെ യുദ്ധമഭ്യസിക്കുന്ന കരകളിൽ അവരുടെ പരദേവതയായി ഓരോ മൂൎത്തികളെ പ്രതിഷ്ഠിച്ചു് പതിവായി പൂജിച്ചു വന്ദിക്കുകയും ചെയ്തിരുന്നു. ആ മൂൎത്തികൾ അവരവരുടെ ഇഷ്ടംപോലെ ഭദ്രകാളിയോ ശാസ്താവോ വേട്ടയ്ക്കൊരുമകനോ മറ്റോ ആയിരിക്കും. മൂൎത്തി എതായാലും അതിനെ പൂജിക്കുന്നതു് അതാതു കളരിയിലെ ആശാന്മാർ തന്നെയാണു പതിവു്. ഇപ്രകാരം അക്കാലത്തു് തെക്കുംകൂർ രാജ്യത്തുൾപ്പെട്ടിരുന്ന കിളിരൂർ ദേശക്കാർ അവരുടെ കളരിയിൽ പ്രതിഷ്ഠിച്ചിരുന്നതു് ഭദ്രകാളിയെയായിരുന്നു. തെക്കുംകൂർ മുതലായ രാജ്യങ്ങളെല്ലാം തിരുവിതാംകൂറിൽ ചേരുകയും തിരുവിതാംകൂർ രാജ്യം ബ്രിട്ടീഷുഗവൎമ്മെണ്ടിന്റെ കീഴിലാവുകയും ചെയ്തതിനോടുകൂടി ചെറിയ രാജാക്കന്മാർ തമ്മിലുള്ള യുദ്ധങ്ങളവസാനിക്കുകയും ചെയ്തു. അപ്പോൾ കളരികളിലെ അഭ്യാസവും നിലച്ചു. കളരിപ്പരദേവതകൾക്കു് പൂജയുമില്ലാതെയായി. കിളിരൂർ ദേശക്കാർ അവരുടെ കളരിയിൽ പ്രതിഷ്ഠിച്ചിരുന്നതു് അത്യുഗ്രമൂൎത്തിയായ ഭദ്രകാളിയെ ആയിരുന്നുവല്ലോ. പൂജ മുടങ്ങിയപ്പോൾ ആ ദേവിയുടെ കോപം നിമിത്തം ആ ദേശ

ക്കാക്ക് ചില ദോഷങ്ങൾ കണ്ടുതുടങ്ങി. "ദേവീപ്രസാദേന നല്ലതും വന്നീടും ദേവീപ്രകോപേന നാശവും വന്നീടും" എന്നുണ്ടല്ലോ.

ദോഷങ്ങൾ കണ്ടുതുടങ്ങിയപ്പോൾ അതിൻെറ കാരണമറിവാൻ ആ ദേശക്കാർ പ്രശ്നം വയ്പിച്ചുനോക്കിക്കുകയും കളരിപ്പരദേവതയായ ദേവിയുടെ പൂജ മുട്ടിച്ചതിനാൽ ആ ദേവിക്കുണ്ടായിട്ടുള്ള കോപംകൊണ്ടാണെന്നു പ്രശ്നക്കാരൻ വിധിക്കുകയും ചെയ്തു. അതിനാൽ പതിവായി പൂജ നടത്തത്തക്കവണ്ണം കളരിയോടുകൂടി ഈ ഭഗവതിയെ ബ്രാഹ്മണക്കാക്കെങ്കിലും കൊടുക്കണമെന്നു ദേശക്കാർ നിശ്ചയിച്ചു.

പണ്ടൊരു ചേരമാൻപെരുമാൾ കിളിരൂർ ദേശത്തു് താമസിച്ചിരുന്നു. അദ്ദേഹം ബുദ്ധമതക്കാരനായിരുന്നു. അതിനാൽ മലയാളബ്രാഹ്മണരാരും കിളിരൂർ ദേശത്തു കയറാതെയായി. തന്നിമിത്തം ഈ ഭഗവതിയെ ഏററുവാങ്ങി പൂജ നടത്താൻ തിരുവിതാംകൂറിലുള്ള മലയാളബ്രാഹ്മണരാരും വഴിപ്പെട്ടില്ല. അതുകൊണ്ട് കിളിരൂർ ദേശക്കാർ അടുത്ത കരയായ തിരുവാപ്പിൽ കൃഷ്ണസ്വാമിക്ഷേത്രത്തിൽ ശ്രീകാര്യക്കാരനായി താമസിച്ചിരുന്ന ബ്രിട്ടീഷുമലബാർകാരനും "എളമ്പ്രക്കോട്ട്" എന്ന ഇല്ലപ്പേരുമായ ഒരു നമ്പൂരിക്ക് ആ കളരിയും ഭഗവതിയേയും പതിവായി നിവേദ്യത്തിനും പൂജ നടത്തുന്നതിനും വേണ്ടുന്ന മുതലോടുകൂടി കൊടുത്തു. ആ നമ്പൂരി ദേശക്കാരുടെ സഹായത്തോടുകൂടി കളരിയുടെ ഒരു ഭാഗത്തു് ഒരു ശ്രീകോവിലും രണ്ടു വലിയമ്പലവും ഒരു തിടപ്പള്ളിയും ശ്രീകോവിൽ മുതൽ വലിയമ്പലം വരെ ഒരു നടപ്പുരയുമായി ഒരു ക്ഷേത്രം പണി കഴിപ്പിക്കുകയും തിരുവാപ്പിൽ കൃഷ്ണസ്വാമിക്ഷേത്രത്തിലെ തന്ത്രിയായ മററപ്പിള്ളി നമ്പൂരിപ്പാടിനെക്കൊണ്ടു ഭഗവതിയെ ആ ശ്രീകോവിലിലേയ്ക്കു മാററി പ്രതിഷ്ഠിപ്പിക്കുകയും കളരിയുടെ ശേഷമുണ്ടായിരുന്ന സ്ഥലത്തു് ഒരു മഠംപണിയിച്ചു നമ്പൂരി തൻെറ താമസം ആ മഠത്തിലാക്കുകയും ചെയ്തു. ഭഗവതിയുടെ ക്ഷേത്രം എളമ്പ്രക്കോട്ടു നമ്പൂരി പണിയിച്ചതും അദ്ദേഹത്തിൻെറ അധികാരത്തിലുൾപ്പെട്ടതുമായതിനാൽ അതിന് "എളമ്പ്രക്കോട്ടു ക്ഷേത്ര"മെന്നും നമ്പൂരിയുടെ മഠത്തോടു ചേർന്നതായതുകൊണ്ടു "മഠത്തിലമ്പലം" എന്നും പേരുകൾ സിദ്ധിച്ചു. അങ്ങനെ രണ്ടു വിധത്തിലും ജനങ്ങൾ പറഞ്ഞുതുടങ്ങുകയും ചെയ്തു. ഭഗവതിക്കു പതിവായി നിവേദ്യത്തിന് ഇരുനാഴി (അരേഅരയ്ക്കാലിടങ്ങഴി) അരി എന്നു നിശ്ചയിക്കുകയും ശാന്തി ആ നമ്പൂരിതന്നെ നടത്തിത്തുടങ്ങുകയും ചെയ്തു.

ഇങ്ങനെയൊക്കെയായപ്പോൾ പതിവായി നിവേദ്യത്തിനു വേണ്ടുന്ന അരിയും വിറകും പൂജയ്ക്കുവേണ്ടുന്ന പൂവും മററും വട്ടംകൂട്ടി കൊടുക്കുന്നതിനും അമ്പലം അടിച്ചുതളിക്കുന്നതിനും ഒരാൾ വേണ്ടതായി വന്നു. അ

തിനാൽ നമ്പൂരി അവിടെ അടുത്തുതന്നെയുള്ള ഒരു നായർഗൃഹത്തിലെ ഒരു സ്ത്രീയെ സംബന്ധം ചെയ്തു ഭാര്യയാക്കുകയും അവരെ മേല്പറഞ്ഞ ജോലികൾക്കെല്ലാം ചുമതലപ്പെടുത്തുകയും അരിക്കു വേണ്ടുന്ന നെല്ല് അവരെ ഏല്പിക്കുകയും അവരുടെ ജോലികൾക്കു പ്രതിഫലമായി പതിവുള്ള നിവേദ്യച്ചോറ് അവർക്കു കൊടുത്തുതുടങ്ങുകയും ചെയ്തു. നമ്പൂരി പതിവായി ഭക്ഷണം കഴിച്ചിരുന്നതു മഠത്തിൽ സ്വയം പാകംചെയ്തുതന്നെ ആയിരുന്നു. അതിനും വേണ്ടതൊക്കെ വട്ടംകൂട്ടി കൊടുത്തിരുന്നത് ആ ഭാര്യാഗൃഹക്കാർ തന്നെയായിരുന്നു. അതിനും വേണ്ടുന്ന മുതൽ നമ്പൂരി കൊടുത്തിരുന്നു. ഇങ്ങനെയൊക്കെ ആയപ്പോഴെയ്ക്കും ആ നായർവീട്ടുകാരേയും ജനങ്ങൾ "എളമ്പ്രക്കോട്ട" വീട്ടുകാർ എന്നു പറഞ്ഞുതുടങ്ങി. കാലക്രമേണ ആ പേരു സ്ഥിരപ്പെടുകയും ചെയ്തു. ആ വീട്ടുകാർ പിന്നെ ക്രമേണ ആ നമ്പൂരിയെ തങ്ങളുടെ നമ്പിക്കൂറായി വിചാരിക്കുകയും ആചരിക്കുകയും ചെയ്തുതുടങ്ങി. കല്യാണം മുതലായ അടിയന്തിരങ്ങളുണ്ടാകുമ്പോൾ അവർ നമ്പൂരിയുടെ മുൻപിൽ നെയ്ക്കററി വെച്ച് അടിയന്തിരമറിയിക്കുകയും നമ്പൂരി അവർക്കു സംഭാവനയായി കുറേശ്ശെ പണം കൊടുക്കുകയും പതിവായി. നമ്പൂരി ഭാര്യയ്ക്ക് ആവശ്യമുള്ള എണ്ണയും വസ്ത്രവും മററും കൂടാതെ ഓണം, വിഷു, തിരുവാതിര മുതലായ വിശേഷങ്ങൾക്കും കുറേശ്ശെ പണം കൊടുക്കുകയും അവർക്കു കൊടുക്കുന്നതിനെല്ലാം അദ്ദേഹം ശരിയായി കണക്കെഴുതി സൂക്ഷിക്കുകയും ചെയ്തിരുന്നു.

ഇങ്ങനെയൊക്കെയായെങ്കിലും നമ്പൂരി തിരുവാപ്പിൽ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലെ ശ്രീകാര്യക്കാരനെന്നുള്ള സ്ഥാനം വേണ്ടെന്നുവച്ചില്ല. ആ ക്ഷേത്രം സ്ഥാപിച്ച വില്വമംഗലത്തു സ്വാമിയാരുടെ ഒരു സേവകനായിരുന്നു ഈ നമ്പൂരി. ഇദ്ദേഹത്തെ ശ്രീകാര്യക്കാരനായി നിയമിച്ചതും ആ സ്വാമിയാരായിരുന്നു. സ്വാമിയാർ ക്ഷേത്രം സ്ഥാപിച്ചതിന്റെ ശേഷം ക്ഷേത്രകാര്യങ്ങളൊക്കെ നേരുനീക്കം വരാതെ ശരിയായി നടത്തുന്നതിനു തിരുവാപ്പിൽ സ്വാമിയാരെ ഏല്പിച്ചിട്ടാണ് ഇവിടെനിന്നു പോയതു്. തിരുവാപ്പിൽ സ്വാമിയാർ ദേവസ്വകാര്യങ്ങൾ ശരിയായി നടത്താതെയിരുന്നുവെങ്കിലോ എന്നു വിചാരിച്ചാണ് മേൽവിചാരത്തിലായി വില്വമംഗലത്തു സ്വാമിയാർ ഈ ശ്രീകാര്യക്കാരനെക്കൂടി നിയമിച്ചയച്ചതു്. എളമ്പ്രക്കോട്ടനമ്പൂരി വലിയ ജന്മിയായിരുന്നു. അദ്ദേഹത്തിന് കോട്ടയം താലൂക്കിൽ തന്നെ "എളമ്പള്ളി" എന്ന ദേശത്തു ചേരിക്കലായും മററും വളരെ വസ്തുക്കളുണ്ടായിരുന്നു. അതിനാൽ അദ്ദേഹത്തിനു ചില കാര്യങ്ങൾക്കായി കൂടക്കൂടെ കോട്ടയത്തു വരേണ്ടതായുമിരുന്നു. അതുകൊണ്ടുകൂടിയാണ് അദ്ദേഹം ഈ ശ്രീകാര്യസ്ഥാനം സസന്തോഷം സ്വീകരിച്ചതു്.

അങ്ങിനെ ആ നമ്പൂരി തിരുവാർപ്പിൽ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലെ ശ്രീകാൎയ്യക്കാരനായും ഏളമ്പ്രക്കോട്ടുഭഗവതിയുടെ ഉടമസ്ഥനായും ഏതാനുംകാലം താമസിച്ചപ്പോഴയ്ക്കും അദ്ദേഹത്തിന്റെ ഇല്ലത്തുണ്ടായിരുന്നവരെല്ലാം കഴിഞ്ഞു് അദ്ദേഹം ഏകനായിത്തീൎന്നു. അങ്ങിനെ കുറച്ചുകാലം കഴിഞ്ഞതിന്റെ ശേഷം ആ നമ്പൂരി അദ്ദേഹത്തിനു തിരുവിതാംകൂറിലുണ്ടായിരുന്ന സകല വസ്തുവകകളും തിരുവാർപ്പിൽ ശ്രീകൃഷ്ണസ്വാമിക്ക് തൃപ്പടിദാനമായി വിട്ടൊഴിഞ്ഞിരിക്കുന്നു എന്നും എന്നാൽ താൻ തന്റെ ഭാൎയ്യാഗൃഹക്കാൎക്കു കൊടുത്തുവന്നിരുന്നതെല്ലാം കണക്കുപ്രകാരം ദേവസ്വത്തിൽനിന്നു് എന്നും അവൎക്കു കൊടുക്കണമെന്നു് അപേക്ഷിക്കുന്നു എന്നും ഒരു പ്രമാണം എഴുതിയുണ്ടാക്കി ഒപ്പുമിട്ടു് ഒരു ദിവസം തിരുവാർപ്പിൽ കൊണ്ടുപോയി കണക്കുകളോടുകൂടി ശ്രീകോവിലിന്റെ തൃപ്പടിയിന്മേൽ വച്ചു് തൊഴുകയും വിവരം ദേവസ്വക്കാരോടു പറയുകയും ചെയ്തതിന്റെ ശേഷം തിരിയെ സ്വന്തം മഠത്തിലെത്തി സ്വയം പാകംചെയ്തു അത്താഴം കഴിച്ചിട്ടു ഭാൎയ്യയോടു് "ഇനിമേലാൽ അടിയന്തിരം വല്ലതുമുണ്ടായാൽ തിരുവാർപ്പിൽ ശ്രീകൃഷ്ണസ്വാമിയുടെ നടയിൽ നൈക്കുററി വയ്ക്കുകയും ദേവസ്വക്കാരോടു വിവരം പറയുകയും ചെയ്താൽ മതി. പതിവുള്ളതു ദേവസ്വത്തിൽനിന്നും തരും" എന്നു പറഞ്ഞു. ഉടനെ അദ്ദേഹം കട്ടിലിൽ കയറിക്കിടക്കുകയും ഉൎദ്ധ്വശ്വാസം വലിച്ചു മരിക്കുകയും ഒരുമിച്ചു കഴിഞ്ഞു. ഒരു ദിവസമെങ്കിലും കിടപ്പായിപ്പോയാൽ വെള്ളമെങ്കിലും കൊടുക്കാൻ ആരുമില്ലാതെയിരുന്ന അദ്ദേഹം ഇങ്ങനെ അനായാസേന മരിച്ചതു വലിയ ഭാഗ്യംതന്നെ. എന്നു മാത്രമല്ല, അദ്ദേഹത്തിന്റെ അന്നത്തെ പ്രവൃത്തികളാകപ്പാടെ വിചാരിച്ചാൽ അദ്ദേഹം തന്റെ മരണത്തെക്കുറിച്ചു മുൻകൂട്ടി തീൎച്ചപ്പെടുത്തിയിരുന്ന ഒരു ദിവ്യനായിരുന്നു എന്നുകൂടി നിശ്ചയിക്കാം.

നമ്പൂരി മരിച്ചപ്പോൾ ഭഗവതിയുടെ പൂജ പിന്നെയും മുട്ടുകയും അദ്ദേഹത്തിന്റെ ഭാൎയ്യയ്ക്കു കിട്ടിവന്നിരുന്ന ചോറു കിട്ടാതെയാവുകയും ചെയ്തു. എന്നാൽ നമ്പൂരി ഭാൎയ്യയ്ക്കു പതിവായി കൊടുത്തിരുന്ന അരേഅരയ്ക്കാലിടങ്ങഴി ചോറ് പിറേറ ദിവസം മുതല്ക്കുതന്നെ തിരുവാർപ്പുദേവസ്വത്തിൽനിന്നും അവൎക്കു കൊടുത്തുതുടങ്ങി. അവൎക്കു് ഓണം, തിരുവാതിര, വിഷു മുതലായ വിശേഷങ്ങൾക്കു് പതിവുള്ള പണം കൊടുക്കുന്നതിലും ദേവസ്വക്കാർ അമാന്തം കാണിച്ചില്ല. അടിയന്തിരങ്ങളുണ്ടാകുമ്പോൾ ആ വീട്ടുകാർ ശ്രീകൃഷ്ണസ്വാമിയുടെ നടയിൽ നൈക്കുററി വയ്ക്കുകയും ദേവസ്വക്കാർ അവൎക്കു പണം കൊടുക്കുകയും പതിവായി. കൊല്ലം 987-ാമാണ്ടു് തിരുവാർപ്പുക്ഷേത്രം തിരുവിതാംകൂർ സൎക്കാരിൽ ചേൎത്ത കാലം മുതൽ ആ പതിവുകളൊക്കെ കുറേശ്ശെ ഭേദപ്പെട്ടുതുടങ്ങി. അടുത്ത കാലത്തുണ്ടാ

യ ദേവസ്വം പരിഷ്കാരത്തിൽ എളമ്പ്രക്കോട്ടുവീട്ടുകാക്ക് വിഷുക്കൈനീട്ട മൊഴിച്ച് ശേഷമുണ്ടായിരുന്ന പതിവുകളെല്ലാം നിറുത്തി. വിഷുക്കൈനീട്ടം ഇപ്പോഴും കൊടുത്തുവരുന്നുണ്ട്. അതു ദേവസ്വം കണക്കിൽ ചില വെഴുതുന്നത് "എളമ്പ്രക്കോട്ടച്ചിക്കു വിഷുക്കൈനീട്ടം പണം.. ..........." എന്നാണ്.

എളമ്പ്രക്കോട്ടുനമ്പൂരി തിരുവാപ്പുദേവസ്വത്തിലേയ്ക്കു വെച്ചൊഴിഞ്ഞ വസ്തുക്കൾ സക്കാരിൽനിന്ന് ആദ്യം ചിലരുടെ പേരിൽ വിരുത്തിയായും വിരുത്തിയേർപ്പാടു നിന്നപ്പോൾ പണ്ടാരപ്പാട്ടമായും പതിച്ചുകൊടുത്തു.

ഇതെല്ലാമിങ്ങനെയൊക്കെ ആയെങ്കിലും എളമ്പ്രക്കോട്ടു ഭഗവതിയുടെ ഗ്രഹപ്പിഴ ഇതൊന്നുകൊണ്ടും തീർന്നില്ല. എളമ്പ്രക്കോട്ടുനമ്പൂരി മരിച്ചപ്പോൾ ഭഗവതിയുടെ പൂജ മുട്ടി. പിന്നെ അവിടെ ആരും കയറാതെയുമായി. അങ്ങനെ അനാഥസ്ഥിതിയിൽ കുറച്ചുകാലം കഴിഞ്ഞപ്പോൾ ഭഗവതിയുടെ ബിംബം കൂടി കാണാതെയായി. അതു് എങ്ങിനെ കാണാതെപോയി എന്ന് ആക്കും നിശ്ചയമില്ല. അതിനെക്കുറിച്ച് ആരും അന്വേഷിച്ചുമില്ല. ആരന്വേഷിക്കുന്നു? എളമ്പ്രക്കോട്ടുക്ഷേത്രം ദേശക്കാർ എളമ്പ്രക്കോട്ടുനമ്പൂരിയ്ക്കു കൊടുത്തു. നമ്പൂരി അദ്ദേഹത്തിൻെറ സവ്വസ്വവും തിരുവാപ്പുദേവസ്വത്തിലേക്കും കൊടുത്തു. ആ ദേവസ്വം തിരുവിതാംകൂർസക്കാർ വകയുമായി. പിന്നെ ഇതിനെക്കുറിച്ചന്വേഷിക്കണമെങ്കിൽ സക്കാരിൽനിന്നും വേണമല്ലോ. സക്കാരിന് ഇതത്രവലിയ കാര്യമായി തോന്നിയില്ല.

എളമ്പ്രക്കോട്ടുഭഗവതിയുടെ ഗ്രഹപ്പിഴ ഇതുകൊണ്ടും അവസാനിച്ചില്ല. കൊടുണാറെന്നു കൂടി പേരുള്ള മീനച്ചിലാറിൻെറ ഒരു കൈവഴി കിളിരൂർദേശത്തുകൂടി പടിഞ്ഞാട്ടു പോകുന്നുണ്ടല്ലോ. അതു് എളമ്പ്രക്കോട്ടു ക്ഷേത്രമിരിക്കുന്ന പുരയിടത്തിൽനിന്നു വളരെ തെക്കു മാറിയാണ് ഒഴുകിക്കൊണ്ടിരുന്നതു്. ക്രമേണ അതു വടക്കോട്ടു മാറിമാറി ക്ഷേത്രപ്പുരയിടം മുഴവനും വെള്ളത്തിലായി. അമ്പലവും വെള്ളത്തിലാകുമെന്നുള്ള സ്ഥിതിയിലായിത്തീർന്നു. ഇതുംകൂടാതെ കോട്ടയത്തുനിന്നു തിരുവാർപ്പിലേയ്ക്കു് ഈ ക്ഷേത്രത്തിൻെറ വടക്കുവശത്തുകൂടി ഒരു പബ്ളിക്കുറോഡും വന്നുകൂടി. അപ്പോൾ ഭഗവതിയ്ക്കു കേരളാചാരപ്രകാരം തീണ്ടാതെ അവിടെയിരിക്കാനും നിവൃത്തിയില്ലാതെയായി.

ഇത്രയുമൊക്കെയായപ്പോൾ കിളിരൂർദേശക്കാക്ക് അവരുടെ പരദേവതയായ എളമ്പ്രക്കോട്ടു ഭഗവതിയെക്കുറിച്ചു വിചാരം തുടങ്ങി. ഭഗവതിയെ അവർ പൂജ മുട്ടാതെ നടത്തുന്നതിനായി എളമ്പ്രക്കോട്ടു നമ്പൂരിക്കു കൊടുത്തുവെങ്കിലും അവക്ക് ആ ദേവിയെക്കുറിച്ചുള്ള ഭക്തിലേശവും കുറവു വന്നിട്ടില്ലായിരുന്നു. ഇപ്പോഴും വന്നിട്ടുമില്ല. അതിനാലവർ ഈ സം

ഗതികളൊക്കെക്കൊണ്ടിച്ചു ക്ഷേത്രം മറെറാരു സ്ഥലത്തു പണിയിച്ചു ദേവീപ്രതിഷ്ഠ നടത്തിക്കണമെന്നൊരപേക്ഷ ഗവൺമെന്റിലേക്കും മഹാരാജാവു തിരുമനസ്സിലെ സന്നിധിയിലേക്കും അയച്ചു. അതിനു തല്ക്കാലം തീരുമാനമൊന്നുമുണ്ടായില്ലെങ്കിലും സേതുലക്ഷ്മീഭായി മഹാറാണി തിരുമനസ്സിലെ രാജ്യഭരണകാലത്തു് അപേക്ഷ അനുവദിച്ചു കല്പനയുണ്ടായി. കിളിത്രൂരാററിന്റെ തെക്കേക്കരയിൽ സാക്ഷാൽ കിളിത്രൂർ കുന്നിന്മേൽ ഭഗവതീക്ഷേത്രത്തിന്റെ സമീപത്തു് മതില്ക്കു പുറത്തായി ഒരു ശ്രീകോവിൽ പണിയിച്ചു ദേവീപ്രതിഷ്ഠ നടത്തിക്കാനാണ് കല്പന. അതനുസരിച്ചു ആ സ്ഥലത്തു് ഒരു ശ്രീകോവിലും അതിൽ പ്രതിഷ്ഠിക്കുന്നതിന് ദേവിയുടെ ഒരു ശിലാവിഗ്രഹവുമിപ്പോൾ പണികഴിപ്പിച്ചിട്ടുണ്ട്. എങ്കിലും ദേശക്കാർ, ഈ ദേവിയുടെ ക്ഷേത്രം മുമ്പു ശ്രീകോവിൽ മാത്രമല്ലായിരുന്നുവെന്നും രണ്ടു വലിയമ്പലവും ഒരു തിടപ്പള്ളിയും ഒരു നടപ്പുരയും ചുററും മതിലും കൂടിയുണ്ടായിരുന്നുവെന്നും അവകൂടി പണിയിക്കാൻ കല്പനയുണ്ടാകണമെന്നും വീണ്ടും ഒരപേക്ഷ അയക്കുകയും അതിന് അവയ്ക്കുകൂടി അടങ്കൽ തയാറാക്കി അയക്കുന്നതിന് മരാമത്തുഡിപ്പാർട്ടുമെൻറുകാരുടെ പേക്ക് എഴുതിവരികയും ചെയ്തിട്ടുണ്ട്. അതിനാൽ താമസിയാതെ അവ കൂടി പണിയിച്ചു് യഥാവിധി ദേവീപ്രതിഷ്ഠ നടത്തിക്കുമെന്നുതന്നെ വിശ്വസിക്കാമെന്നാണു തോന്നുന്നതു്. ഈ അമ്പലംപണിയും ദേവീപ്രതിഷ്ഠയും കലശവും കഴിഞ്ഞാൽ അവ നടത്തിക്കുന്നവക്കും ഈ ദേശക്കാക്കും ഉപര്യുപരി ശ്രേയസ്സു വദ്ധിക്കുമെന്നുള്ളതിനു സംശയമില്ല. അതിനാൽ അതിലേയ്ക്കു സവ്വേശ്വരി സദയം കടാക്ഷിക്കുമാറാകട്ടെ.

---

# വിഹായസവിഹാരം

(പതിനെട്ടാം അദ്ധ്യായം)

(എം. രാജരാജവമ്മതമ്പുരാൻ എം. എ., ബി. എൽ.)

കാലാവസ്ഥ അറിഞ്ഞിട്ടു് നമുക്കെന്തു വേണമെന്നു നിങ്ങൾ വിചാരിക്കുന്നുവോ? ഉത്ഭിദങ്ങളും, മൃഗങ്ങളും, പക്ഷികളും മനുഷ്യരും എന്നുവേണ്ട സകല ചരാചരങ്ങളും ഭൂമിയെ അധിവസിക്കുന്നതു അതുകൊണ്ടാണ്. മററുള്ള ഗ്രഹങ്ങളിലെ കാലാവസ്ഥ മനുഷ്യാവാസയോഗ്യയല്ലെന്നു് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. സുഖത്തിനും ദുഃഖത്തിനും കാലാവസ്ഥ ഒന്നുപോലെ

കാരണമാകുന്നുണ്ടു്. നല്ല കാററും വെളിച്ചവും ശുദ്ധജലവുമുള്ള നാടുകൾ സുഖവാസത്തിനുതകുന്നു. ദുഷ്ടവായുവും, ഛായാബാഹുല്യവും, അശുദ്ധജലവും ഉള്ള ദിക്കുകളിൽ രോഗങ്ങൾ ധാരാളമായി ഉണ്ടാകുന്നു. നാടുകളുടെ സ്വഭാവഭേദങ്ങളേയും അതുകൊണ്ടുണ്ടാകുന്ന ഫലങ്ങളേയും വിവരിക്കാൻ ഒരു പ്രത്യേകഗ്രന്ഥം തന്നെ എഴുതണം. എങ്കിലും ചുരുക്കത്തിൽ ചില നിർദ്ദേശങ്ങൾ മാത്രം ഈ അദ്ധ്യായത്തിൽ ചേർക്കാം.

അക്ടോബർ നവംബർ മാസങ്ങളിലാണു് സാധാരണ സന്നിപാതജ്വരങ്ങളുടെ മൂർദ്ധന്യാവസ്ഥ. മെ ജൂൺ മാസങ്ങളിൽ അതു കുറയും. മസൂരി കലശൽ കൂടുന്നതു വേനലിലും, കുറയുന്നതു വർഷത്തുവിലുമാണു്. സൂക്ഷിച്ചുനോക്കിയാൽ, ഓരോ രോഗങ്ങൾക്കും ഓരോ കാലമുണ്ടെന്നു കാണാം. വായുവിന്റെ സ്ഥിതിഭേദമാണു് ഇതിനു പ്രധാന നിദാനം. അതതു കാലത്തിൽ ദേശം മാറിത്താമസിക്കുന്നതിന്റെ രഹസ്യമിതാണു്. അതുപോലെ, ജനബഹുലമായ നഗരങ്ങളിലെ വായു ദുഷിച്ചതാണെന്നും, നാട്ടിൻപുറങ്ങളിലേതു് സുഖപ്രദമാണെന്നും നമുക്കറിയാമല്ലൊ. ദുർവായു നിറഞ്ഞ ദിക്കുകളിലെ കിടാങ്ങൾ പിത്തംപിടിച്ചു വിളറി വയറും തള്ളി കാണാം; നാട്ടിൻപുറത്തുള്ള കുട്ടികളാകട്ടെ നല്ല ചോരക്കൊഴുപ്പും ചൊടിചൊടിപ്പുമുള്ളവരായിരിക്കുന്നു. മലഞ്ചെരികളിൽ പാർക്കുന്നവർ ദൃഢകായന്മാരും എത്ര വേലചെയ്താലും ക്ഷീണിക്കാത്തവരുമായി കാണപ്പെടുന്നു. പായലും അഴുക്കുകളും പൂണ്ടു കെട്ടിക്കിടക്കുന്ന വെള്ളമുള്ള ദിക്കുകളിൽ കൊതുകും മലമ്പനിയും ധാരാളമുണ്ടായിരിക്കുന്നു. നേരെ മറിച്ചു്, പൊങ്ങിയ സ്ഥലങ്ങളിൽ പാർക്കുന്നവരുടെ ഇടയിൽ അതു വളരെ കുറവാണു്. തറയ്ക്കടുത്താണു് ദുഷ്ടവായുവിന്റെ സഞ്ചാരമധികം. അതുകൊണ്ടാണു് മാളികകൾക്കുള്ള ഗുണം കൂടുതൽ.

വായുവിൽനിന്നു പല രോഗബീജാണുക്കൾ പകരുന്നു. അതിലധികമാണു് ജലത്തിൽനിന്നും. ഇൻഫ്ളുവൻസാപ്പനി വായുവിൽ കൂടിയും, വിഷൂചിക വെള്ളത്തിൽ കൂടിയുമാണു സംക്രമിക്കുന്നതു്. ശുദ്ധവായുവും ജലവും ജീവനദാതാക്കളാകുന്നു. അവയെക്കൊണ്ടുണ്ടാകുന്ന ആശ്വാസം ചില്ലറയല്ല. ശുദ്ധവായു ശ്വസിക്കുന്തോറും രോഗാണുക്കൾ ക്ഷാളിതങ്ങളാകുന്നു.

കാലാവസ്ഥയുടെ സ്വരൂപം മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടു്. ശീതോഷ്ണസ്ഥിതി, മഴ, നീരാവിയുടെ കൂടുതൽ കുറവു്, വെയിലുള്ള ദിവസങ്ങളുടെ സംഖ്യ, കാററിന്റെ പോക്കു്, എന്നീ വകകളെല്ലാം കാലാവസ്ഥയുടെ ഗുണദോഷങ്ങളെ നിർണ്ണയിക്കുന്നു. മനുഷ്യരുടെ സ്വഭാവത്തിനു പോലും കാലാവസ്ഥകൊണ്ടു ഭേദം വരുന്നുണ്ടു്. പെട്ടെന്നു ഭേദിക്കുന്നതും വരണ്ട കാററുള്ളതുമായ വടക്കേ അമേരിക്കയിലുള്ള ആളുകൾക്കു ചുറുചുറുപ്പും പുരോഗമനൌത്സുക്യവും കൂടുതലാണു്. തലകഴപ്പു് അവർക്കു ഒരു പ്രധാന

രോഗമാണ്. ഈറൻകാററും ചൂടുമുള്ള പ്രദേശമാണ് നമ്മുടെ നാട്ട്. ഇവിടെയുള്ളവർ പ്രായേണ അലസന്മാരും മന്ദന്മാരും ക്ഷീണസത്വന്മാരുമായിരിക്കുന്നു. ഇൻഡ്യയുടെ മധ്യഭാഗത്തും അറേബ്യയിലും നോക്കുക. വരണ്ട ഉഷ്ണഭൂമികളാണ് അവിടങ്ങൾ. അവിടെ ധീരന്മാരായ സിക്കുകളും ബദവുനികളും അറബികളും മഹാരാഷ്ട്രരും വാഴുന്നു. യൂറോപ്പിൻെറ പശ്ചിമഭാഗത്തുള്ള സമശീതോഷ്ണാവസ്ഥ നിമിത്തം വെള്ളക്കാർ ആകൃതിയിലും പ്രകൃതിയിലും മേന്മയുള്ളവരായി തീർന്നിരിക്കുന്നു.

ഓരോ ദേശത്തിൻേറയും നല്പതില്പ തിരിക്കേണ്ടതു് അവിടത്തെ കാലാവസ്ഥ അറിഞ്ഞിട്ടുവേണം. ആണ്ടുതോറുമുള്ള ശരാശരി ഉഷ്ണമാനം കൊണ്ടു മാത്രം ഒരു ദേശത്തിൻെറ കാലാവസ്ഥ അറിയാൻ തരമില്ല. ഒരേ ഉഷ്ണമാനമുള്ള ദിക്കുകളിലെ കാലസ്ഥിതി ഭിന്നമായിരിക്കുന്നുണ്ട്. കല്ക്കട്ടാവിലും ആഗ്രാവിലും ശരാശരി ഉഷ്ണമാനം 77·7° ഡിഗ്രിയാണ്. എങ്കിലും രണ്ടു പട്ടണങ്ങളിലേയും കാലാവസ്ഥയ്ക്കു വളരെ അന്തരമുണ്ട്. ആഗ്രാവിൽ ഏററവും ചൂടും ഏററവും തണുപ്പുമുള്ള കാലങ്ങൾക്കു തമ്മിൽ 34 ഡിഗ്രിക്കു കൂടുതൽകുറവുണ്ട്. കല്ക്കട്ടാവിൽ 20 ഡിഗ്രിക്കു മാത്രമെ വ്യത്യാസം വരുന്നുള്ളു. പ്രതിദിനം തന്നെ രാവും പകലും തമ്മിൽ ചൂടിനു 30 ഡിഗ്രിക്കു ഭേദം ആഗ്രാവിലുണ്ട്. കല്ക്കട്ടാവിൽ 16 ഡിഗ്രിയേയുള്ളു ആണ്ടിൽ 19 ഇഞ്ചു മഴയാണ് ആഗ്രാവിൽ; കല്ക്കട്ടാവിലാകട്ടെ 65 ഇഞ്ചുണ്ട് വായുവിൻെറ ഈർപ്പം (Humidity) ആഗ്രാവിൽ അഞ്ചാണെങ്കിൽ കല്ക്കട്ടാവിൽ എട്ടാണ്. കല്ക്കട്ടാവിൽ ഉള്ളതിലിരട്ടി ദിവസം ആഗ്രാവിൽ നല്ല വെയിലുണ്ട്. രണ്ടു പട്ടണങ്ങളും ഒരേ നദിയുടെ തീരത്താണെങ്കിലും ഇങ്ങനെ പല വ്യത്യാസങ്ങളും കാണാം. രണ്ടു നഗരങ്ങൾക്കും തമ്മിൽ നാലു ഡിഗ്രി അക്ഷാംശത്തിൻെറ ദൂരം മാത്രമേയുള്ളു. എങ്കിലും കാലാവസ്ഥ രണ്ടിടത്തും രണ്ടാണ്.

ഒരു ചെറിയ ഭൂഭാഗത്തിൽ ഇത്രത്തോളം ഭേദം കാണുമ്പോൾ വലിയ ഭൂഭാഗങ്ങളുടെ കാലാവസ്ഥ എങ്ങനെ ഗണിക്കാം.? എങ്കിലും സ്ഥൂലമായി വേർതിരിക്കാം. പണ്ടുള്ളവർ മേഖലകളായി തിരിച്ചിട്ടുണ്ട്. അതു മാത്രംകൊണ്ടു ദൂരപ്രദേശങ്ങളിലെ കാലാവസ്ഥ തിട്ടമായി നിർണ്ണയിക്കാൻ പ്രയാസം. അവിടവിടെയുള്ള കണക്കുകൾ എടുത്തെങ്കിൽ മാത്രമേ അതു സാധിക്കു. അക്ഷാംശം, ഉത്തരദക്ഷിണാൽ ഭേദം, ഭൂഖണ്ഡങ്ങളുടെ കിടപ്പ്, സ്ഥാനം, സമുദ്രനിരപ്പിൽനിന്നുള്ള ഉയരം, പർവതപംക്തികളുടെ സ്ഥിതി, കാററുകളുടെ പോക്ക്, മഹാർണ്ണവരയങ്ങളുടെ സാമീപ്യം, അയൽഭൂമികളുടെ അവസ്ഥ, തുഫാൻവാതങ്ങളുടെ സഞ്ചാരം എന്നിങ്ങനെ അനവധി സംഗതികളുടെ സൂക്ഷ്മം ഗണിച്ചിട്ടുവേണം ഒരു ദേശത്തുള്ള കാലാവസ്ഥ തീർച്ചപ്പെടുത്താൻ. ഇങ്ങനെ മിക്ക ദിക്കിലേയും അവസ്ഥ നിർണ്ണയിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഒരു പട്ടിക താഴെ ചേർക്കുന്നു:-

| ജാതി | സ്ഥലങ്ങൾ | കാലാവസ്ഥ |
|---|---|---|
| 1. നിരക്ഷീയം<br>(Equitorial)<br>0° മുതൽ 10° ഡിഗ്രിവരെ അക്ഷാംശം. | ബററാവിയാ<br>കൊളമ്പു<br>സിംഗപ്പൂർ<br>കുമാസി | ഉഷ്ണം, ഈർപ്പം; സുഖശീതോഷ്ണം |
| 2. ഉഷ്ണമേഖല<br>10° ഡിഗ്രി മുതൽ 23° വരെ | | |
| (i) കടൽക്കരവാരം<br>(Coastal) | കല്ക്കട്ടാ<br>ഹാങ്ങ്കാങ്ങ് | ടി. തന്നെ എങ്കിലും അത്ര സുഖകരമല്ല. |
| (ii) ഉൾപ്രദേശം<br>(Inland) | ലാഹോർ<br>ഡൽഹി<br>മാൻഡലേ<br>തിബെത്തു് | ഉഷ്ണം, വരണ്ട കാററു്, ചൂടും തണുപ്പും നിരതിശയം, മഴക്കാലം കുറെ ഭേദം. |
| 3 ഉപോഷ്ണമേഖല<br>(Sub-tropical)<br>23° മുതൽ 35° വരെ | റവീറാ<br>തെൻകാലി<br>ഫോർണിയാ<br>കേപ്പുകാളണി<br>തെന്നാസ്ത്രേലിയാ | സമശീതോഷ്ണം, ജലാംശമില്ലാത്ത കാററു്, വളരെ സുഖമുള്ള പ്രദേശം. |
| 4. സമശീതോഷ്ണമേഖല<br>(Temperate)<br>(i) 35° മുതൽ 60° ഡിഗ്രി വരെ | ഇംഗ്ലണ്ട്<br>യൂറോപ്പ്<br>അമേരിക്കൻ-ഐക്യനാട്<br>മദ്ധ്യസൈബീരിയാ<br>ചീന | ശീതളം, ഈർപ്പം, കടലിനടുത്തു് സുഖമുള്ള ഉൾപ്രദേശങ്ങളിൽ വരണ്ട കാററു്. |
| (ii) തെക്കേ അക്ഷാംശം 35° മുതൽ 50° ഡിഗ്രി വരെ | ന്യൂസീലണ്ട്<br>ടാസ്മേനിയാ | ഈർപ്പവും സുഖോഷ്ണവും, ശീതളം ഏററവും സുഖപ്രദമായ ദേശം. |
| 5. ധ്രുവദേശം<br>(Polar)<br>60° മുതൽ 90° ഡിഗ്രി വരെ | വടക്കൻസൈബീരിയാ<br>ഗ്രീൻലണ്ട് | കൊടുന്തണുപ്പ്, മിക്കവാറും വരണ്ട കാററു്. ഉൾപ്രദേശങ്ങൾ അതിശീതങ്ങൾ. |

ശരാശരിക്കണക്കുകൊണ്ടു മാത്രം പറയുന്നതായാൽ, 75° മുതൽ 85° ഡിഗ്രി വരെ ചൂടുള്ള പ്രദേശം ഉഷ്ണഭൂമി എന്നും, 65°മുതൽ 75° ഡിഗ്രി വരെ ചൂടുള്ള സ്ഥലം സുഖോഷ്ണഭൂമിയെന്നും, 50° മുതൽ 55°ഡിഗ്രി വരെ ഉഷ്ണമുള്ളതു് സമശീതോഷ്ണഭൂമിയെന്നും, 40° മുതൽ 50° ഡിഗ്രി വരെ ഉഷ്ണമുള്ളതു് ശീതദേശമെന്നും, 40° ഡിഗ്രിക്കു കീഴിൽ ചൂടുള്ള സ്ഥലം അതിശീതഭൂമിയെന്നും സങ്കല്പിക്കാം. ദവനലിലും വർഷത്തിലുമുള്ള ചൂടിന്റെ ഡിഗ്രിക്കു തമ്മിൽ കുറവുള്ള പരിധികളിൽ മാത്രമെ മുൻപറഞ്ഞ ഗുണങ്ങൾ കാണുകയുള്ളു എന്നു പ്രത്യേകം ധരിക്കണം.

എങ്ങനെയെല്ലാം കണക്കെടുത്താലും പ്രകൃതിശക്തികളുടെ മാഹാത്മ്യവും വൈവിധ്യവും മാനുഷബുദ്ധിക്ക് അഗോചരങ്ങളായിത്തന്നെ ഇരിക്കുന്നു. ബ്രഹ്മാണ്ഡത്തിന്റെ വലിപ്പമെവിടെ? മാനുഷകീടത്തിന്റെ സ്ഥിതിയെവിടെ? കായം പരിമിതമാണെങ്കിലും ബുദ്ധി സർവാന്തര്യാമിയാകുന്ന മനുഷ്യനെന്നു് ഒരു സമാധാനമുണ്ടു്. മാനുഷബുദ്ധിയുടെ വലിപ്പം എത്രയുണ്ടെന്നും ആരും കണ്ടുവരില്ല. അനന്തമെന്നുള്ള ബോധത്തിനു മുകളിൽ കാണുന്ന ആകാശവും ഉള്ളിലുള്ള ആത്മാവും മാത്രമേയുള്ളു എന്നു് ഒരു മഹാതത്വജ്ഞാനി പറഞ്ഞിരിക്കുന്നു. അതു നിമിത്തം, മനുഷ്യൻ ബുദ്ധികൊണ്ടു ബ്രഹ്മാണ്ഡത്തെ ത്രാസ്സിലിട്ടു തൂക്കുന്നു. ഓരോ തലമുറ കഴിയുന്തോറും ബുദ്ധിക്കുള്ള തൈക്ഷ്ണ്യം കൂടി വരുന്നതേയുള്ളു. അതുകൊണ്ടാണു് നവീനശാസ്ത്രങ്ങൾക്കു വളർച്ച വരുന്നതും മനുഷ്യൻ പ്രകൃതിരഹസ്യങ്ങളെ മനസ്സിലാക്കുന്നതും.

## ജർമ്മനിയിലെ സർവ്വകലാശാലകൾ.

ജർമ്മനിയിലെ സർവ്വകലാശാലകൾ ഉൽകൃഷ്ടങ്ങളായ ദേശീയാദർശങ്ങളെ വളർത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളാകുന്നു. വിവിധരാജ്യങ്ങൾ തമ്മിൽ കലഹിച്ചുകൊണ്ടിരുന്ന പതിനെട്ടാംനൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജർമ്മനിയിലെ സർവ്വകലാശാലകൾ ജ്ഞാനഗ്രഹിതാക്കളിൽ ദേശീയൈക്യാദർശത്തെ വളർത്തിയിരുന്നു. നാശഹേതുകങ്ങളായ സമരങ്ങളും പരാജയങ്ങൾക്കു ശേഷമുണ്ടായ കഷ്ടതകളും അനുഭവിച്ചുകൊണ്ടിരുന്ന ആ കാലഘട്ടങ്ങളിൽ ദേശാഭിമാനദീപത്തെ ജ്വലിപ്പിച്ചുകൊണ്ടിരിക്കുന്നതിനു

ള്ള ഉദ്യോഗം ഈ സ്ഥാപനങ്ങൾ വഹിച്ചിരുന്നു. ഈ ദേശീയൈക്യാദർശത്തെ പ്രത്യേകം വളർത്തിയതിൻെറ ഫലമായിട്ടാണ് മഹായുദ്ധത്തിനു മുമ്പു ഒരു സാമ്രാജ്യം അവിടെ സ്ഥാപിതമായത്. സർവ്വകലാശാലകളോട് ബിസ്മാർക്കിന് സ്വാഭാവികമായി തോന്നിയ പക്ഷപാതത്തിൽ അത്ഭുതപ്പെടുവാനില്ലല്ലോ. അദ്ദേഹത്തിൻെറ എഴുപതാമത്തെ ജന്മനാളിൽ അവിടത്തെ വിദ്യാർത്ഥികൾ പതാകകളോടും മററും കൂടി അദ്ദേഹത്തിനു സ്വാഗതമരുളിയപ്പോൾ, "എൻെറ മുമ്പിൽ യഥാർത്ഥയുവജനത്തെ ഇപ്പോൾ കാണുന്നതുകൊണ്ട് ഞാൻ സന്തോഷത്തോടുകൂടി മരിക്കും" എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. ആ യുവജനങ്ങളിൽ എത്രത്തോളം ദേശാഭിമാനം പ്രകാശിച്ചിരുന്നു എന്ന് ആ മഹാൻെറ വാക്കുകൾ പ്രസ്പഷ്ടമാക്കുന്നുണ്ടല്ലോ

ജർമ്മനിയിൽ ആകെ 22 സർവ്വകലാശാലകൾ ഉണ്ട്. അവയിൽ 11 എണ്ണം പ്രഷ്യയിൽ തന്നെയാണ്. വിജ്ഞാനസംസ്കാരങ്ങളുടെ മന്ത്രിയുടെ നിയന്ത്രണത്തിലാണ് ഈ സർവ്വകലാശാലകളെല്ലാം. ഏതെങ്കിലും സർവ്വകലാശാലയിലേക്കുള്ള വിദേശീയവിദ്യാർത്ഥികളുടെ പ്രവേശനം അദ്ദേഹത്തിൻെറ അധികാരസീമയിലുൾപ്പെട്ടതാകുന്നു. ഒരു ഭാരതീയവിദ്യാർത്ഥിക്ക് അവിടെ പ്രവേശനത്തിനു വേണ്ട യോഗ്യത ഇൻറർമീഡിയററ് പരീക്ഷയാണ്. വിദേശീയവിദ്യാർത്ഥികളുടെ അഭ്യസനം എല്ലാ സ്ഥാപനങ്ങളിലും ഏകരീതിയിലായതുകൊണ്ട്, ഓരോ ടറത്തിൻെറയും അവസാനത്തിൽ സർവ്വകലാശാലകൾ മാറുന്നതിനും, പലതിൽനിന്നും പരിശീലനം നേടുന്നതിനും, പല പണ്ഡിതന്മാരുമായി ഇടപെടുന്നതിനും അവർക്ക് സാധിക്കുന്നു. ഇത്തരത്തിലുള്ള ഒരു പദ്ധതി രൂപവൽക്കരിക്കുന്നതിനു മുമ്പ് ജർമ്മനിയിൽ ഓരോ പ്രവിശ്യയിലേയും വിദ്യാർത്ഥികൾ അതിനെ സംബന്ധിച്ച അറിവു മാത്രം ഉള്ളവരായിരുന്നു. പൊതുസംസ്കാരംകൊണ്ട് അവരെ ബന്ധിക്കുന്നതിനുവേണ്ടി ബിസ്മാർക്ക് സർവ്വകലാശാലകളുടെ ഭരണത്തെ കേന്ദ്രീകരിക്കുകയും, ഒരു മന്ത്രിയുടെ നിയന്ത്രണത്തിലാക്കുകയും ചെയ്തു.

വിദ്യാർത്ഥികൾക്കു കുറഞ്ഞ ചിലവിന്മേൽ സഞ്ചാരസൗകര്യം നൽകിയതും, പഠിത്തകാലത്ത് വിവിധസർവ്വകലാശാലകൾ സന്ദർശിക്കുന്നതിനു പ്രോത്സാഹനം നൽകിയതും ബിസ്മാർക്ക് ആയിരുന്നു. ഇന്നും വിദ്യാർത്ഥികൾ പല പ്രത്യേകാനുകൂല്യങ്ങളും അവകാശങ്ങളും അനുഭവിക്കുന്നുണ്ട്. അവർക്ക് ചുരുങ്ങിയ ചിലവിൽ യാത്രചെയ്യാം; ഭക്ഷണപദാർത്ഥങ്ങൾ ലഘുവിലയ്ക്കു ലഭിക്കുന്നു; നാടകശാലകൾ, സംഗീതസദസ്സുകൾ മുതലായവ അല്പമായ ചിലവുകൊണ്ട് സന്ദർശിക്കാം. സർവ്വകലാശാലാധികൃതന്മാർ വിശാലമനസ്കരായതുകൊണ്ട്, ജർമ്മനിയിലെ മാത്രമല്ല അന്യദേശങ്ങളിലേയും

സർവകലാശാലകൾ സന്ദർശിക്കുന്നതിന് വിദ്യാർത്ഥികളെ അനുവദിക്കുന്നു. രണ്ടു ടേമെങ്കിലും ഒരു വിദേശസർവകലാശാലയിൽ കഴിക്കണമെന്നാണ് അവരുടെ നിശ്ചയം. വിദേശയോഗ്യതകളെ പരിഗണിക്കുന്നു എന്നു മാത്രമല്ല അവർക്കു സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നുണ്ടു്.

അഭ്യസനവിഷയങ്ങൾ വിവിധങ്ങളാണ്. എല്ലാ ശാസ്ത്രങ്ങളും അവയിലുൾപ്പെടുന്നു. എല്ലാ ആദ്ധ്യാത്മികപക്ഷങ്ങളും, തത്വശാസ്ത്രപദ്ധതികളും, സാഹിത്യങ്ങളും, ഭാഷകളും അഭ്യസനപരിധിയിലുൾപ്പെടുന്നുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ ബുദ്ധിയുടെ പോഷണത്തിനാവശ്യമായ എല്ലാ വിഷയങ്ങളും ജർമ്മൻസർവകലാശാലകളിൽ പഠിപ്പിക്കുന്നുണ്ടു്. വിദേശീയവിദ്യാർത്ഥികൾക്കുവേണ്ടി സർവകലാശാലകൾ ജർമ്മൻഭാഷ പ്രത്യേകമായി അഭ്യസിപ്പിക്കുന്നു. തന്നിമിത്തം പലർക്കും ഗുണമുണ്ടാകുന്നു. പൊതുജനങ്ങൾക്കു കൗതുകമുള്ള വിഷയങ്ങളെ പററി പ്രസംഗങ്ങൾ നടത്തുന്നതിനു വേണ്ട ഏർപ്പാടുകളും സർവകലാശാലകൾ ചെയ്തിട്ടുണ്ടു്.

അദ്ധ്യയനം കാര്യക്ഷമമായ വിധത്തിൽ നടത്തിവരുന്നു. പ്രസംഗങ്ങളും പ്രായോഗികപദ്ധതികളും ഉത്തമങ്ങൾ തന്നെ. ജർമ്മൻസർവകലാശാലകൾ വിദേശീയവിദ്യാർത്ഥികളെ വളരെ ആകർഷിക്കുന്നുണ്ടു്. സർവകലാശാലകൾ അഭ്യസനകേന്ദ്രങ്ങൾ മാത്രമല്ല; ഗവേഷണജോലിയുടെ സങ്കേതങ്ങളുമാണ്.

ബ്രിട്ടീഷുസർവകലാശാലകൾ വർഗ്ഗീയസ്ഥാപനങ്ങളാണ്. സർവകലാശാലാഭ്യസനം അതിനു ത്രാണിയുള്ളവർക്കു മാത്രം മതിയെന്ന് അധികൃതന്മാർ കരുതുന്നു. കേംബ്രിഡ്ജ്, ആക്സ്ഫോർഡ് എന്നീ സ്ഥാപനങ്ങൾ ഇതിനുദാഹരണങ്ങളാണ്. ചിലർക്കു മാത്രം അതു സാദ്ധ്യമാകത്തക്കവണ്ണം ചിലവു വർദ്ധിപ്പിച്ചിട്ടുണ്ടു്. ഏതു തരത്തിലുള്ള വിദ്യാഭ്യാസവും അതിൽ വാസനയുള്ളവർക്ക് ലഭിക്കുന്നതിനു സാദ്ധ്യമായിരിക്കണമെന്ന പ്രധാനതത്വത്തെ അവർ വിസ്മരിച്ചതുപോലെ തോന്നുന്നു. ഈ പ്രത്യേകവർഗ്ഗക്കാർ ആവശ്യം വരുമ്പോൾ അവിടെ പഠിച്ച്, ഉദ്യോഗങ്ങൾ നേടുന്നു. ഉദ്യോഗം വേണമെന്നിച്ഛിക്കുന്ന ഇൻഡ്യക്കാർക്കു ഇതു വളരെ ഗുണപ്രദമാണ്. ശാസ്ത്രീയമോ സാങ്കേതികമോ ആയ പരിശീലനം നേടണമെന്നു വിചാരിച്ച് വിദേശങ്ങളിൽ പോകുന്ന വിദ്യാർത്ഥികൾക്ക് ജർമ്മൻസർവകലാശാലകളാണ് അത്യുത്തമങ്ങളായിട്ടുള്ളവ എന്നു നിസ്സംശയം അഭിപ്രായപ്പെടാം.

ജർമ്മനിയിൽ പ്രായോഗികജോലിക്ക് ഇൻഡ്യക്കാർക്കു പ്രത്യേകസൗകര്യം നൽകുന്നുണ്ടു്. ഇംഗ്ലണ്ടിൽ ഒരു വ്യവസായശാലയിലൊ, ആസ്പത്രിയിലൊ, ഗവേഷണശാലയിലൊ ഇൻഡ്യക്കാർക്കു പ്രവേശനം ലഭിക്കുന്ന

തിന് ധാരാളം പണം ചിലവാക്കേണ്ടിയിരിക്കുന്നു.

ജർമ്മൻശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും വിജ്ഞാനവിഷയത്തിൽ നിസ്സ്വാർത്ഥമായും സ്ഥിരോത്സാഹത്തോടു കൂടിയും ശാന്തമായും ജോലിചെയ്യുന്നു. അവർ ശാസ്ത്രത്തിന് അത്യുൽകൃഷ്ടമായ ഒരു സ്ഥാനം നൽകിയിരിക്കുന്നതുകൊണ്ട് അതിന്റെ ആരാധകന്മാർ പണമുണ്ടാക്കുവാൻ ശ്രമിക്കുന്നതു് ഒരു ഹീനകൃത്യമായിട്ടാണു വിചാരിച്ചുവരുന്നതു്. ഇക്കാര്യത്തിൽ ജർമ്മൻകാരും ഇംഗ്ലീഷുകാരും തമ്മിൽ സ്വഭാവവ്യത്യാസമുള്ളവരാണ്. ഇംഗ്ലണ്ടിൽ ഇന്നും പണമുണ്ടാക്കുവാനുള്ള ഒരു മാർഗ്ഗമെന്ന നിലയിലാണ് വിദ്യാഭ്യാസത്തിനു വില കല്പിക്കുന്നതു്. ജർമ്മനിയിലെ സുപ്രസിദ്ധശാസ്ത്രജ്ഞന്മാർ ലഘുജീവിതമാണു നയിക്കുന്നതു്. ഇംഗ്ലണ്ടിൽ പണസമ്പാദനമാർഗ്ഗത്തിൽ നിന്നും വ്യത്യസ്തരായ ചുരുക്കം ചില ശാസ്ത്രജ്ഞന്മാരുണ്ടെങ്കിലും, ജർമ്മനിയിൽ അവർ ഒരു വർഗ്ഗക്കാരെന്ന നിലയിൽ പണമുണ്ടാക്കുന്നവരേക്കാൾ ഉൽകൃഷ്ടരാണ്. അവർ ലഘുജീവിതം നയിച്ച് മിക്ക സമയവും പര്യവേഷണത്തിൽ ചിലവാക്കുന്നു. ശാസ്ത്രം, സാഹിത്യം, തത്വശാസ്ത്രം എന്നിവ സംബന്ധിച്ച് കഴിവുള്ളിടത്തോളം വിജ്ഞാനം അവർ ലോകത്തിനു നൽകിയിട്ടുണ്ട്. അവരുടെ തത്വശാസ്ത്രവീക്ഷണഗതി നിത്യജീവിതത്തിൽ പ്രതിഫലിക്കുന്നുണ്ട്. ജർമ്മൻകാരുടെ സ്വഭാവത്തിന്റേയും പ്രവൃത്തികളുടേയും അടിസ്ഥാനം "കർത്തവ്യം" ആകുന്നു.

## കേരളം.

### IV.

(106 കുംഭം ലക്കത്തിൽനിന്നും തുടർച്ച)

(ആർ. ഈശ്വരപിള്ള ബി. എ.)

കേരളം പണ്ടു നല്ല വ്യവസായങ്ങൾക്കും പ്രസിദ്ധി സമ്പാദിച്ചിരുന്നു. എന്നാൽ ഇപ്പോൾ അവ മിക്കവാറും നാമാവശേഷമായി ഭവിച്ചിട്ടുണ്ട്. കോട്ടാറു് പണ്ടുണ്ടാക്കിവന്ന കസവുതുൽ അതിവിശേഷവും ലോകപ്രസിദ്ധവുമായിരുന്നു. എന്നാൽ ഈ പേരിൽ വിദേശങ്ങളിൽനിന്നും

ധാരാളമായി വന്നുകൊണ്ടിരിക്കുന്ന നാനാതരം കസവ് ഇതിനെ ബഹിഷ്ക്കരിക്കയാണു ചെയ്തതു്. അതിമൃദുലങ്ങളും വിശേഷങ്ങളുമായ വസ്ത്രങ്ങളും ഇവിടെ നെയ്തുവന്നിരുന്നു. ഇപ്പോൾ ഈ വ്യവസായവും മന്ദീഭവിച്ചിരിക്കയാണ്. എങ്കിലും നെയ്ത്തു് ഇന്നും ഒരു വലിയ വ്യവസായമായി കേരളത്തിൽ പലയിടത്തും നടന്നുവരുന്നു. ഇതിനും പുറമെ പുല്പ്പാ, മെത്തപ്പാ മുതലായവയുടെ നെയ്ത്തും കയറുപിരിയും കയറുപായ് നെയ്ത്തും ഇന്നും അങ്ങുമിങ്ങും നടന്നുവരുന്നുണ്ട്. ഇവ കൂടാതെ കരിപ്പെട്ടി, ശർക്കര മുതലായവയും പല ദിക്കിലും ഉണ്ടാക്കിവരുന്നുണ്ട്. ലോഹവ്യവസായങ്ങളും കേരളത്തിൽ ഒട്ടും കുറവല്ല. ആറന്മുളെ ഒരുതരം ലോഹക്കണ്ണാടി നിർമ്മിക്കപ്പെടുന്നുണ്ട്. ദന്തവേലയും തിരുവനന്തപുരം മുതലായ സ്ഥലങ്ങളിൽ ചെയ്തുവരുന്നുണ്ട്. ഓട്ടുപാത്രം മൺപാത്രം മുതലായവ ധാരാളം ഉണ്ടാക്കിവരുന്നുണ്ട്. ഇപ്പോൾ ഔഷധനിർമ്മാണവും ഒട്ടും കുറവല്ല. ഒരു കാലത്തു് തൊടുപുഴ മൂവാറ്റുപുഴ ഈ സ്ഥലങ്ങളിൽ നല്ല ശീനഭരണികൾ ഉണ്ടാക്കിക്കൊണ്ടിരുന്നതായും കേൾവിയുണ്ട്. എന്നാൽ ഈ വ്യവസായങ്ങൾ പ്രോത്സാഹനക്കുറവു നിമിത്തം ക്ഷയോന്മുഖങ്ങളായിട്ടാണിരിക്കുന്നതു്. നാമെല്ലാവരുമിപ്പോൾ പ്രതീചീനങ്ങളായ വസ്തുക്കളിൽ ഭ്രമിച്ചിരിക്കുന്ന കാലമാണല്ലോ. ഇതു നമ്മുടെ സ്വദേശാഭിമാനക്കുറവുകൊണ്ടാണെന്നു വേണം വിചാരിക്കാൻ. എന്നാൽ പല കാരണങ്ങൾ കൊണ്ടും നാം സാവധാനത്തിൽ സ്വദേശീയവ്യവസായങ്ങളെ സ്നേഹിച്ചു തുടങ്ങിയിട്ടുണ്ടെന്നുള്ളതിനു് ലക്ഷ്യങ്ങൾ ഇല്ലാതില്ല. ഇന്നു് എല്ലാ ഭരണാധികാരങ്ങളും വ്യവസായപോഷണത്തിൽ ശ്രദ്ധിച്ചുവരുന്നതുകൊണ്ടു് പക്ഷെ വല്ല ഗുണവും സിദ്ധിച്ചേക്കാമെന്നു തോന്നുന്നു.

വാണിജ്യവിഷയത്തിലും കേരളം ഒട്ടും പിന്നോക്കമല്ല. ജലമാർഗ്ഗവും കരമാർഗ്ഗവും ഉള്ള സഞ്ചാരങ്ങളെപ്പറ്റി പ്രസ്താവിച്ചുകഴിഞ്ഞുവല്ലോ. ഇതിനും പുറമെ കേരളത്തിന്റെ സുദീർഘമായ സമുദ്രതീരം കച്ചവടത്തിനു് അനുകൂലമായ ഒരു പ്രാകൃതികാനുഗ്രഹമാണ്. പൂർവ്വകാലംമുതല്ക്കുതന്നെ അറബികൾ, ഫിനീഷ്യന്മാർ, ഈജിപ്തുകാർ മുതലായ പല വിദേശീയരും കേരളവുമായി സമുദ്രമാർഗ്ഗേണ വ്യാപാരം നടത്തിക്കൊണ്ടിരുന്നതായി പല ലക്ഷ്യങ്ങളുമുണ്ട്. കേരളത്തിലെ ഗന്ധദ്രവ്യങ്ങൾക്കും മറ്റു പല സാധനങ്ങൾക്കും അവയുടെ അപൂർവ്വതകൊണ്ടു് ഇതരദേശങ്ങളിൽ പ്രിയവും പ്രസിദ്ധിയും വിലയും ലഭിച്ചിരുന്നു. ഈ വ്യാപാരത്തിനു് ഇന്നും അഭിവൃദ്ധിയല്ലാതെ ക്ഷയമില്ല. ഭാരതഖണ്ഡത്തിന്റെ പശ്ചിമതീരത്തിലെ തുറമുഖങ്ങളിൽ കേരളത്തിലുള്ള കൊച്ചി, കോഴിക്കോട്ട്, ആലപ്പുഴ ഇവ പ്രാധാന്യം വഹിക്കുന്നവയാണ്. വിശേഷിച്ചും ഈയിടെ കൊ

ച്ചിയിൽ നിർമ്മിക്കപ്പെട്ട സൂകാശയം പാശ്ചിമതീരത്തിലെ വ്യാപാരത്തിൽ ഭൂരിഭാഗവും ആകർഷിക്കത്തക്കവണ്ണം അചിരേണ ഒരു കേന്ദ്രമായിത്തീരാനിടയുണ്ട്. കേരളത്തിന്റെ ദക്ഷിണഭാഗത്ത് പൂന്തുറ, കുളച്ചൽ, മുട്ടം, കൊല്ലം മുതലായ സ്ഥലങ്ങൾ കാലാന്തരത്തിൽ അല്പമായ വ്യയം കൊണ്ട് നല്ല തുറമുഖങ്ങളായിഭവിക്കാൻ എളുപ്പമുണ്ട്. കരമാർഗ്ഗമുള്ള കച്ചവടത്തിന് കേരളത്തിൽ മിക്ക സ്ഥലങ്ങളിലും ആവിവണ്ടി ഗതാഗതം ചെയ്തുവരുന്നുണ്ട്.

കേരളം ഇപ്പോൾ ഭരണവിഷയത്തിൽ മൂന്നു വിഭാഗങ്ങളായിട്ടിരിക്കുന്നതുകൊണ്ട് ഐക്യകേരളമുണ്ടാകുവാൻ പ്രയാസമായിട്ടാണ് കാണപ്പെടുന്നത്. വിഭിന്നഭരണം സമുദായങ്ങളെയും മററും ഭിന്നസ്വഭാവികളും ഭിന്നമാർഗ്ഗഗാമികളും ഭിന്നാദർശാവലംബികളും ഭിന്നപ്രവൃത്തിനിരതന്മാരും ഭിന്നാചാരനിബദ്ധന്മാരും ആക്കിത്തീർക്കുന്നതു സാധാരണയാണ്. ഇപ്പോൾ തിരുവിതാംകൂർകാരെന്നും, കൊച്ചിക്കാരെന്നും, മലബാർകാരെന്നും നാം പേരുപറഞ്ഞ് തമ്മിൽതമ്മിൽ അകലവും അവിശ്വാസവും വർദ്ധിപ്പിക്കയാണ് ചെയ്തുവരുന്നത്. ഇന്നു നാം ആരുംതന്നെ കേരളീയരല്ലെന്നാണ് വന്നിരിക്കുന്നത്. എന്നാൽ പണ്ടു കേരളത്തെ ഒന്നാക്കി ബന്ധിച്ചിരുന്ന ആ ചരടിന്റെ ഒരു നൂൽ പൊട്ടാതെ ഇനിയും അവശേഷിച്ചിട്ടുണ്ട്. അതിനെ ആസ്പദമാക്കിയെങ്കിലും നാം ഐക്യം സമ്പാദിക്കുന്നതു നന്നായിരിക്കും. കേരളത്തിലെ ജനങ്ങളെല്ലാവരും ചിന്താവിനിമയത്തിനും ആശയപ്രകാശനത്തിനും അന്യോന്യസല്ലാപത്തിനും ചരിത്രസംരക്ഷണത്തിനും മററും രസനാമൂലവും രേഖാമൂലവും ഉപയോഗിക്കുന്ന ഭാഷ മലയാളമൊന്നുതന്നെയാണ്. ഇതാണ് ഇന്നു കേരളീയരെ ആകമാനം ഒന്നാക്കി ബന്ധിച്ചിരിക്കുന്ന സൂത്രതന്തു. എന്നാൽ ഇതു കേവലം ദുർബലമായ ഒരു ബന്ധമാണെന്നു വിചാരിച്ചുകൂട. ഭാഷാബന്ധം ദേശീയബന്ധത്തേക്കാൾ അധികം ബലവത്തായ ഒന്നാണെന്നു അനുഭവം കൊണ്ടറിയാവുന്നതാണ്. ഭാഷ ഒരുവിധം മാതൃത്വം വഹിക്കുന്നതുകൊണ്ട് തിരുവിതാംകൂറുകാരും, കൊച്ചിക്കാരും, മലബാർകാരും, നമ്പൂരിയും, നായരും, ഈഴവരും, ക്രിസ്ത്യാനികളും എല്ലാം അന്യോന്യം സഹോദരഭാവം വഹിച്ചു വർത്തിക്കേണ്ടവരാണ്. വാസ്തവം അങ്ങിനെയാണോ എന്നു സംശയമാണ്, ഭാഷാബന്ധത്തെ വിഗണിച്ചു പലരും ഇന്നു വർഗ്ഗീയബന്ധത്തെ മുറുകിപ്പിടിച്ചാണ് വർത്തിക്കുന്നത്. എന്നാൽ ഇന്നു ഭാഷയും ഭാഷാസാഹിത്യവും ഏററക്കുറെ ഏകീകരണശക്തികളായിത്തന്നെ വർത്തിച്ചുതുടങ്ങീട്ടുണ്ട്. ഒരു കേരളീയസർവകലാശാല ഉണ്ടാകുന്നതായാൽ അത് ഈ ബന്ധത്തെ ദൃഢീകരിക്കുന്നതിനു പര്യാപ്തമാകുമെന്നു തന്നെ വിശ്വസിക്കാം. അതിന്റെ

ആവിർഭാവം അടുത്തുവെന്ന് ഒരിക്കൽ തോന്നിയെങ്കിലും അത് ഇപ്പോഴും സംശയഗ്രസ്തമായിട്ടാണിരിക്കുന്നതു്. എന്നാൽ അത് ഇന്നല്ലെങ്കിൽ നാളെ വരാതിരിക്കാൻ തരമില്ല. ആസന്നമായിരിക്കുന്ന ഭരണപരിഷ്കാരം ഇതിന് അനുകൂലമായി വരുമെന്നു തന്നെ ആശിക്കാം. ഒരിക്കൽ ശുഷ്കവും ഇന്നു വർദ്ധമാനവുമായിരിക്കുന്ന കേരളത്തിലെ സാഹിത്യത്തെക്കുറിച്ചും ഇവിടെ ഒന്നുരണ്ടു വാക്കു പറയുന്നതു് ആവശ്യമാണെന്നു തോന്നുന്നു. ആദ്യമായി തുഞ്ചത്തു ഗുരുനാഥൻെറ കയ്യിൽ നിന്നാണ് ഭാഷയ്ക്കും ഭാഷാസാഹിത്യത്തിനും അല്പമെങ്കിലും ഒരു സംസ്കാരം ലഭിച്ചതു്. അദ്ദേഹത്തെ തുടൎന്ന് കോട്ടയത്തുതമ്പുരാൻ, കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാരിയർ, കൊട്ടാരക്കരതമ്പുരാൻ മുതലായി പലരും ഇടക്കിടെ സാഹിത്യോദ്ധാരത്തിൽ വേല ചെയ്തുവെങ്കിലും കുറച്ചുകാലത്തേക്ക് പ്രത്യക്ഷമായ ഒരു പ്രവൃദ്ധി സിദ്ധിച്ചില്ലെന്നുതന്നെ പറവാൻ. എന്നാൽ കേരളവൎമ്മ വലിയകോയിത്തമ്പുരാൻെറ സാഹിത്യപരിശ്രമാരംഭം മുതല്ക്കു ഭാഷാസാഹിത്യത്തിന് അനന്യസാധാരണമായ ഒരഭിവൃദ്ധി സിദ്ധിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. അന്നു കൈവിരലുകളിന്മേൽ എണ്ണപ്പെടാവുന്ന സാഹിത്യഗ്രന്ഥങ്ങൾക്കു പകരം ഇന്നു അവ ശതശഃ അഥവാ സഹസ്രശഃ വൎദ്ധിച്ചിട്ടുണ്ടെന്നു പറയുന്നതിൽ അത്യുക്തി ഉണ്ടെന്നു പറവാൻ തരമില്ല. ഗദ്യങ്ങളും പദ്യങ്ങളും മിശ്രങ്ങളുമായ സാഹിത്യഗ്രന്ഥങ്ങൾ ഇന്നു പ്രതിദിനമെന്നപോലെ വൎദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. ഈ വിഷയത്തിൽ പ്രവൎത്തിച്ചിട്ടുള്ളവർ അധികമുണ്ടെങ്കിലും ഇവരിൽ പ്രധാനികളുടെ പേരു മാത്രമെ ഇവിടെ പ്രസ്താപിക്കണമെന്നു വിചാരിക്കുന്നുള്ളു. ഇവർ: കേരളവൎമ്മ വലിയകോയിത്തമ്പുരാൻ, ഭാഗിനേയൻ രാജരാജവൎമ്മ അവർകൾ, അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്, കൊച്ചുണ്ണിത്തമ്പുരാൻ, സി. വി. രാമൻപിള്ള, ഉള്ളൂർ പരമേശ്വരയ്യർ, വള്ളത്തോൾ നാരായണമേനവൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, കുഞ്ഞുരാമൻ നയനാർ, എം. രാജരാജവൎമ്മരാജാ, കുമാരനാശാൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, പി. കെ. നാരായണപിള്ള, കണ്ടത്തിൽ വറുഗീസ്മാപ്പിള മുതലായവരാണ്. ഇവരിൽ ചിലർ അല്പമായും മററു ചിലർ അധികമായും ഭാഷാസാഹിത്യത്തെ സഹായിച്ചിട്ടുണ്ടെന്നും പറയേണ്ടിയിരിക്കുന്നു.

സാഹിത്യവിഷയത്തിൽ മലയാളഭാഷ ഇന്നു ഭാരതത്തിലെ ഇതര ഭാഷകളെ അപേക്ഷിച്ച് ഒട്ടും പിന്നാക്കമല്ലെന്നുതന്നെ പറയാം. മലയാളഭാഷാസാഹിത്യം ഇന്നു രണ്ടുവിധമായിട്ടാണിരിക്കുന്നതു്. സംസ്കൃതപ്രണയികളുടെ ഭാഷാസാഹിത്യം സംസ്കൃതസാഹിത്യത്തിൻെറ ഛായയേയും ഇംഗ്ലീഷുഭാഷാപ്രണയികളുടെ ഭാഷാസാഹിത്യം ആ ഭാഷയുടെ ശയ്യയേയും അവലംബിച്ചു കാണപ്പെടുന്നു. ഏതായാലും ഭാഷാസാഹിത്യം ഒരു നവീ

നപ്രസ്ഥാനത്തിലേയ്ക്കു കാൽവച്ചിരിക്കയാണ്. കേരളത്തിലെ വിവിധ സമുദായങ്ങളും അപ്രകാരം തന്നെ. ഒരു യുവകേരളത്തിൻെറ അഥവാ ഒരു നവകേരളത്തിൻെറ അരുണോദയം ആസന്നമായിട്ടുണ്ടെന്നു തന്നെ പറയാം.

# വിദ്യാഭ്യാസപരിഷ്കരണപ്രശ്നങ്ങൾ.

(ഡി. ഗോവിന്ദൻകർത്താവു്, ഹെഡ്മാസ്റ്റർ വി. എം. സ്കൂൾ, പറവൂർ.)

(1) ആൺപാഠശാലകളിൽ പെൺവാദ്ധ്യാന്മാരെ നിയമിക്കുക.

പ്രസ്തുതവിഷയം വിദ്യാഭ്യാസപരിഷ്കരണക്കമ്മററിയുടെ ആലോചനാപരിധിയിൽ പെട്ടതായി മിഥുനം ലക്കം 'ഗുരുനാഥൻ' മുഖേന അറിയുന്നു. ഇതു ഗുരുനാഥന്മാൎക്കു് അഭിപ്രായപ്രകടനത്തിനു അവകാശപ്പെട്ട ഒരു വിഷയമാണു്. അദ്ധ്യാപകവൃത്തിയിൽ മുപ്പതോളം കൊല്ലത്തെ പഴക്കംകൊണ്ടു് 'ഗുരുനാഥൻെറ' ക്ഷണനം സ്വീകരിച്ചതിൽ വല്ല അപാകവും വന്നുപോയാൽ അതിനെ സദയം ക്ഷമിക്കണമെന്നും അഭ്യൎത്ഥിച്ചുകൊള്ളുന്നു.

ആൺപാഠശാലകൾ എന്നാൽ ആൺകുട്ടികൾക്കായി കരുതപ്പെട്ട പാഠശാലകൾ എന്നേ അൎത്ഥമുള്ളു. എന്തെന്നാൽ പെൺകുട്ടികൾ കൂടി പഠിക്കുന്ന ആൺപാഠശാലകൾ നമ്മുടെ നാട്ടിൽ അസുലഭമല്ല. അത്തരം പാഠശാലകളിൽ അദ്ധ്യാപനം നടത്തുന്നതു അദ്ധ്യാപകന്മാരുമാണു്. ആൺകുട്ടികൾ അപൂൎവ്വമായി പഠിക്കുന്നുണ്ടെങ്കിലും പെൺകുട്ടികൾക്കായി കരുതപ്പെട്ട പാഠശാലകളിൽ മിക്കതിലും പഠിപ്പിക്കുന്നതു് അദ്ധ്യാപികമാരുമത്രെ. പരീക്ഷാവിജയിനികൾ ഇല്ലാതിരുന്നകാലത്തു് പെൺപാഠശാലകളിൽ ആണുങ്ങളെത്തന്നെ നിയമിച്ചുപോന്നിരുന്നു. പെൺപാഠശാലകളിലുണ്ടാകുന്ന ഒഴിവുകളിലും, ആൺപാഠശാലകളിലെ ഒഴിവിലേയ്ക്കു പെൺപള്ളിക്കൂടങ്ങളിൽനിന്നും ആൺവാദ്ധ്യാന്മാരെ മാററി അവിടെ ഒഴിവുണ്ടാക്കി അവിടേയും സ്ത്രീകളെ നിയമിച്ചുതുടങ്ങിയതു് പരീക്ഷാവിജയിനികളായ യുവതികൾ അദ്ധ്യാപകവൃത്തി സ്വീകരിക്കാൻ ഒരുങ്ങിവന്നതുകൊണ്ടാണു്. അല്ലാതെ പെൺകുട്ടികളെ പഠിപ്പിക്കാൻ ആൺവാദ്ധ്യാ

ന്മാർ അപ്രാപ്തരെന്നു കണ്ടതുകൊണ്ടോ പെൺവാദ്ധ്യാന്മാർക്കു കൂടുതൽ സാമർത്ഥ്യമുണ്ടെന്നു ബോധപ്പെട്ടതുകൊണ്ടോ ആണെന്നു തോന്നുന്നില്ല. ആയതുകൊണ്ടു് വാദ്ധ്യാർവേലയ്ക്കു ഒരുക്കമുള്ള സ്ത്രീകൾ ധാരാളമുള്ള ഇക്കാലത്തു് സ്ത്രീകളെ ആൺപാഠശാലയിൽ നിയമിക്കുന്നതുകൊണ്ടു് യാതൊരു ദോഷവും ഉണ്ടാവാനില്ല.

ആണുങ്ങളെ പഠിപ്പിക്കുന്നതുതന്നെ പെണ്ണുങ്ങളേയും പഠിപ്പിച്ചുകൊണ്ടിരിക്കുന്നിടത്തോളം കാലം ആണുങ്ങൾക്കു ചെയ്യാവുന്ന ഏതു തൊഴിലും പെണ്ണുങ്ങൾക്കും ചെയ്യാവുന്നതാണ്. സക്കാർവക എല്ലാ തുറകളിലും പ്രവേശനത്തിനായി അസമത്വദൂരീകരണവ്യാജേന പരീക്ഷാവിജയിനികൾ മുറവിളി കൂട്ടുന്നതിനെ ചെവികൊടുത്തു ശ്രദ്ധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇതു് ആൺപാഠശാലകളിൽ പെൺവാദ്ധ്യാന്മാരെ നിയമിക്കുന്നതിൽ ഔചിത്യക്കുറവില്ലെന്നു തെളിയിക്കുന്നു.

അദ്ധ്യാപകവൃത്തി കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ആണുങ്ങളോടൊപ്പം സാമർത്ഥ്യം പെണ്ണുങ്ങൾക്കുണ്ടോ എന്നാണ്. "ചൊല്ലേറും കവിതയ്ക്കുമാത്രമവരാളല്ലെന്നുവന്നീടുമോ?" എന്നു് ഒരു സരസകവയിത്രി സ്ത്രീകളുടെ കവിതാപാടവത്തെ പുകഴ്ത്തിയ കൂട്ടത്തിൽ പ്രസ്താവിച്ചിട്ടുള്ളതു് സ്മരണയിൽ വരുന്നു. അതിനാൽ അദ്ധ്യാപകവൃത്തിക്കു മാത്രം അവരാളല്ലെന്നു് ഒരിക്കലും വരികയില്ലല്ലൊ. വിശേഷിച്ചു് പഠിപ്പിക്കുന്നതിൽ സ്ത്രീകൾക്കു പുരുഷന്മാരെക്കാൾ വൈദഗ്ദ്ധ്യമേറും. ശിശുപ്രകൃതിവിജ്ഞാനം സ്ത്രീയോടൊപ്പം പുരുഷനില്ല. കുട്ടികൾ കരയുന്നെങ്കിൽ അതിന്റെ കാരണം സൂക്ഷ്മമായി മാതാവു കാണുന്നു. പിതാവു് അതറിയുവാൻ കഴിവില്ലാതെ കുഴങ്ങുന്നു. കുട്ടികളുടെ വാസനയറിയുന്നതിനും മാതാവിനു പിതാവിനേക്കാൾ വൈഭവമേറും. ശൈശവത്തിൽ അമ്മയിൽനിന്നു പഠിക്കുന്നിടത്തോളം അച്ഛനിൽനിന്നു ലഭ്യമല്ല. "തൊട്ടിലാട്ടുന്ന കൈ തന്നെ വിഷ്ടപത്തെ ഭരിപ്പതും" എന്നാണല്ലൊ ആപ്തവാക്യവും. ശാന്തത, പ്രസന്നത, മാധുര്യം, ദയ ആദിയായ ഗുണങ്ങൾ സ്ത്രീകളുടെ പ്രത്യേകസ്വത്താണ്. ശബ്ദഗുണവും സ്ത്രീകൾക്കേറും. അദ്ധ്യാപകവൃത്തിക്ക് ഈ വക ഗുണങ്ങൾ അത്യാവശ്യവുമാണ്. ഇതെല്ലാം ആലോചിക്കുമ്പോൾ അദ്ധ്യാപകവൃത്തി സ്ത്രീകൾക്കുതകിയ പണിയാണെന്നുള്ളതിനു സംശയമുണ്ടാകുവാൻ വഴി കാണുന്നില്ല. ഈ പരമാർത്ഥം മനസ്സിലാക്കി പരിഷ്കൃതരാജ്യങ്ങളിൽ പ്രാഥമികശിക്ഷണത്തിന്റെ ചുമതല സ്ത്രീകൾ സ്തുത്യർഹമാംവണ്ണം നിർവ്വഹിച്ചുവരുന്നതു് അനുഭവവുമാണല്ലൊ.

ആൺകുട്ടികളെ പഠിപ്പിക്കുവാൻ സ്ത്രീകൾ പ്രാപ്തകളാവുമോ എന്ന വിചിന്തനത്തിൽ നാം ഒന്നു് ഓർക്കേണ്ടതാകുന്നു. ആൺകുട്ടികളെ ഗ

ഭിക്കാനും പ്രസവിക്കാനും ശുശ്രൂഷിക്കാനും സ്ത്രീകൾക്കു പ്രാപ്തിയുണ്ടെങ്കിൽ അനന്തരാഭ്യസനത്തിൽ അവർ അപ്രാപ്തകളാവുമെന്നൂഹിക്കുന്നതല്ലെ വിഡ്ഢിത്തം. ലോകപ്രസിദ്ധന്മാരായ രാജ്യതന്ത്രജ്ഞന്മാരും, യുദ്ധവിദഗ്ദ്ധന്മാരും, കലാകുശലന്മാരും ആ നിലയിൽ എത്തിയതു് അവരുടെ മാതാക്കന്മാരുടെ മഹിമകൊണ്ടാണെന്നുള്ളതിനു ചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ടു്. ശിവാജിമഹാരാജാവിന്റെ പൌരുഷത്തിനും ധർമ്മനിഷ്ഠക്കും നിദാനം വീരപ്രസുവായ ആ മഹാപുരുഷന്റെ മാതാവല്ലേ? ഗൃഹത്തിലെ മാതൃശിക്ഷണം കൊണ്ടു് അപൂർവ്വം ചിലർ മഹാന്മാരായിത്തീർന്നിട്ടുണ്ടെങ്കിൽ പാഠശാലയിലെ മാതൃശിക്ഷണത്തിന്നു് അനവധി മഹാത്മാക്കളെ സൃഷ്ടിക്കാൻ ശക്തിയില്ലാതെ വരുമോ?

ശൈശവത്തിലെ സ്വഭാവാങ്കുരങ്ങളാണല്ലോ പ്രായമാവുമ്പോൾ പൊടിച്ചുതഴച്ചു പൂത്തു ഫലിക്കുന്നതു്. അശോകത്തിനു കുലസ്ത്രീകളുടെ പാദാഘാതം ദോഹദമെന്നോണം, ഗുണവതികളായ വിദുഷികളുടെ ശിക്ഷണം ശിശുക്കളെ സശോകരാക്കാതെയുള്ള സ്വഭാവരൂപവൽക്കരണത്തിന്നു് അപരിത്യാജ്യമാകുന്നു. അതിനാൽ ആൺപാഠശാലകളിലെ പ്രൈമറിക്ലാസുകളിൽ പെൺവാദ്ധ്യാന്മാരെ മാത്രമെ മേലാൽ നിയമിക്കാവു എന്നേർപ്പാടുണ്ടായാൽ അതു് എല്ലാംകൊണ്ടും നന്നാകുന്നു.

### (2) പെൺപള്ളിക്കൂടങ്ങളെ പ്രത്യേകം പരിഗണിച്ചു നടത്തേണ്ട ആവശ്യമുണ്ടോ?

പ്രപഞ്ചം നിലനില്ക്കുന്നതുതന്നെ സ്ത്രീപുരുഷസഹകരണംകൊണ്ടത്രെ. അതിനാൽ വിദ്യാഭ്യാസത്തിൽ സ്ത്രീപുരുഷന്മാരെ പ്രകൃതിക്കു വിരുദ്ധമായി വേർതിരിക്കുന്നതു് ആശാസ്യമെന്നു തോന്നുന്നില്ല. സ്ത്രീയെ അകററിനിർത്തി പുരുഷൻ കർമ്മകുശലനായതായി അറിയുന്നില്ല. "ശിവശ്ശക്ത്യായുക്തോയദിഭവതി ശക്തഃപ്രഭവിതും നചേദേവം ദേവോനഖലുകുശലസ്പന്ദിതുമപി" എന്നാണല്ലോ അദ്വൈതപാരദൃശ്വാവായ ശ്രീമത് ശങ്കരാചാര്യസ്വാമിയും പാടിയിട്ടുള്ളതു്.

വിദ്യാഭ്യാസത്തിന്റെ പ്രഥമോദ്ദേശ്യം സ്വഭാവസംസ്കരണമാണു്. ബാലികാബാലന്മാരെ ഒന്നിച്ചിരുത്തി പഠിപ്പിക്കുന്നതുകൊണ്ടു് സ്വഭാവസംസ്കരണം സുഗമമാണെന്നാണു് അനുഭവപ്പെട്ടിട്ടുള്ളതു്. ഹൃദയമാർദ്ദവം, പ്രത്യുല്പന്നമതി, അനുകരണം, സർവ്വോപരിസ്നേഹം മുതലായി പല സ്വഭാവഗുണങ്ങളും ബാലന്മാരിലും സ്ഥൈര്യം, ധൈര്യം, പ്രസരിപ്പു്, ചൊടി മുതലായവ ബാലികമാരിലും പകരുന്നതിനും തന്മൂലം സ്വഭാവസംസ്കരണത്തി

ൽ അദ്ധ്യാപകന്റെ ക്ലേശം കുറയുന്നതിനും ഇടയുള്ളതാകുന്നു. ആൺപെൺചെറുപൈതങ്ങൾ ഏകമനസ്സോടെ പ്രവർത്തിക്കുന്നതു പ്രത്യേകാനന്ദദായകമാണ്. പെൺകുട്ടികൾക്കു സഹജമായ ലജ്ജയും കുരുട്ടുകൌശലങ്ങളും ആൺകുട്ടികളുടെ സഹപാഠിത്വത്തിൽ കുറയാനും വഴിയുണ്ട്. ആൺപെൺവിദ്യാർത്ഥികൾ സമ്മേളിച്ച് ഒരു അദ്ധ്യാപികയുടെ ശിക്ഷണത്തിൽ കഴിയുന്നതു് സഹോദരസഹോദരിമാരായ മക്കളും അമ്മയും ഒരുമിച്ചു സമ്മേളിക്കുന്നതിൽ നിന്നുണ്ടാകുന്ന സൌഹൃദഭാവത്തെ നിതരാം പുലർത്തുന്നു. കൂടാതെ പെൺകുട്ടികളുടെ സ്വരമാധുര്യത്തെ അനുകരിച്ച് ഗദ്യപദ്യങ്ങളെ കഥിക്കുന്നതിനും അവരുടെ മസൃണമനോഭാവത്തെ അനുകരിച്ചു സന്മനോഭാവം പോഷിക്കുന്നതിനും പ്രകൃതിയുടെ സൌന്ദര്യാസ്വാദനത്തിൽ താല്പര്യം ജനിക്കുന്നതിനും ആൺകുട്ടികൾക്കു കഴിവുണ്ടാകും.

സ്ത്രീപുരുഷന്മാരുടെ പാഠ്യവിഷയങ്ങളെ ആസ്പദമാക്കി വേണം പാഠശാലകളെ ആണും പെണ്ണുമായി തരംതിരിക്കാൻ. അല്ലാതെ ലിംഗഭേദത്തെ ഗണിച്ചല്ല വേണ്ടതു്. ഗർഭധാരണം, പ്രസവം, ശിശുപരിചര്യ, ഗൃഹഭരണം, മുതലായവ സ്ത്രീധർമ്മങ്ങളായിരിക്കുന്നിടത്തോളം കാലം സ്ത്രീകളുടെ അഭ്യസനവിഷയങ്ങൾക്കും ഒരു പ്രത്യേകത ആവശ്യമാണ്. അതിനാൽ പാഠപദ്ധതിയിൽ മാററം വരുത്തുന്നപക്ഷം സ്ത്രീകൾക്കും പുരുഷന്മാർക്കും പാഠശാലകളെ പ്രത്യേകം തരംതിരിച്ചേപ്പെടുത്താം. പ്രൈമറി ക്ലാസുകളിലെ പാഠപദ്ധതി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുപോലിരുന്നാൽ മതിയാകും. അതിനാൽ ചെറുബാലികമാരും ബാലന്മാരും ഒരു ചരടിലിണക്കി കോർത്ത പുഷ്പങ്ങൾപോലെ ഇടകലർന്നിരുന്നു പഠിക്കട്ടെ.

പ്രാഥമികപാഠശാലകളെ സംബന്ധിച്ചിടത്തോളം ആൺപെൺതരംതിരിവു വേണ്ടെന്നുവച്ചാൽ അതു വ്യയനിയന്ത്രണസഹായവുമാണ്. ഒരേ പുരയിടത്തിൽ തന്നെ പ്രാഥമികആൺപാഠശാലകളും പെൺപാഠശാലകളും നടത്തിപ്പോരുന്നുണ്ട്. അവയിൽ ഓരോ ക്ലാസിലും വേണ്ടിടത്തോളം കുട്ടികളുമില്ല. അവയെ യോജിപ്പിക്കുന്നതായാൽ ഏതെങ്കിലും ഒരു സ്കൂളിലെ അദ്ധ്യാപകന്മാരുടെ ശമ്പളച്ചെലവും മററും കുറക്കാവുന്നതാണ്. ഇത്തരം ആവശ്യമില്ലാത്ത പാഠശാലകളെ കുറക്കുന്നതിനും അത്യാവശ്യമുള്ള ദിക്കിൽ നൂതനപാഠശാലകൾ സ്ഥാപിക്കുന്നതിനും ഒരു വിദ്യാഭ്യാസസർവേ നടത്തേണ്ട കാലവും അതിക്രമിച്ചിരിക്കുന്നു.

പ്രാഥമികപാഠശാലകളെ സംബന്ധിച്ച് ആൺപെൺശാഖ വേണ്ടെന്നുവയ്ക്കുക. അവയിൽ പഠിപ്പിക്കുന്നതിനു സ്ത്രീകളെ മാത്രം നിയമിക്കുക. ഇവയുടെ ഫലം അഭ്യാസത്തിൽ അഭിവൃദ്ധ്യുന്മുഖമായ വിജയവും അ

ധ്യാപനത്തിൽ പ്രയാസക്കുറവും, ഉദ്ദേശസാദ്ധ്യത്തിൽ ലാഘവവും സവ്വോ-പരി വിദ്യാഭ്യാസച്ചെലവിൽ ഗണ്യമായ കുറവും ഉണ്ടാകുന്നതാണ്. മററു പ്രശ്നങ്ങളെപ്പററി യഥാമതി വഴിയെ പ്രസ്താവിച്ചുകൊള്ളാം.

## കാർ കൊണ്ട ആകാശം.

(പണ്ഡിതർ വെള്ളാംശ്ശൂൽ ഗോവിന്ദമേനോൻ)

(കേക)

വസ്തുബോധത്തെ വളർത്തീടുന്ന സൂൎയ്യാഭയും,
നിസ്തുലസുധാകരസുന്ദരപ്രകാശവും,
മിന്നിമിന്നീടും കൊച്ചുതാരകവിലാസവു-
മൊന്നുമിക്കാലം നിന്നിൽ നഭസ്സേ, കാണ്മീലല്ലോ.
പശ്ചിമപയോരാശിതന്നിൽനിന്നുയർന്നുള്ളൊ-
രുച്ചണ്ഡഘനാഘനഭീകരപീരങ്കികൾ
മേല്ക്കുമേൽ വമിക്കുന്ന സാന്ദ്രധൂമമോ വന്നു
മായ്ക്കുന്നു തവ നിത്യനിൎമ്മലപ്രദീപ്തിയെ
വൻതോക്കിൻ താല്പ്പാലികഭീഷണിപ്പകിട്ടൊത്തു
ശാന്തമായ് മന്ദസ്മിതംകൊൾകയോ ചിലപ്പോൾ നീ.
കാലവൈപരീത്യത്തെയോർത്തു നീയിരുൾകൊണ്ട-
തീലോകമശേഷവും ബാധിച്ചു കാൺമൂ കഷ്ടം!
അത്തലിൻ കരിമ്പുക കുന്നിനാലിരുണ്ടുള്ള
ചിത്തത്തിൻ ചിത്രം തുവലെന്നിയേ വരപ്പൂ നീ.
ചെമ്പട്ടു ധരിപ്പിച്ചുകൊള്ളട്ടെ നിന്നെസ്സൂൎയ്യ-
നമ്പിളി പലമട്ടു തിലകം ചാർത്തീടട്ടെ,
താരകകുലം തങ്കനാണ്യങ്ങൾ ചിതറട്ടെ,
പാരമായ് കരിതേച്ചുകൊള്ളട്ടെ മുകിൽവർഗ്ഗം,
നിൻനിലക്കൊരു ഭേദമില്ലാതെന്നുമുന്നത-
നെന്നും നീ ലോകാധാരൻ ഗംഭീരൻ ജഗൽഗുരു.

# വിമർശനവീഥി.

## സീതാലക്ഷ്മി.

നവീനപ്രസ്ഥാനമെന്നു മലയാളഭാഷയ്ക്കു് അഭിമാനിക്കാവുന്ന ഗദ്യദൃശ്യകാവ്യങ്ങളിൽ പ്രഥമസ്ഥാനം അർഹിക്കുന്ന 'സീതാലക്ഷ്മി' പ്രജാധിപത്യഭരണത്തിന്റെ മഹനീയഗുണങ്ങളെയും, ഏകാധിപത്യം സ്വാർത്ഥമാത്രപരതയാൽ ഭീരുത്വം, വഞ്ചന, ക്രൗര്യം ഇവയുടെ വിലാസരംഗമെന്നു കാണിച്ച് അതിന്റെ ദോഷവൈപുല്യങ്ങളേയും വിശദീകരിച്ചപ്പോൾ ഇന്നത്തെ ജനാവലിയെ 'അപഹൃതചിത്തവൃത്തികളാ'ക്കിയതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല.

പ്രജാഭരണം തന്നെ ചിലപ്പോൾ ഒരു വ്യക്തിക്ക് അനിയന്ത്രിതമായി സ്വാധീനപ്പെടുകയും അങ്ങിനെയുള്ള വ്യക്തിപ്രാമാണ്യം പലയിടങ്ങളിൽ വിജൃംഭിക്കയും ചെയ്യുമ്പോൾ പരസ്പരസ്പർദ്ധികളായി അവർ മത്സരിക്കുമെന്ന ചരിത്രതത്വത്തിനു കേരളം പെരുമാൾവാഴ്ചയ്ക്കു ശേഷം മൂർദ്ധാഭിഷിക്തോദാഹരണമായിത്തീൎന്നു.

കോലത്തിരി, സാമൂതിരി, അടിതിരി എന്നീ മൂന്നു പ്രധാനശക്തികളും അവരുടെ കീഴിൽ അനേകഭരണകൂടങ്ങളും ഉത്ഭവിച്ചു കഴിഞ്ഞുകൂടുന്നകാലത്തു് സാമ്രാജ്യദുർമ്മോഹംകൊണ്ടു പോർട്ടുഗീസുകാർ തുടങ്ങി പലരും കേരളത്തിൽ എത്തിച്ചേൎന്നു. അവരുടെ ചേർച്ചയും വേഴ്ചയും വന്ന കാലത്തുതന്നെ സ്വാധികാരപ്രതിഷ്ഠയ്ക്കു് ഒരുങ്ങിയ കലാപം പല രാജസവിധ്യപ്രഭാവങ്ങളെയും നാമാവശേഷമാക്കി ചെയ്തു.

എട്ടുവീട്ടിൽ പിള്ളമാർ എന്ന പ്രസിദ്ധനായർപ്രമാണികൾക്കു് കുപ്രസിദ്ധിയും കൗടില്യവും ആരോപിച്ച് രാജചരിതവാർണ്ണീഷുമിട്ടു തിരുവിതാംകൂറിൽ ഭരണം നടക്കുന്ന കാലത്തു് ഇവരുടെ നട്ടനായകമായ കുടമൺഗിരിഗഹ്വരത്തിൽ ഒരു നരഹരി, സ്ത്രീരൂപത്തിൽ അവതരിച്ചു രംഗപ്രവേശം ചെയ്യുന്നതായി നാടകം സമാരംഭിക്കുന്നു. ഒരു ഘോരകാന്താരത്തിൽ വൈരനിര്യാതനസാരവുംകൊണ്ടു വിഹരിക്കുന്ന സീത സ്വപൌരുഷം യോഗീശ്വരനിലും ഭദ്രകാളിയിലും അടിമത്വമനോഭാവത്തോടെ സമർപ്പിച്ചപ്പോൾതന്നെ ശോകപരിണതിയുടെ ബീജാവാപം ചെയ്തുകഴിഞ്ഞിരിക്കുന്നു.

മതവും മന്ത്രവും ഉപദേശിച്ചു പല കർമ്മങ്ങളിൽനിന്നും വിരമി

പ്പിക്കുന്ന പുരോഹിതവർഗ്ഗങ്ങൾ ജനസ്വാതന്ത്ര്യം ഒരിക്കലും വളരുവാൻ അനുവദിക്കുകയില്ല.

സീതാലക്ഷ്മി ഗുരുജനങ്ങളിൽനിന്നു ധരിച്ച സ്വജനഹത്യാവാർത്തയാൽ പ്രക്ഷുബ്ധയായിട്ടു പ്രതീകാരത്തിനുള്ള അവസരം പ്രതീക്ഷിക്കുന്നതായി നാടകം തുടങ്ങുന്നു. അതിനുള്ള രണ്ടു സാധകോപകരണങ്ങളെ അവൾ വരിച്ചു. ഒന്നു സന്യാസിയും മഹാകാളിയുമെന്ന് ആദ്യരംഗംകൊണ്ടു തെളിയുന്നു.

അടുത്ത മൂന്നു രംഗങ്ങൾ കൊണ്ടു സീതയ്ക്കു് മറെറാരു ആയുധവും സ്വാധീനമായെന്നു കാണാം. പക്ഷെ അവിടെ അതു് അനുരാഗം കൊണ്ടു സംക്രാന്തമാണു്. അതും സീതയുടെ ഉദ്ദിഷ്ടപ്രാപ്തിക്കു വിഘാതമായി. ശ്രീപത്മനാഭൻ തമ്പിയുടെ മാതുലപുത്രനായ അനന്തകൃഷ്ണൻ തമ്പിയിൽ ആകാരാനുരൂപ്യത്തിനു പുറമെ ഉദ്ദേശസാദ്ധ്യത്തിനുള്ള ഒരു മനോബന്ധവും സീത ദർശിച്ചു. എന്നാൽ സീതയുടെ ഇംഗിതഭംഗത്തിനു്—പ്രത്യേകിച്ചു പ്രേമഭംഗത്തിനു്—കാപ്പുകെട്ടിയിറങ്ങിയിരിക്കുന്നവനാണു് പൊങ്കൊടി മാതുക്കുറുപ്പു്. ഇയ്യാൾ തന്നെയാണു് യോഗീശ്വരവേഷം ധരിച്ചു കാണപ്പെടുന്നതു്. സ്വപുത്രിയായ കല്യാണിക്കുട്ടിയെ അനന്തകൃഷ്ണൻതമ്പിയെക്കൊണ്ടു വിവാഹം ചെയ്യിക്കണമെന്നത്രെ മാതുക്കുറുപ്പിൻെറ ഉദ്ദേശം. സീതാലക്ഷ്മിയുടെ പ്രണയം കൂടി ഘടിപ്പിച്ചു കഥയുടെ ഗതിക്കു് ഒരു സമാന്തരവളർച്ച നൾകുന്നു.

സീതാലക്ഷ്മിയുടെ പ്രതീകാരലാക്കു് അനന്തപത്മനാഭനാണു്. ആ ലക്ഷ്യത്തോടു സമീപിക്കാൻ അവൾക്കു് ഒരു ശ്രമവും വേണ്ടിവന്നില്ല. സ്വവാസസ്ഥാനമായ വള്ളിയൂർ, നവാബിൻെറയൊ തിരുവിതാംകൂറിൻെറയൊ എന്ന വാദം ചരിത്രപ്രസിദ്ധമാണു്. അതിനെ സുരക്ഷിതമാക്കുന്നതിനു് ആർക്കാട്ടിൽനിന്നും സൈന്യങ്ങളെ അയച്ച വിവരം അനന്തപത്മനാഭൻ അറിഞ്ഞു വള്ളിയൂർ എത്തി. സീതാലക്ഷ്മിയുടെ പ്രതികാരേച്ഛ പരമോച്ചസ്ഥാനത്തുമെത്തി.

ആർക്കാട്ടിൽനിന്നു് വന്ന ആളുകളുടെയിടയിലും ഒരു പ്രണയകഥ വളരുന്നു. സുലൈഖയോടുള്ള അനുരാഗം നിഷ്ഫലമെന്നുറച്ചിരുന്ന അബുബേക്കർ-അവൾ പ്രേമപാരവശ്യതയോടെ സംഭാഷണംചെയ്യുന്നതു് പ്രത്യക്ഷമായി കേൾക്കുവാനിടവന്നെങ്കിലും ആ ബുദ്ധിഹീനൻ-കഷ്ടം, സുലൈഖയുടെ പ്രേമവിഗ്രഹത്തിൽ അനന്തകൃഷ്ണൻതമ്പിയെ, വ്യാമോഹപിത്തനായി ദർശനം ചെയ്തു. അതിനാൽ സംഗ്രാമഭീരുവായ അബു വിഷലിപ്തകഠാരികൊണ്ടു തമ്പിയെ നിഗ്രഹിച്ചു. അവിടെവച്ചുതന്നെ പ്രതികാരപരാജിതയായ സീത സ്വകാമുകഘാതകനെ വധിച്ചു്, പരിണയം പരലോകത്തെന്നുറച്ചു് തമ്പിയെ അനുഗമിക്കുന്നു.

സീതാലക്ഷ്മി സ്വകാമുകനെ പൗരുഷശിക്ഷണംചെയ്തു് ധീരോദാ

ത്തനാക്കിയും മാത്തുക്കുരപ്പ് കുതന്ത്രങ്ങൾകൊണ്ടു തമ്പിയെ സ്വപുത്രിയുടെ അന്തകനാക്കിയും മുന്നോട്ടു പോകുന്ന കഥാബന്ധം സുലൈഖാഷംസുദ്ദീന്മാരുടെ പരമപാവനമായ പ്രേമകനകഖണ്ഡത്തിൽ പററിയിരുന്ന വിയോഗപ്പൊടി തുടച്ചും അബുവിനെ വിടനിർവ്വിശേഷമായ വികാരജടിലതയോടെ പരലോകത്തേക്കയച്ചും ഒരു സങ്കീർണ്ണരൂപത്തെ അവലംബിച്ചിരിക്കുന്നു. ഒന്നു മറെറാന്നിൽ കാലിടറിവെന്നു പെരാതെ ഉചിതനിർവ്വഹണം കൊണ്ടു സാധിക്കുന്ന കഥാബന്ധം പ്രേക്ഷകരെ ആനന്ദഭരിതരാക്കിച്ചെയ്യുന്നുണ്ട്.

അനന്തപത്മനാഭൻ ഏകാധിപത്യമാതൃകയും സീതാലക്ഷ്മി പ്രജാധിപത്യമാതൃകയുമായിനിന്ന് ഇന്നത്തെ ലോകത്തെ നിരീക്ഷിക്കുന്നതായും ഒരു വിമർശനവശം ഈ ഗ്രന്ഥത്തിനുണ്ട്. ജീവിതവിമർശനം എന്നൊരു ഭാഗം ആഖ്യായികകൾക്കും നാടകങ്ങൾക്കും മാത്രമല്ല, എല്ലാവിധ സാഹിത്യഗ്രന്ഥങ്ങൾക്കും അനപേക്ഷണീയമാണ്. ഒൻപതാംരംഗത്തിൽ അനന്തപത്മനാഭൻ വേഷപ്പ്രന്നനായ മാത്തുക്കുരപ്പിനെ കാണുന്നു. അയാളുടെ നീചോദ്ദേശങ്ങളെ കശനമായി വിമർശിച്ച് രംഗത്തിൽനിന്ന് തിരോധാനം ചെയ്യിക്കുന്നു. അനന്തരം തത്വപരമായ ഒരു ചിന്തയിൽപെട്ട് ആത്മശോധനം ചെയ്യുന്ന അനന്തപത്മനാഭൻ രാജശക്തിയോടെതിരുടുന്നവർ വധ്യരാണെന്ന സ്വേച്ഛാഭരണതത്വം സ്ഥാപിക്കുന്നു. പക്ഷെ താൻ ചെയ്തുപോയ കർമ്മങ്ങൾ പശ്ചാത്താപകാരണങ്ങളും ആയിട്ടുണ്ട്. എങ്കിലും ചിരാഭ്യാസിതവാസന അന്തഃകരണത്തിൽ മിന്നിമിന്നി പ്രകാശിക്കുന്ന ദിവ്യചോദനത്തെ ശാസനരോധംചെയ്തു നിഹനിക്കുന്നു.

അടുത്തു് അനന്തപത്മനാഭനെ നാം കാണുന്നതു് പതിന്നാലാംരംഗത്തിൽ വള്ളിയൂർവച്ചാണ്. അനന്തകൃഷ്ണൻതമ്പിയേയും ഹിരൺധാരയേയും നേരിടുന്നതു് അപായകരമെന്നും ഏതു കുത്സിതനയം പ്രയോഗിച്ചും രാജശക്തിയെ പുലത്തണമെന്നും അനുചരരെ ഉൽബോധിപ്പിക്കുന്നു.

പതിനെട്ടാം രംഗം മുതൽ നാടകാന്തംവരെ അനന്തപത്മനാഭന്റെ പലവിധ അഭിനയങ്ങളും പ്രത്യക്ഷമാകുന്നുണ്ട്. ഇവയെല്ലാം ഒരു രാത്രിയിലെ സംഭവങ്ങളുമാണ്. വെടിമരുന്നുകോട്ടക്ക് തീവെക്കുന്നു. നവാബിന്റെ സേനയുടെ പരാജയം, സുലൈഖയുമായുള്ള കൂടിക്കാഴ്ച, സീതാലക്ഷ്മിയുടെ ദർശനം, പശ്ചാത്താപം ഇവ ഓരോന്നും അദ്ദേഹത്തിന്റെ ദർപ്പണങ്ങളായിത്തീർന്നിരിക്കുന്നു.

ഈ ദർപ്പണത്തിൽ പ്രതിബിംബിക്കുന്ന രൂപം മാർത്താണ്ഡവർമ്മയിൽ കാണുന്ന ബിംബത്തിനു അപകർഷം വരുത്തുന്നുണ്ട്. അതു് നാടകത്തിന്റെ പരിപൂർണ്ണവിജയവുമാണ്.

മാർത്താണ്ഡവർമ്മമഹാരാജാവു് സി. വി. യുടെ സൃഷ്ടിപോലെ ആയിരുന്നു എങ്കിൽ തിരുവിതാംകൂറിന്റെ വിസ്തീർണ്ണം ഇത്രത്തോളമാകുവാനിടയില്ലായിരുന്നു എന്നു് ആ ഗ്രന്ഥാവിർഭാവകാലത്തു് ഒരു വിമർശകൻ പറഞ്ഞിട്ടുണ്ടു്.

വെറും ഐതിഹ്യങ്ങളേയും കെട്ടുകഥകളേയുംകൊണ്ടു് ചരിത്രനിർമ്മാണം ചെയ്ത രാജപാർശ്വവർത്തികൾ എട്ടുവീടരുടേയും തമ്പിമാരുടേയും ചിത്രം കറുത്ത ചായംകൊണ്ടാണു് നിർമ്മിച്ചിട്ടുള്ളതു്. മാർത്താണ്ഡവർമ്മ എന്ന ആഖ്യായികകൊണ്ടു് ഈ ചിത്രം ആബാലവൃദ്ധം, പണ്ഡിതപാമരപര്യന്തം, കൈരളീഹൃദയകുഡ്യത്തിൽ പതിച്ചു. ആ ഗ്രന്ഥത്തിലെ നായകനെ ഗ്രന്ഥകർത്താവിന്റെ പ്രതിച്ഛായയായി വീക്ഷിക്കുന്നതു് അശേഷവും അസംഗതമല്ല.

കാലത്തിന്റെ മാററംകൊണ്ടോ, സത്യാന്വേഷണബുദ്ധികൊണ്ടോ തൽകർത്താവു് 'ധർമ്മരാജാ' എന്ന ആഖ്യായിക എഴുതി ആ വീരവംശത്തിന്റെ നഷ്ടശിഷ്ടങ്ങളെക്കൊണ്ടു ചിരന്തനകീർത്തിയെ പുനഃസ്ഥാപിച്ചു. അപ്പോൾ അനന്തപത്മനാഭപടത്തലവനിലും ഈ അവസ്ഥാന്തരം നാം അല്പം ദർശിക്കുന്നുണ്ടു്. പ്രകൃതമായ സീതാലക്ഷ്മിയിൽ അനന്തപത്മനാഭന്റെ തേജോവധം എത്ര വീരോചിതമായി നടത്തപ്പെടുന്നു പാപക്ഷാളനത്തിനു് സ്വർഗ്ഗംഗാസ്നാനകാംക്ഷ എന്ന വ്യാജേന സി. വി. യെക്കൊണ്ടു സീതാലക്ഷ്മിയിൽ വന്ന അപരാധത്തെ ഏററുപറവാനല്ലേ അനന്തപത്മനാഭൻ അന്നു യാത്ര തിരിച്ചതു്. അനന്തപത്മനാഭൻ സി. വി. യെക്കണ്ടുവെങ്കിൽ അദ്ദേഹത്തിന്റെ പ്രതിച്ഛായതന്നെയാണു് തനിക്കുള്ളതെന്നു് സമ്മതിക്കുമായിരുന്നു.

അനന്തപത്മനാഭനെ സുലൈഖാദർപ്പണത്തിൽക്കൂടി ഒന്നു നോക്കുക തന്നെ. അമൃതകുംഭം അപഹരിക്കുവാൻ അസുരസംഘത്തിൽ അടുത്തുചെന്ന അംഗനാരംഗം പടത്തലവനാൽ പ്രേരിതനായ പട്ടാളക്കാരൻ ആടിക്കഴിഞ്ഞ ഉടനെ വെടിമരുന്നുകോട്ടക്കു് തീവച്ചു. അതിനുശേഷമുണ്ടായ ഒരു യുദ്ധത്തിൽ മഹമ്മദീയസൈന്യം പരാജിതവുമായി. അതിന്റെശേഷമാണു് അജ്ഞാതനാമംകൊണ്ടും, ദയനീയസങ്കടംകൊണ്ടും രേഖപ്പെടുത്തിയ ഒരു സന്ദേശം മുസഫിന്റെ അരമനയിൽനിന്നു സിദ്ധിക്കുന്നതു്. ശത്രുക്കളോടു പടവെട്ടി—അതു ഒരുപക്ഷെ വീരോചിതമായിട്ടല്ലെങ്കിലും—വിജയശ്രീലാളിതനായ അനന്തപത്മനാഭൻ വിശ്രമസുഖം അനുഭവിക്കുന്നതിനു മുമ്പുതന്നെ മുസഫിന്റെ അരമനയിലേക്കു് യാത്രയായി. പട്ടാണിപ്പാളയം, യുദ്ധക്കളം, ചന്ദ്രികാചർച്ചിതമായ നിശ എന്നിവ പൂർവ്വകഥാസ്മൃതിയിലേക്കു് അനന്തപത്മനാഭനെ നയിക്കുന്നു. മണക്കാട്ടുപാളയത്തിലെ ഹാക്കിമിന്റെ സഹവാസസുഖം അനുഭവിച്ച പടത്തലവൻ സുലൈഖാ

പ്രണയത്തിൽ ലീനനാകുന്നു. ഇവിടെ ഗ്രന്ഥകർത്താവ് മനശ്ശാസ്ത്രതത്വവേദിയായി സുലൈഖാഷംസുദ്ധീന്മാരുടെ സംഭാഷണം തുടരുന്നു. മഹമ്മദീയസ്ത്രീകൾക്ക് അനനുയോജ്യമാംവണ്ണം മുഖാച്ഛാദനം എടുത്ത് മുമ്പിൽ വന്നു സംസാരിക്കുന്ന ആ നിതംബിനിയിൽ സങ്കല്പസൃഷ്ടമായ സുലൈഖയെയാണൊ കാണുന്നത് എന്നു വ്യാമോഹിക്കുന്നു.

സംഭാഷണത്തിന്റെ പ്രഥമഘട്ടത്തിൽ മുസഫഖാൻ സുലൈഖയുടെ ഭർത്താവെന്നു ശങ്കിക്കമാത്രമല്ല അതു തുറന്നു പറകയും ചെയ്യുന്നു. ഇതു് ഔചിത്യക്കുറവായിപ്പോയി എന്നാണ് തോന്നുന്നതു്. ചിരപരിചയംകൊണ്ടു് അവളുടെ ഹൃദയം നല്ലപോലെ അറിഞ്ഞിരുന്ന അദ്ദേഹം പ്രേമം വെറും കാമവികാരം മാത്രമെന്നു ശങ്കിച്ചുപോയോ? ഈ പ്രസ്താവം ദ്രോഹമെന്നു തോന്നിയതു് അല്പം ആശ്വാസം.

യോഗാഭ്യാസംകൊണ്ടു് ആത്മജയം സിദ്ധിച്ച ഒരു യമി കാഷ്ഠസദൃശമായി ദേഹം പരിത്യജിച്ച് സാക്ഷാൽക്കാരം അടയുമ്പോൾ സോഹം, സോഹം എന്നു പാടി തന്നിൽ സർവ്വത്തേയും സർവ്വത്തിലും തന്നേയും കാണുന്ന ഭക്തൻ അരമനയിലോ അങ്ങാടിയിലോ കഴിഞ്ഞുകൂടുന്നു. ബങ്കിമചന്ദ്രന്റെ ഐഷയും സി. വി. യുടെ സുലൈഖയും പ്രേമസായൂജ്യം മൻപറഞ്ഞ രണ്ടു വഴിയിൽകൂടി പ്രാപിക്കുന്ന രണ്ടു ജീവന്മുക്തരാണ്.

ഏതു വഞ്ചനയും ഹൃദയശൂന്യതയും സാമ്രാജ്യസംസ്ഥാപനത്തിന് അവശ്യോപകരണമെന്നു സിദ്ധിവരുത്തുന്ന ദുർമ്മോഹികൾ പ്രേമത്തിന്റെ അനിർവ്വചനീയമാഹാത്മ്യം അറിയുന്നതെങ്ങിനെ? അനന്തപത്മനാഭൻ, സുലൈഖാപ്രേമദീപ്തിയാൽ നിഷ്പ്രഭനായിമാത്രം കാണപ്പെടുന്നു.

അനന്തപത്മനാഭൻ:— "പാറുക്കുട്ടിക്ക് അവളുടെ പ്രാണദായിനിയെ വല്ല കാര്യവും ഉണർത്തിക്കണമെന്നു വച്ചാൽ അതിനുള്ള മാർഗ്ഗംകൂടി എന്നോടു പറഞ്ഞയക്കേണമേ"

സുലൈഖ:— "ദൈവസന്നിധിയിൽ എന്നുമാത്രം എന്റെ സഹോദരിയെ അറിയിച്ചേക്കണം. ആ പ്രണയവതിയുടെ പരമാനന്ദത്തെപ്പറ്റിയുള്ള ബോധംമാത്രമെ നിർഭാഗ്യയായ സുലൈഖ സ്വന്തംസുഖത്തിനുവേണ്ടി തിരുവിതാംകൂറിൽനിന്ന് കൊണ്ടുപോന്നിട്ടുള്ളു. ഷംസുദ്ധീൻ." എന്നിങ്ങനെയുള്ള അന്ത്യാമന്ത്രണസൂക്തികൾ ഘണ്ടാനാദംപോലെ ശ്രവണപുടങ്ങളിൽ മുഴങ്ങിക്കൊണ്ടിരിക്കുമ്പോൾ കണ്ണുകളും അടച്ചിരിക്കുന്നതു് നിദ്രാസേവനമല്ല. അവൾ അയാളെ സാപത്ന്യപരാഭവത്തോടെ വീക്ഷിക്കുന്നതെയുള്ളു.

ഈ അവസരത്തിൽ അനന്തപത്മനാഭനെ ഒരു സൂര്യോപലത്തിൽകൂടി കാണുവാൻ ഇടയാകുന്നു. സ്വപൂർവ്വജരുടെ ദാഹശാന്തിക്ക്, സ്വപൗരുഷത്തിന് തമ്പിയെ അടിമപ്പെടുത്തി അനന്തരകാലത്തു് സമത്വസ്ഥാപ

നത്തിന്, സാമ്രാജ്യദ്വേഷപ്രഭാവരംഗമായ ഏകാധിപത്യധ്വംസനത്തിന് നിശിതവാക്പാണികളോടുകൂടി സീതാലക്ഷ്മി രംഗപ്രവേശം ചെയ്യുന്നു. അവളുടെ കുന്തം പ്രതികാരം ചെയ്വാൻ ശക്തിഹീനമെന്നു കണ്ടപ്പോൾ മർമ്മവിദാരണംചെയ്യുന്ന നിശിതബാണങ്ങൾ വാങ്മയതൂണീരത്തിൽനിന്ന് എടുത്തു വർഷിച്ചുതുടങ്ങി. പരസ്പരസ്പർദ്ധികളായ ബഹുവിധ ശക്തികളുടെ സമരാങ്കണമായ നാട് രക്തപങ്കിലമാക്കാതെ കഴിച്ചതു് ഏകാധിപത്യസ്ഥാപനംകൊണ്ടെന്ന് അനന്തപത്മനാഭൻ വാദിക്കുമ്പോൾ പുച്ഛരസത്തോടുകൂടി അയാളുടെ ലോകവിജ്ഞാനത്തെ സീതാലക്ഷ്മി ഖണ്ഡിക്കുന്നു. പരസ്പരനിയന്ത്രണമുള്ള ബഹുവിധാധിപത്യം സീതാലക്ഷ്മി ദർശിക്കുന്നതു് കാണുവാൻ ഗ്രന്ഥകർത്താവിനുതന്നെ മനക്കരുത്തുണ്ടോ എന്ന് സംശയിക്കുന്നു. "കുഞ്ഞേ, ഇതിലധികം എന്നെ വിഷമിപ്പിക്കരുതു്. നമ്മിൽ ആർക്കാണ് തെററു പററിയതെന്ന് കാലം കാണിച്ചുതരും" എന്നു പറവാൻ അനന്തപത്മനാഭനു തോന്നിയപ്പോൾ സീതയുടെ വിജയം പൂർണ്ണമായി.

ആ രംഗത്തുനിന്ന് നിഷ്ക്രാന്തയായ സീതയെ താൻ ചെയ്തുപോയ അപരാധങ്ങളുടെ ഏകാവതാരമായി എണ്ണുന്ന അനന്തപത്മനാഭൻ സാളിഗ്രാമിക അവളുടെ ഉപയോഗത്തിനു നിയുക്തമായി. "അതിൽ നിങ്ങളുടെ അങ്ങുന്നിനെ കെട്ടി എടുത്തു് തിരുവിതാംകൂറിലേക്കു പോകിനെടാ" എന്നു പറഞ്ഞയച്ച ഉത്തരം പടത്തലവനെ മുഹൂർത്തനേരത്തേക്കെങ്കിലും ആത്മശോധനത്തിനു സംഗതിയാക്കി.

തേജോവധംകൊണ്ടു് പിതൃദാഹശാന്തി വരുത്തി കൃതാർത്ഥയായ സീത ജീവനസ്ഥാരണത്തിന് ഏകാവശേഷമായ ലക്ഷ്യത്തെ വീക്ഷിപ്പാൻ ത്വരിതഗമനം തുടരുന്നു. അനന്തപത്മനാഭനും സുലൈഖയുമായി നടന്ന സംഭാഷണം ഒളിച്ചുനിന്നു കേട്ട അബുബേക്കർ അനന്തപത്മനാഭനെ അനന്തകൃഷ്ണൻതമ്പിയെന്നു ശങ്കിച്ച് കാമാത്തനായി കൃപണനായി വിഷലിപ്തകഠാരികൊണ്ടു് തമ്പിയെ വധിക്കുന്നു. ആ മാത്രയിൽ സീത അവിടെ എത്തി അബുവിനെ വധിച്ചു. പ്രാണേശ്വരനായ തമ്പിയോടുകൂടി ദിവംഗതയുമായി.

തമ്പി അതിധീരനായ ഒരു വീരപുരുഷനെങ്കിലും സീതയുടെ മുമ്പിൽ അല്പം മങ്ങിയാണു കാണുന്നതു്. നായികാപ്രാമാണ്യം സങ്കല്പിച്ച നാടകകർത്താവിന് ഇങ്ങിനെ ഒരു പ്രമാദം അപരാധമല്ലെന്നു സമാധാനിക്കാം.

മുസഫിന്റെ അശനിപാതംകൊണ്ടു് നിലംപതിച്ച മാതുക്കുറുപ്പിനെ തമ്പിയുടെ ഗൃഹത്തിലിട്ടു കല്യാണിക്കുട്ടിയെക്കൊണ്ടു് അന്ത്യശുശ്രൂഷ ചെയ്യിക്കുന്നു. ഈ രാത്രി ഏതുതെന്ന് ശങ്കവന്നുപോകുന്നു. സംഭവബഹു

ലമായ അന്ത്യദിവസമോ, സിതാപഹരണംചെയ്തു് മുസഫിൻെറ അരമനയിലേക്കു കൊണ്ടുപോയ അന്നോ എന്നു് സംശയം വരുന്നു. ഏതായാലും "സന്യാസിക്കള്ളനെ ആദിച്ചൻ പിന്നെ കാണുന്നില്ല" അനന്തപത്മനാഭൻ കോട്ട ജയിച്ച ദിവസമല്ല ഈ സംഭവമുണ്ടായതെന്നു് ഊഹിക്കാം. മാതുക്കുരുപ്പിൻെറ നിര്യാണരംഗം കാലസ്ഥാപനക്കൂടാതെ ഈ സംഭവബഹുത്വത്തിനിടയിൽ വിധാനം ചെയ്തതു് പ്രേക്ഷകരെ പരിഭ്രമിപ്പിക്കുവാൻ സംഗതിയുള്ളതാണു്.

അന്ത്യരംഗം നാടകത്തിൻെറ ഉപസംഹാരമാണു്. അനന്തപത്മനാഭൻ മുഹമ്മദീയരെ സാദരം ആക്കാട്ടിലേക്കയച്ചു. കല്യാണിക്കുട്ടിയേയും ആദിച്ചൻപിള്ളയേയും എടനാട്ടിലേക്കും അയച്ചു. മനസ്സുഖമില്ലാത്തതുകൊണ്ടു് രണ്ടു മാസത്തേക്കു തീർത്ഥാടനത്തിനു പോയി എന്നു തിരുമനസ്സറിവിക്കണമെന്നു ഏല്പിച്ചു. തമ്പിയുടെ വധത്തേക്കുറിച്ചും സീതയുടെ തിരോധാനത്തേക്കുറിച്ചും പശ്ചാത്തപിക്കുന്നുമുണ്ടു്. കഷ്ടം! അങ്ങിനെതന്നെ നാടകം അവസാനിപ്പിക്കാൻ, ശ്രേഷ്ഠതൂലികേ! നിനക്കു കരുത്തില്ലേ? രാജാവിൽ ദൈവീകശക്തി (Divine right of King) കാണുന്ന നീ പതിനഞ്ചാം നൂററാണ്ടിലാണോ ജീവിക്കുന്നതു്? സീതാലക്ഷ്മിയെ സൃഷ്ടിച്ചതും നീതന്നെ അല്ലേ? രാജ്യശാസനത്തിനു് ഇനി ശക്തി വേണമെങ്കിൽ തീർത്ഥസേവനം ആവശ്യമെന്നുറക്കുന്ന അനന്തപത്മനാഭനെ അവിടെ തള്ളാതെ കൈക്കൂപ്പിനിന്നു് സാമ്രാജ്യശക്തിയുടെ ശാശ്വത നിലനില്പിനു പത്മനാഭനെ പ്രാർത്ഥിപ്പിക്കുന്ന കവിയുടെ മനോഭാവം ഏകാധിപത്യവിജയത്തിലെന്നു തോന്നിപ്പോകുന്നു. ഡമാക്രസിയുടെ പാരമ്യനിലയിൽ വിജയപതാക നാട്ടുന്ന സീതാലക്ഷ്മി ഇംപീരിയാലിസത്തിൽ ഭരതവാക്യം പാടുന്നതു കണ്ടാൽ കാലത്തിനൊത്തു കോലംകെട്ടിആടണമെന്ന തത്വം അനുസ്മരിപ്പിക്കാതിരിക്കുന്നില്ല

ജ്യേഷ്ഠസഹോദരിയായ സീതാലക്ഷ്മിക്കു കനിഷ്ഠസഹോദരങ്ങൾ ആവിർഭവിച്ചിട്ടുണ്ടെങ്കിലും അവരാരുംതന്നെ ഇത്ര സൗഷ്ഠവത്തോടെ കാണപ്പെടുന്നില്ലെന്നു സധൈര്യം പ്രസ്താവിച്ചുകൊള്ളുന്നു.

## *പ്രവൃത്തിശക്തിയും അതിൻെറ മാഹാത്മ്യവും.

(ആർ. പത്മനാഭപിള്ള ബി. എ. ബി. എൽ.)

"സ്വന്തം പരിശ്രമത്താൽ സമ്പാദിച്ചിട്ടുള്ള വിദ്യാഭ്യാസം ഓരോരുത്തർക്കും ലഭിച്ചിട്ടുള്ള വിദ്യാഭ്യാസത്തിൻെറ ഏററവും ഉത്തമമായ ഭാഗം ആകുന്നു."

സ്കാട്ട്.

* ഇംഗ്ലീഷിൽനിന്നും

പ്രേരണാശക്തിയുടെ ഫലമായി ഒരു പുതിയ സംഗതി നാം കണ്ടുപിടിയ്ക്കുമ്പോഴും നമുക്കു ഒരുന്മേഷവും, ആനന്ദവും തോന്നാറുള്ളതു് സ്വാഭാവികവും സാധാരണയുമാണല്ലൊ. നൂതനമായ ആശയങ്ങൾക്കും അഭിനവമായ പ്രവൃത്തിപദ്ധതികൾക്കും ലോകം സ്വാഗതമരുളുകയും ഇവയുടെ ഹേതുഭൂതന്മാരായവരെ ലോകം അഭിനന്ദിക്കയും ചെയ്യുന്നു. എന്നാൽ ഇപ്രകാരമുള്ള നവീനപദ്ധതികളേയും ആശയങ്ങളേയും ലോകസമക്ഷം അവതരിപ്പിക്കുന്ന മഹാന്മാരെപ്പോലെതന്നെ, ഇവയെ പ്രായോഗികമാക്കുന്നതിനു് ആദ്യമായി പരിശ്രമിക്കുന്നവരും തുല്യപ്രാധാന്യതയർഹിക്കുന്നവരാണെന്നുള്ള സംഗതി നാം ഒരിക്കലും വിസ്മരിച്ചുകൂടാത്തതാകുന്നു.

ഇതിന്റെ കാരണം എന്താണെന്നാലോചിച്ചുനോക്കാം. ഇംഗ്ലീഷുഭാഷയിൽ സാധാരണ ഉപയോഗിക്കാറുള്ള ഒരു ശൈലി പ്രയോഗിക്കുന്നപക്ഷം—കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു കന്ദുകത്തിനു് ചലനശക്തിയെ പ്രദാനംചെയ്യുന്നവനെ ലോകം പൂജിക്കുന്നതിനും, പരിവർത്തനം അവസാനിപ്പിക്കാതെ അതേരീതിയിൽ തുടർന്നുകൊണ്ടുപോകുന്നവരെ അത്രയുംതന്നെ ബഹുമാനിക്കാതിരിക്കുന്നതിനും ഉള്ള കാരണം എന്താണു്? തങ്ങളുടെ കീഴിൽ ജോലിചെയ്യുന്ന നിരവധി വേലക്കാരേക്കാൾ ലാർഡ് കിച്ച്നർ, ലോയിഡ് ജാർജ്, റാക്ക്ഫെല്ലർ എന്നീ മഹാന്മാർ എത്രയോ ശ്ലാഘനീയന്മാരും പ്രശംസാപാത്രങ്ങളുമായി പരിണമിച്ചിരിക്കുന്നു. ഈ നിരവധി ജീവനക്കാർ തങ്ങളുടെ യജമാനന്മാർ നൂതനമായി തുറന്ന മാർഗ്ഗത്തിൽകൂടി അവരെ പിൻതുടരുകയത്രെ ചെയ്യുന്നതു്. അവർ അനുകരിക്ക മാത്രമെ ചെയ്യുന്നുള്ളു. അവർ കൃഷിക്കാരല്ല, നേരെമറിച്ചു് ഇതരകർഷകന്മാരുടെ കൃഷിയെ പരിപാലിച്ചു് സൂക്ഷിക്കുന്നവർ മാത്രമാകുന്നു.

ഇത്രയും പ്രസ്താവിച്ചതുകൊണ്ടു് കേവലം യന്ത്രങ്ങളെപ്പോലെ ജോലിചെയ്യുന്ന വേലക്കാർ നിന്ദനീയന്മാരാണെന്നു് ഒരിക്കലും തെററിദ്ധരിക്കരുതു്. ഒരു "സ്വാമി"യുടെ കീഴിൽ ജോലിചെയ്തു് ഉപജീവനം കഴിക്കുന്നവനാണെന്നിരുന്നാൽതന്നെയും, അവൻ പ്രായോഗികചാതുര്യമുള്ളവനാണെങ്കിൽ, തന്റെ ജോലി കൂടുതൽ പ്രയോജനകരമാക്കുന്നതിനും, ജോലിയെ ലഘൂകരിക്കുന്നതിനും, തന്റെ ചിന്താശക്തിയുടെ ഫലമായി ജോലിയുടെ രീതിതന്നെ പരിഷ്കരിക്കുന്നതിനും ആസക്തചിത്തനായിത്തീരുമെന്നുള്ളതു് നിസ്സംശയം പ്രസ്താവിക്കാവുന്ന ഒരു സംഗതിയാണു്.

ജീവിതസരണിയിൽ പ്രവർത്തനചാതുര്യം ഒട്ടും അപ്രധാനമല്ലാത്തതും മഹനീയവുമായ ഒരു ഭാഗമാണു് വഹിച്ചുവരുന്നതു്. ആദരണീയവും അതിപ്രധാനവുമായ ശിശുപരിശീലനം ഒരു മാതാവിന്റെ പ്രായോഗികശക്തിയെ പല വിധത്തിലും പല സന്ദർഭങ്ങളിലും പരീക്ഷിക്കുന്ന ഒരു വിഷയമാണു്. നൈസർഗ്ഗികമായിത്തന്നെ പ്രവർത്തനശക്തി സിദ്ധിച്ചിട്ടുള്ള

ശിശുക്കളിൽ പരിതസ്ഥിതികളെക്കൊണ്ടും പരിശീലനംകൊണ്ടും ഈ ശക്തിയെ പരിപോഷിപ്പിക്കുന്നതിനും പൂർണ്ണമായി വികസിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. പ്രായോഗികശക്തിയുടെ വളൎച്ചക്ക് വിഘാതമുണ്ടാകാനനുവദിക്കുന്നപക്ഷം ആ ശിശുക്കൾ പ്രായേണ പരാശ്രയികളും ഉത്തമതലാബോധമില്ലാത്തവരുമായി പരിണമിക്കുമെന്നുള്ളതു് തീൎച്ചയാണ്. സകല ചോദ്യങ്ങൾക്കും സ്വന്തം പരിശ്രമംകൊണ്ട് നിവൃത്തിനേടുന്ന ശിശു കാലാന്തരത്തിൽ ആത്മാഭിമാനിയും സ്വാശ്രയശീലനുമായി ഭവിക്കുന്നു. ഇതിനും പുറമെ ആ ശിശുവിൻെറ പ്രവൃത്തിശക്തി പൂർണ്ണമായി വളരുന്നതിനും ഇടയാകുന്നതാണ്. മററുള്ളവരുടെ ജോലി പകൎത്തുവാൻ അവൻ ഒരിക്കലും ഉദ്യമിയ്ക്കുകയുമില്ല. അറിയാതെതന്നെ അവൻ ഒരു നായകനായിത്തീരുന്നു; അവൻ ആരുടേയും പിൻപേ ഗമിയ്ക്കുകയില്ല. അവൻ സൃഷ്ടിക്കുകയല്ലാതെ ഒരിക്കലും അനുകരിക്കുകയില്ല.

ഒരു ശിശുവിൻെറ നിൎമ്മാണശക്തിയെ പരിപോഷിപ്പിച്ച് അഭിവൃദ്ധിപ്പെടുത്തുകയെന്നുള്ളതു് ക്ഷിപ്രസാദ്ധ്യമായ ഒരു സംഗതിയല്ലെങ്കിലും അതു് പ്രയോജനകരമായ ഒരു പ്രവൃത്തിയാണെന്നുള്ളതു് സംശയംവിനാ എല്ലാവരും സമ്മതിക്കുന്ന ഒരു കാൎയ്യമാണ്. കായികാഭ്യാസങ്ങൾകൊണ്ടും പാഠവിഷയങ്ങളെക്കൊണ്ടും ഇതു സാധിക്കാമായിരുന്നെങ്കിൽ അതു് ലഘുവായ ഒരു പ്രവൃത്തിയാകുമായിരുന്നു. ഏതു വിധത്തിലാണ് മാറിമാറി വീശിക്കൊണ്ടിരിക്കുന്ന മന്ദമാരുതനും, ആദിത്യൻെറ കിരണങ്ങളും ഒരു ചെടിയുടെ വളൎച്ചയെ അഭിവൃദ്ധിപ്പെടുത്തുന്നതു്, ആ പ്രകാരംതന്നെ വ്യത്യസ്ഥങ്ങളായ പാഠ്യവിഷയങ്ങളെക്കൊണ്ടും, കായികാഭ്യാസങ്ങളെക്കൊണ്ടും ശിശുവിൻെറ നിൎമ്മാണശക്തിയെ പരിപുഷ്ടമാക്കേണ്ടതാണ്.

തടസ്ഥംകൂടാതെയും, പ്രേരണകൂടാതെയും ഒരു ശിശുവിനെ ജോലിചെയ്യാൻ അനുവദിച്ചാൽമാത്രമെ ആ ശിശുവിൻെറ ആലോചനാശക്തിയുടെ നേരിട്ടുള്ള ഫലം നമുക്കു ലഭിക്കാൻ സാധിക്കയുള്ളു. ഒരു ശിശു നിൎമ്മിക്കുന്ന ഒരുവീട് മനോഹരമായിരിക്കുകയില്ലെങ്കിലും അതു് ആ കുട്ടിയുടെ പ്രായോഗികശക്തിയേയും, നിൎമ്മാണചതുരതയേയും പരിപുഷ്ടമാക്കുമെന്നുള്ളതു തീൎച്ചയാണ്. മറെറാരു ശിശു നിൎമ്മിക്കുന്ന വീട്ടിൽനിന്നും ഈ വീട് വ്യത്യസ്ഥമായി കാണുന്നതു് രണ്ടുപേരുടേയും മനസ്സിൻെറ പ്രവൃത്തിയുടെ വിവിധരീതികൾ മാത്രമാണ്. ഒരേ സാമാനങ്ങൾ കൊടുത്താലും ഫലം രണ്ടും തുല്യമായിരിക്കയില്ല. ഓരോ കുട്ടിക്കും പ്രത്യേകമായ വ്യക്തിമാഹാത്മ്യം ഉണ്ടെന്നും അതു വളരാൻ അനുവദിക്കണമെന്നും കിൻറർഗാർട്ടൻ രീതി നമ്മെ ഉൽബോധിപ്പിക്കുന്നു.

തൻെറ ആശയങ്ങളെ അക്ഷരംപ്രതി അനുവൎത്തിക്കുന്നതിന് ശിശുക്കളെ നിർബന്ധിക്കുന്ന ഒരദ്ധ്യാപകൻ ആ ശിശുക്കളുടെ പ്രായോഗിക

ശക്തിയെ നശിപ്പിക്കുകയാണ് ചെയ്യുന്നതു്. ശിശുക്കൾക്ക് സംഗതികൾ മനസ്സിലാക്കുന്നതിന് ചില സന്ദർഭങ്ങളിൽ കൂടുതൽ സമയം വേണ്ടിവന്നേക്കാം. എന്നാൽ അതു വകവയ്ക്കാതെ വീണ്ടും പാഠങ്ങൾ കുത്തിച്ചെലുത്താതിരിക്കയാണ് അത്യുത്തമം.

സാമർത്ഥ്യവും വേഗതയും അവശ്യങ്ങളാണെങ്കിലും അവ പരിചയംകൊണ്ട് സമ്പാദിക്കാവുന്നവയാണല്ലോ. ഇവയ്ക്കുവേണ്ടി ശിശുക്കളുടെ സൃഷ്ടിശക്തി ഒരിക്കലും ബലികഴിക്കരുതെന്ന് എല്ലാവരും ഓർത്തിരിക്കണം.

ശിശുവിനെ ഭാവിജീവിതത്തിൽ ദുർഘടഘട്ടങ്ങളെ ബുദ്ധിപൂർവ്വം തരണംചെയ്യുന്നതിന് സഹായിക്കുന്നതും, എല്ലാ അവസരങ്ങളിലും വേണ്ട വിധം പെരുമാറുന്നതിന് അവരെ പര്യാപ്തരാക്കുന്നതും ചെറുപ്പത്തിൽ പരിശീലിപ്പിക്കേണ്ട സ്വാശ്രയശീലം ഒന്നു മാത്രമാണ്. ഇപ്രകാരം പ്രവൃത്തിശക്തിയെ ശരിയായി പരിപോഷിപ്പിച്ചു് വർദ്ധിപ്പിച്ചിട്ടുള്ള ശിശുക്കളെ ഒരിക്കലും "തോററവരുടെ" കൂട്ടത്തിൽ എണ്ണപ്പെടേണ്ടതായി വരികയില്ലെന്ന് സധൈര്യം പ്രസ്താവിക്കാം.

# ഉദ്ധാരണങ്ങൾ.

## സ്ത്രീവിദ്യാഭ്യാസം.

സ്ത്രീകൾക്കും പുരുഷന്മാർക്കും ഇന്ന് ഒരേ രീതിയിലുള്ള വിദ്യാഭ്യാസമാണല്ലോ നൾകപ്പെടുന്നതു്. വിദ്യാഭ്യാസം എങ്ങിനെയാണ് പരിഷ്കരിക്കേണ്ടതെന്നും ഏതെല്ലാം വിഷയങ്ങളാണ് സ്ത്രീകളെ പഠിപ്പിക്കേണ്ടതെന്നും ഉള്ളതിനെപ്പററി ഗംഭീരമായ വാദപ്രതിവാദങ്ങളും നടക്കുന്നുണ്ട്. ശ്രീമതി പി. പരഞ്ജ്യോതി ബി.എ. എൽ.ടി. "സ്ത്രീവിദ്യാഭ്യാസവും സാമുദായികകാര്യക്ഷമതയും" എന്ന ഒരു ലേഖനം എഡ്യൂക്കേഷനൽ റവ്യൂവിൽ എഴുതിയിട്ടുള്ളതിൽ ഇങ്ങിനെ പറയുന്നു:—

സ്ത്രീകൾക്ക് ഏതു തരത്തിലുള്ള വിദ്യാഭ്യാസമാണ് വേണ്ടതെന്ന് നമുക്കു ചിന്തിച്ചുനോക്കാം. ഒരു സ്ത്രീ ഏതു ജീവിതാന്തരീക്ഷത്തിൽ ശോഭിക്കുന്നതായാലും അവളുടെ പ്രഥമ്യചിന്ത കുടുംബമാണ്. മററു കാര്യങ്ങൾ

പ്രാധാന്യമർഹിക്കുന്നവയാണെങ്കിലും തദനന്തര ചിന്താവിഷയങ്ങളാണ്. ഗൃഹത്തിൽ സ്ത്രീയുടെ ചുമതല ഭംഗിയായി നിർവ്വഹിച്ചു എങ്കിൽ, സ്വസമുദായത്തേയും, രാജ്യത്തേയും, ലോകത്തേയും ഉത്തമരീതിയിൽ സേവനം ചെയ്തു എന്ന് വിചാരിക്കാവുന്നതാണ്. സ്ത്രീയുടെ പ്രവൃത്തിരംഗം ഗൃഹമാണ്. ഗൃഹത്തെ പരാജയഗർത്തത്തിലേക്കൊ വിജയഗർത്തത്തിലേക്കൊ നയിക്കുന്നതു് സ്ത്രീകളാണ്. അവരുടെ ജോലി വിജയപ്രദമാകണമെങ്കിൽ, ഗൃഹജീവിതത്തിന്റെ ഉത്തരവാദിത്വത്തേയും അവകാശങ്ങളേയും സാധിക്കുന്നതിന് സുശിക്ഷിതരായിരിക്കണം. സ്ത്രീകൾക്കു നൾകുന്ന ഉത്തമരീതിയിലുള്ള അഭ്യസനം ഗൃഹ്യകലകളെ സംബന്ധിച്ചതാണ്.

സ്ത്രീകളേയും ബാലികമാരേയും അവരുടെ പ്രത്യേകപ്രവൃത്ത്യന്തരീക്ഷത്തിൽ സമർത്ഥകളാക്കുന്നതിന് ഗൃഹ്യവിഷയങ്ങളെ സംബന്ധിച്ചുള്ള പാഠപദ്ധതികൾ ഇന്ന് ഇൻഡ്യയിൽ അത്യാവശ്യമായിട്ടാണിരിക്കുന്നതു്. അനവധി ഭാരതീയകുടുംബങ്ങളുടെ ശാപമായിരിക്കുന്ന ദാരിദ്ര്യം, ഭയങ്കരമായി വർദ്ധിച്ചുവരുന്ന ബാല്യമരണം, ആരോഗ്യം ശുചീകരണം, ഗൃഹഭരണം, ലഘുരീതിയിലുള്ള ധർമ്മം, ഒഴിവുസമയം ഉപയോഗിക്കേണ്ട വിധം മുതലായവ സംബന്ധിച്ച അനിർവ്വചനീയമായ അജ്ഞത ഉടനെ പരിഹരിക്കേണ്ടതാണ്. വിദ്യാഭ്യാസത്തിനു മാത്രമെ ഈ ദോഷങ്ങളെ പരിഹരിക്കുവാൻ സാധിക്കൂ. അതുകൊണ്ടു് ഈ ആവശ്യങ്ങൾ സാധിക്കത്തക്കവണ്ണം അവരെ പ്രാപ്തരാക്കേണ്ടതു് വിദ്യാഭ്യാസപ്രവർത്തകന്മാരുടെ ചുമതലയല്ലെ?

സ്വരാജ്യത്തിനായി ഇൻഡ്യപ്രക്ഷോഭണം നടത്തുകയും പ്രാപ്യസ്ഥാനത്തെത്തുന്നതിന് അതിക്ലേശം സഹിക്കുകയും മററു ദേശങ്ങളുടെകൂട്ടത്തിൽ ഒരു സ്ഥാനം ലഭിക്കത്തക്കവണ്ണം പുനസ്സംഘടിക്കേണ്ട സമയം ആസന്നമായിരിക്കുന്നു എന്ന് വിശ്വസിക്കുകയും ചെയ്യുമ്പോൾ, ജനസ്സംഖ്യയുടെ അർദ്ധഭാഗവും ജിവിതത്തിന്റെ സാമാന്യചുമതലകൾകൂടി നിർവ്വഹിക്കുന്നതിന് അപ്രാപ്തരെങ്കിൽ അവർക്കു് സ്വസ്ഥാനം എങ്ങിനെ നിലനിറുത്തുവാൻ കഴിയും?

## സമ്മിശ്രവിദ്യാഭ്യാസം

മി: എം. ജെ. കനട്കാർ പ്രസ്തുത വിഷയത്തെപ്പററി "ഹിതവാദ" എന്ന മാസികയിൽ ഇങ്ങിനെ എഴുതുന്നു:—

സമ്മിശ്രവിദ്യാഭ്യാസത്തിന് അനുകൂലമായും പ്രതികൂലമായും പല മാന്യന്മാരും എഴുതുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ അതുസംബന്ധമായുണ്ടാകുന്ന വിഷമതകൾക്കു് പരിഹാരമായി ഒന്നും പ

റഞ്ഞുകാണുന്നില്ല. വിഷമതകളെല്ലാം തീൎന്നു എന്നും സമ്മിശ്രവിദ്ധ്യാഭ്യാസം വിജയക്കൊടി നാട്ടി എന്നുമാണു് അവർ ഇപ്പോൾ വിശ്വസിക്കുന്നതു്.

ലോകത്തിലെ എല്ലാ ദേശക്കാരും സാമുദായികവും സാമ്പത്തികവുമായ ഒരു പ്രധാനഘട്ടത്തിലെത്തിയിട്ടുണ്ടു്. രാഷ്ട്രീയസ്വാതന്ത്ര്യത്തിനായുള്ള ശ്രമത്തോടുകൂടി മററു പദ്ധതികളേയും പരിഷ്കരിക്കേണ്ട ഒരു ഘട്ടത്തിലാണു് ഇൻഡ്യയും എത്തിയിട്ടുള്ളതു്. എന്നാൽ മാത്രമെ രാഷ്ട്രീയസ്വാതന്ത്ര്യലബ്ധിക്കുശേഷം അവളുടെ സ്ഥാനത്തെ സുരക്ഷിതമാക്കുന്നതിനു് സാധിക്കയുള്ളു.

സമ്മിശ്രവിദ്ധ്യാഭ്യാസം എന്നു് പറഞ്ഞാൽ ബാലികാബാലന്മാൎക്കു ഒരേ സമയത്തു് ഒരേ രീതിയിലുള്ള അഭ്യസനം ഒന്നിച്ചു് നൾകുക എന്നാണല്ലൊ. സ്ത്രീകളും പുരുഷന്മാരും ആരെന്നും അവരുടെ പ്രത്യേകചുമതലകൾ എന്തെന്നും അറിഞ്ഞിരിക്കെ, ഈ പദ്ധതി ശുഭപൎയ്യവസായിയായിത്തീരുമൊ എന്നുള്ളതു് സംശയാസ്പദമാണു്. കൂടാതെ നമ്മുടെ ആൺകുട്ടികൾക്കു മാത്രമായി സൃഷ്ടിച്ചിട്ടുള്ള ആധുനികവിദ്ധ്യാഭ്യാസം നല്ലതൊ ചീത്തയൊ എന്നു് ചിന്തിക്കുന്നതും പ്രധാനമായിട്ടുള്ളതാണു്. ഉത്തരം ചീത്തയാണെന്നാണെങ്കിൽ നമ്മുടെ ഉത്തരവാദിത്വം രണ്ടു തരത്തിലാണു്. ഒന്നാമതായി ആൺകുട്ടികളുടെ വിദ്ധ്യാഭ്യാസരീതി ഉടച്ചുവാൎക്കണം. രണ്ടാമതായി സ്ത്രീകൾക്കനുയോജ്യമായ ഒരഭ്യസനരീതി ഉണ്ടാക്കണം. ഈ വിഷമതകൾക്കു ഒരു പരിഹാരമുണ്ടാക്കണമെന്നു് ആരെങ്കിലും യഥാൎത്ഥമായി ആഗ്രഹിക്കുകയൊ, സമ്മിശ്രവിദ്ധ്യാഭ്യാസമൊ പ്രത്യേകവിദ്ധ്യാഭ്യാസമൊ ഏതെങ്കിലും വേണമെന്നു് അഭിപ്രായപ്പെടുകയൊ ആണെങ്കിൽ അവയോടു ബന്ധമുള്ള സന്മാൎഗ്ഗനിയമാവലിയെ ഒന്നു നവീകരിക്കാതിരിക്കാൻ തരമില്ല. എഴുത്തുകാരെല്ലാവരും ഈ ഭാഗം ഗോപനം ചെയ്യുകയാണു് സാധാരണ പതിവു്. അതുകൊണ്ടു് അവരുടെ അഭിപ്രായങ്ങൾ അപ്രായോഗികങ്ങളായിട്ടാണു് ഫലത്തെ വച്ചുനോക്കുമ്പോൾ കാണപ്പെടുന്നതു്.

ഭാരതീയസ്ത്രീകളുടെ വിദ്ധ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം നാം ഒരു അബദ്ധഗൎത്തത്തിൽ പെട്ടിരിക്കയാണെന്നു് മനസ്സിലാക്കണം. ശരിയൊ തെറെറാ എന്നു് സന്ദേഹമുള്ള രീതിയിൽ നമ്മുടെ ഒട്ടു വളരെ സഹോദരിമാൎക്കു് നാം പരിശീലനം നൾകിയിട്ടുണ്ടു്. അവൎക്കു് ജോലികൾ കൊടുത്തില്ലെങ്കിൽ ഈ രീതി അവരാൽതന്നെ അധിക്ഷേപാൎഹമായിത്തീരും. അതുകൊണ്ടു് ഒരേ രീതിയിലുള്ള അഭ്യസനം നൾകുന്ന സ്ഥാപനങ്ങളെ നാം ശരണീകരിക്കുന്നു. നാം ശരിയായ മാൎഗ്ഗത്തിൽക്കൂടിയാണൊ ചരിക്കുന്നതെന്നു് അറിഞ്ഞുകൂടാ. ഈ കുഴപ്പത്തിൽനിന്നും രക്ഷനേടണമെങ്കിൽ ഒരു കടുങ്കൈ പ്രവൎത്തിക്കേണ്ടിവരും. നമ്മുടെ മാ

സ്ക്കും പിഴച്ചുപോയി എന്ന് സമുദായം നിശ്ചയിക്കുന്നു എങ്കിൽ, വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവക്ക് എന്തെല്ലാം അസൌകര്യങ്ങൾ ഉണ്ടായാലും, ആധുനികരീതിയെ ഉപേക്ഷിക്കുന്നതിനുള്ള ധീരത ആവശ്യമാണ്.

നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസരീതികൊണ്ട് തൊഴിലില്ലാത്ത ഒരു സൈന്യം നമ്മുടെ സ്വാധീനത്തിലുണ്ട് എന്ന പരമാത്ഥം സമ്മതിക്കാതെ തരമില്ല. പത്തിൽ ഒൻപതുപേക്കും ഇതു് ബോദ്ധ്യപ്പെട്ടിട്ടുണ്ടെങ്കിലും, നമുക്ക് സന്ദേഹാസ്പദമായ ആധുനിക വിദ്യാഭ്യാസരീതിയിൽ നിന്നും രക്ഷപെടുന്നതിന് സാധിക്കുന്നില്ല. ഇതു് നാം നല്ലപോലെ അറിഞ്ഞുകൊണ്ട് അതേരീതിയിൽ തന്നെ സഹോദരിമാരെ വിദ്യാഭ്യാസം ചെയ്യിപ്പിക്കുന്നതിന് ബഹളം കൂട്ടുന്നുമുണ്ട്. ഈ കുപഥസഞ്ചാരം അവസാനിപ്പിക്കേണ്ടതാണെന്ന് ശാന്തമായി ചിന്തിക്കേണ്ടസമയം ആസന്നമായിട്ടില്ലേ? ഒരു പുതിയ പദ്ധതി രൂപവൽക്കരിക്കേണമെന്നുള്ളതു് തിച്ചതന്നെ.

അടുത്ത രണ്ടുമൂന്നു തലമുറകളെങ്കിലും സഹിക്കേണ്ടിവരുന്ന വിഷമതകളെ നേരിടുന്നതിന് പററിയ ഒരു വിദ്യാഭ്യാസം നമ്മുടെ യുവാക്കന്മാക്കുണ്ടാകട്ടെ. പുതുതായിലഭിക്കുന്ന രാഷ്ട്രീയസ്വാതന്ത്ര്യത്തിൻെറ ആദിമഘട്ടങ്ങളിൽ കൂടി നമ്മുടെ ദേശക്കാരെ വളത്തിക്കൊണ്ടുപോകുന്നതിനുപയുക്തമായ ഒരു വിദ്യാഭ്യാസം നമ്മുടെ സഹോദരിമാക്കുണ്ടാകട്ടെ. ഇന്നുലഭിക്കുന്ന വിദ്യാഭ്യാസം കൊണ്ടു് രാഷ്ട്രീയസ്വാതന്ത്ര്യത്തെ അത്ര എളുപ്പത്തിൽ കൈകാര്യം ചെയ്യാമെന്നു തോന്നുന്നില്ല.

വിദ്യാഭ്യാസംസിദ്ധിച്ച സഹോദരിമാരുടെ തൊഴിലില്ലായ്മയെപ്പററി പല യോഗ്യന്മാരും എഴുതുന്നുണ്ട്. അവരെ കുറേക്കൂടി വിഷമിപ്പിക്കുന്നമാഗ്ഗങ്ങളും നിദ്ദേശിക്കുന്നുണ്ട്. ഇപ്പോൾ അപകടത്തിൽ നിന്നും ഒരു രക്ഷയുമില്ല. ഇതോടൊന്നിച്ചുതന്നെ നമ്മുടെ ആധുനിക വിദ്യാഭ്യാസപദ്ധതിയെപ്പററി ഗാഢമായി ചിന്തിക്കേണ്ടതും ആവശ്യമാണ്. രാഷ്ട്രീയപ്രസ്ഥാനത്തിൽ പങ്കുകൊള്ളുവാൻ സമ്മതമില്ലാത്തവരാണ് ഈ വിഷയത്തെപ്പററി ഗൌനിക്കേണ്ടതു്. പരിഹാരത്തിന് ഗവമ്മെൻറും പ്രാതിക്കൂല്യം കാണിക്കുകയില്ല. ഗവമ്മെൻറുദ്യോഗംതന്നെ പുരാതനമായ ഈ വിദ്യാഭ്യാസരീതിയുടെ പ്രകാശം മന്ദീഭവിച്ചിരിക്കുന്നു. നല്ല ഗുമസ്തന്മാരെ സൃഷ്ടിക്കുന്നതിനുവേണ്ടി ഏറ്റെപ്പെടുത്തിയ ഈ പദ്ധതിയുടെ ഗുണങ്ങളെ പുകഴ്ത്തി ഗവമ്മെൻറിനുപോലും ഇനിനമ്മെ ചതിക്കുവാൻ സാദ്ധ്യമല്ല. എല്ലാവരും ചേന്നു ഒരു സമ്മേളനംകൂടി യോഗ്യമായ ഒരു പദ്ധതി രൂപവൽക്കരിക്കുക. നാം അതിനായി ശ്രമിക്കുമ്പോൾ അതു് അത്ര ലഘുവായ ഒരു വിഷയമല്ലെന്നും, കേമന്മാരേക്കൂടി വിഷമിപ്പിക്കുമെന്നും തെളിയുന്നതാണ്.

## ലോകത്തിലെ ഏററവും വലിയ പത്രം.

ഈയിടെ ജപ്പാൻ സന്ദർശിച്ച സർ ഹരിസിങ്ങ്ഗോർ ചെയ്ത ഒരു പ്രസംഗത്തിൽ ഇങ്ങിനെ കാണുന്നു:—

ഞാൻ ജപ്പാനിൽ എത്തിയപ്പോൾ ലോകത്തിലെ അതിപ്രധാന പത്രമായ "അസാഹി" എനിക്ക് ഒരു സ്വാഗതസന്ദേശമയച്ചു. ആ പത്രത്തിൻെറ 25 ലക്ഷം പ്രതികളാണ് പ്രചരിക്കുന്നത്. പത്രം വായനക്കാൎക്ക് വിതരണം ചെയ്യുന്നതിനായി അനവധി മോട്ടാർ വാഹനങ്ങൾ ഉള്ളതു കൂടാതെ, 12 ആകാശവിമാനങ്ങളുമുണ്ട്. ലോകത്തിലെക്കുവെച്ച് ഏററവും ആധുനികമായ ഒരു പത്രമാഫീസാണ് അസാഹിക്കുള്ളത്. എട്ടുനിലയുള്ള അസാഹിപത്രമാഫീസാണ് ലോകത്തിലെ ഏററവും വലിയ പത്രമാഫീസെന്ന് എന്നോട് ചില അമേരിക്കൻസ്നേഹിതന്മാർ പറയുകയുണ്ടായി. അസാഹി എന്നെ ഒരു വിരുന്നുസല്ക്കാരത്തിന് ക്ഷണിച്ചു. പത്രമാഫീസിലെ സകല അംഗങ്ങളും അതിൽ സംബന്ധിച്ചിരുന്നു. ഈ പത്രത്തിൻെറ ധീരപരിശ്രമങ്ങൾ മററു പത്രങ്ങളുടെ പ്രവൎത്തനപരിധിയെ പരിമിതമാക്കിയിരുന്നു. ഒരു രൂപ ഒരണ മാസംതോറും നല്കിയാൽ പ്രസ്തുത പത്രം രാവിലെയും വൈകുന്നേരവും ദിവസംപ്രതി വരിക്കാൎക്ക് ലഭിക്കുന്നതാണ്. ഒരു പത്രത്തിൽ പതിനാറു പേജുകൾവീതമുണ്ടായിരിക്കും. അതിൽ നാലു പേജുകൾ മാത്രമെ പരസ്യത്തിനായി ഉപയോഗിക്കാറുള്ളു. പൊതുജനങ്ങളുമായുള്ള അടുത്ത ബന്ധംകൊണ്ടാണ് ഈ പത്രത്തിന് ഇത്ര പ്രശസ്തി ലഭിച്ചത്. 'മൈനിച്ചി' പത്രമാണ് അസാഹിയോട് മത്സരിച്ചുകൊണ്ടിരിക്കുന്നത്. ഒരാളെപ്പററി അസാഹി സ്തുതിച്ചാൽ എതിർപത്രം ആക്ഷേപിക്കും എന്നാൽ രണ്ടു പത്രങ്ങളും എനിക്ക് സ്വാഗതമരുളി. അസാഹി ഉൽപതിഷ്ണുത്വത്തിനുവേണ്ടിയും മൈനിച്ചി യഥാസ്ഥിതികത്വത്തിനുവേണ്ടിയും ആണ് നിലകൊള്ളുന്നത്. സകല കുട്ടികൾപോലും കാലത്തെ ആഹാരം കഴിക്കുന്നതുപോലെ കൃത്യമായി പത്രം വായിച്ചുപോരുന്നു.

## ജപ്പാനിലെ വിദ്യാഭ്യാസപദ്ധതി.

അതേപ്രസംഗത്തിൽതന്നെ ജപ്പാൻകാരുടെ വിദ്യാഭ്യാസത്തെപ്പററി അദ്ദേഹം ഇങ്ങിനെ പറയുന്നു:—

ജപ്പാനിലെ വിദ്യാഭ്യാസപദ്ധതി എത്രയും വ്യയം കുറഞ്ഞതും അതേസമയംതന്നെ കാൎയ്യക്ഷമവും ആകുന്നു. സകല ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആറു വയസ്സു മുതൽ സൌജന്യമായി വിദ്യാഭ്യാസം ല

ഭിച്ചുവരുന്നുണ്ട്. ഞാൻ ജപ്പാനിലെ ഒരു പ്രാഥമികപാഠശാല സന്ദർശിക്കയുണ്ടായി. 500 അടി നീളവും 150 അടി പൊക്കവുമുള്ള ഒരു കെട്ടിടമായിരുന്നു അതു്. കിൻറർഗാർട്ടൻ പദ്ധതി അവിടെ പൂർണ്ണമായി പ്രവൎത്തിച്ചുവരുന്നു. വിദ്യാൎത്ഥികളെ ശാസ്ത്രം പഠിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. തച്ചുശാസ്ത്രം, ചിത്രമെഴുത്ത് മുതലായവയിലും അഭ്യസനം നൽകുന്നുണ്ട്. ഇതിനൊന്നും കൊള്ളരുതാത്തവൎക്ക് പട്ടാളപരിശീലനം നൽകുന്നു. അതിനാൽ രാജ്യത്തിലെ യാതൊരു പൌരന്റെയും ശക്തി നഷ്ടമായിത്തീരുന്നില്ല ജീവിതത്തിന്റെ ആദ്യഘട്ടം മുതല്ക്കുതന്നെ ആൺകുട്ടികളേയും പെൺകുട്ടികളേയും വളൎത്തുന്നതു് ഒരു അൎദ്ധസൈനികജീവിതത്തിലാണ്. കുട്ടികളുടെ രണ്ടു സൈനികപാടവപ്രദൎശനംകണ്ടു് ഞാൻ സന്തോഷിച്ചു കണ്ണിന് നല്ല കാഴ്ചയും സൂക്ഷ്മതയും ഉണ്ടാകുന്നതിനായി വില്ലും അമ്പും കൊടുത്തു് എയ്ത്തു പഠിപ്പിക്കുന്നു. 16-ാമത്തെ വയസ്സിൽ വിദ്യാൎത്ഥികൾ സൎവ്വകലാശാലകളിൽ പ്രവേശിക്കുന്നു. അവൎക്ക് പുസ്തകങ്ങളിലല്ല ആദ്യമായി താല്പൎയ്യമുള്ളതു്. ചെറുപ്പം മുതല്ക്കുതന്നെ ആൺകുട്ടികളേയും പെൺകുട്ടികളേയും ജീവിതവുമായി നേരിട്ടു പരിചയപ്പെടുത്തുന്നു. അവർ അവിടെനിന്നാണ് പ്രാഥമികപാഠങ്ങൾ പഠിക്കുന്നതു്.

## അദ്ധ്യാപകന്മാരും പൊതുജനാരോഗ്യവും.

മധുര പ്രാദേശികവിദ്യാഭ്യാസസമ്മേളനത്തിൽ അവിടത്തെ ഹെൽത്ത് ആഫീസ്സർ മി: പി. ജി. ജി. ഉണ്ണിത്താൻ ഈ വിഷയത്തെപ്പററി ഒരു പ്രബന്ധം വായിക്കുകയുണ്ടായി. ആരോഗ്യവിഷയത്തെപ്പററി സാമാന്യമായി പ്രതിപാദിച്ചതിനുശേഷം താഴെ പറയുന്ന വിധത്തിൽ അദ്ധ്യാപകന്മാൎക്ക് ഈ വിഷയത്തിൽ പ്രവൎത്തിക്കാവുന്നതാണെന്ന് അദ്ദേഹം നിൎദ്ദേശിച്ചു.

1. ആധുനികപൊതുജനാരോഗ്യപ്രവൃത്തിയിൽ നിങ്ങൾതന്നെ വിശ്വസിക്കുക.

2. ആരോഗ്യജീവിതസംബന്ധമായ നിയമങ്ങളെപ്പററി കഴിവുള്ളിടത്തോളം ജ്ഞാനം സമ്പാദിച്ച് കുട്ടികൾക്കും, നിങ്ങളുമായി ഇടപെടുന്ന മററുള്ളവൎക്കും നൽകുക.

3. രോഗനിവാരണവും ആരോഗ്യവൎദ്ധനയും, കവചങ്ങൾകൊണ്ടോ, മന്ത്രവാദംകൊണ്ടോ, മുറിവൈദ്യന്മാരുടെ ഉപദേശംകൊണ്ടോ സാധിക്കുന്നതല്ലെന്ന് കുട്ടികളേയും മററുള്ളവരേയും മനസ്സിലാക്കുക. ആരോഗ്യജീവിതസംബന്ധമായ ശാസ്ത്രീയജ്ഞാനംകൊണ്ടേ അതു സാധിക്കയുള്ളൂ

4. കുത്തിവയ്പ്പ് മുതലായവ പ്രചരിപ്പിക്കുന്നതിന് ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാരെ സഹായിക്കുക.

5. സാംക്രമികരോഗങ്ങളെപ്പററി ഉടനടി അറിവു നൽകുക

6. ദൂരദർശിനിയേയും അതിന്റെ വിജയങ്ങളേയുംപററി കുട്ടികളെ ധരിപ്പിക്കുക.

7. പൊതുജനാരോഗ്യത്തിനുവേണ്ടി വേലചെയ്തിട്ടുള്ള നേതാക്കന്മാരുടെ ജീവചരിത്രകഥകൾ വിദ്യാർത്ഥികൾക്കു പറഞ്ഞുകൊടുക്കുക.

8. രോഗങ്ങളുടെ കാരണങ്ങളെപ്പററിയുള്ള അന്ധവിശ്വാസങ്ങളെ ജനങ്ങളുടെ മനസ്സിൽനിന്നും അകററുക.

9. ക്ലാസുമുറികളിലേയും വിദ്യാലയപരിസരങ്ങളിലെയും ശുചീകരണത്തിൽ നിഷ്കർഷിക്കുക.

10. ആരോഗ്യജീവിതസംബന്ധമായ പ്രഥമികതത്വങ്ങൾ വിദ്യാർത്ഥികളെ ദൃഷ്ടാന്തസഹിതം മനസ്സിലാക്കുക.

## രണ്ടുകൈകൊണ്ടും വേലചെയ്യുവാൻ പഠിപ്പിക്കുക.

ഈ വിഷയത്തെപ്പററി മി. ജി. എ. ചന്ദവക്കർ എം. ഏ. എഡ്യൂക്കേഷനൽറവ്യൂവിൽ ഇങ്ങിനെ എഴുതുന്നു.

മനുഷ്യന് രണ്ടുഹസ്തങ്ങൾ ഉണ്ടെങ്കിലും ദിവസേനയുള്ള ജോലികൾക്കായി രണ്ടിനേയും ഒരുപോലെ ഉപയോഗിക്കുന്നില്ല. ഒന്നുകിൽ അയാൾ വലത്തുകയ്യിനൊ അല്ലെങ്കിൽ ഇടത്തുകയ്യിനൊ ആയിരിക്കും. അദ്ധ്യാപകന്മാരും മാതാപിതാക്കന്മാരും ചെറുപ്പകാലംമുതല്ക്കുതന്നെ കുട്ടികളെ രണ്ടുകൈകളും ഉപയോഗിക്കുന്നതിനു പരിശീലിപ്പിക്കയാണെങ്കിൽ അവർ അതിസമർത്ഥന്മാരായിത്തീരും. ഒരു കുട്ടി വലത്തുകൈകൊണ്ടു മാത്രമെ എഴുതുവാൻ പഠിച്ചിട്ടുള്ളു എങ്കിൽ ആ കൈയ്യിന് കേടുപററിയാൽ പിന്നീട് ഇടത്തെ കൈകൊണ്ട് എഴുതിപ്പഠിക്കുവാൻ പ്രയാസമായിരിക്കും. എന്നുതന്നെയല്ല ജീവശാസ്ത്രസംബന്ധമായി നോക്കുകയാണെങ്കിൽ ഇതു തലച്ചോറിനേയും സ്പർശിക്കുന്ന ഒരു കാര്യമാണ്. വലത്തുകൈയ്യിനാണ് വളർച്ചയെങ്കിൽ തലച്ചോറിന്റെ ഇടത്തുഭാഗത്തിനു വളർച്ചലഭിക്കുന്നു. അതുപോലെതന്നെ മറുഭാഗത്തിന്റേയും കഥ. അതുകൊണ്ട് രണ്ടുകൈയ്യിനും പരിശീലനം നൽകുകയാണെങ്കിൽ തലച്ചോറിന് ഒരുപോലെ വളർച്ച സിദ്ധിക്കുമല്ലൊ. തലച്ചോറിന്റെ ഒരുഭാഗം മാത്രം വളരുന്നതുകൊണ്ടുള്ള ദോഷങ്ങളെ പരിഹരിക്കുവാൻ വേണ്ടി ജർമ്മനി മുതലായ രാജ്യങ്ങളിൽ "ക

ണ്ണാടിക്കയ്യെഴുത്തു്" എന്നൊരു പദ്ധതി ആരംഭിച്ചിട്ടുണ്ടു്. അതുപ്രകാരം ഒരു കുട്ടി രണ്ടുകൈകൊണ്ടും എഴുതുവാൻ പരിശീലിക്കുന്നു. ഒരു വശത്തിന്റെ പകുതിഭാഗത്തു് ഇടത്തുകൈകൊണ്ടും ബാക്കിഭാഗത്തു് വലത്തുകൈകൊണ്ടും ചില അക്ഷരങ്ങൾ എഴുതിപ്പഠിക്കുന്നു. ഒരു കണ്ണാടിയുടെ സഹായം കൊണ്ടു് ഈ അക്ഷരങ്ങൾ ശരിയായി വായിക്കാവുന്നതാണു്.

ഇൻഡ്യൻ പാഠശാലകളിലും ഇതു പ്രയോഗിക്കയാണെങ്കിൽ സൽഫലങ്ങൾ ഉണ്ടാകുന്നതാണു്. താഴെ പറയുന്നവ പാഠശാലകളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഇടത്തുകൈ പ്രത്യേകമായും രണ്ടുകൈകളും സാധാരണമായും ഉപയോഗിക്കുന്നതിനുള്ള വേലകളാണു്. ഇവ എളുപ്പത്തിൽ സാധിക്കത്തക്ക വണ്ണം മൂന്നിനമായി തിരിച്ചിരിക്കയാണു്. ഏതെങ്കിലും പ്രത്യേകജോലിയിൽ ഒരു കൈ മാത്രം ഉപയോഗിക്കുന്ന കുട്ടിയുടെ വാസനയെ തടയേണ്ടതിൽ പ്രത്യേകം ശ്രദ്ധിക്കണം.

1. പെൻസിൽ കൂർമ്പിക്കുക. വാച്ചിനു താക്കോൽ കൊടുക്കുക. പകൎത്തിഎഴുതുക. പുസ്തകങ്ങളുടെ വശങ്ങൾ മറിക്കുക. പൂട്ടുകൾ അടക്കുകയും തുറക്കുകയും ചെയ്യുക. തീപ്പെട്ടി ഉരക്കുക. കോട്ടിനു് ബട്ടൻ ഇടുക. തല ചീകുക. കടലാസും തുണിയും മുറിക്കുക.

2. ഗൃഹസാമഗ്രഹികൾ തുടക്കുക. പഴങ്ങൾ തൊണ്ടുകളയുക. സസ്യങ്ങൾ മുറിക്കുക. പല്ലുതേക്കുക. ക്ഷൌരം ചെയ്യുക. ടൈ കെട്ടുക.

3. ഡ്രായിംഗ്, ചാരമിടുക, ആശാരിപ്പണി, മരമറക്കുക, പടംവരക്കുക.

ഇടത്തുകൈയ്യന്മാരെ വലത്തുകൈകൊണ്ടും, വലത്തുകൈയ്യന്മാരെ ഇടത്തുകൈകൊണ്ടും വേലചെയ്യുന്നതിനു പഠിപ്പിക്കുക. തുടരെയുള്ള പരിശീലനംകൊണ്ടു് ഇതു സാധിക്കാവുന്നതാണു്. അതുകൊണ്ടു് പല ഉപയോഗങ്ങളുമുള്ളതിനാൽ പ്രോത്സാഹിപ്പിക്കേണ്ടതാകുന്നു. എന്റെ പള്ളിക്കൂടത്തിൽ ഒരു സഹായാദ്ധ്യാപകൻ രണ്ടുകൈകൊണ്ടും തുല്യസാമൎത്ഥ്യത്തോടുകൂടിയും തെറ്റുകൂടാതെയും എഴുതുന്നുണ്ടു്. ഡ്രായിംഗിലും ചിലകുട്ടികൾ അതിസാമൎത്ഥ്യം കാണിക്കുന്നുണ്ടു്.

## വിദ്യാഭ്യാസവും ഗവൎമ്മെൻറും.

ലിവർപൂൾ സർവ്വകലാശാലയിലെ വിദ്യാഭ്യാസപ്രൊഫസർ മി. ഇ. ടി ക്യാമ്പനാക് ഒരു പ്രസംഗത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:--

ഇന്നത്തെ ഒരു പ്രധാന ആവശ്യം കുട്ടികളുടെ രക്ഷമത്തിൽ മാതാപിതാക്കന്മാൎക്കു് എത്രത്തോളം ഉത്തരവാദിത്വമുണ്ടെന്നു് അവരെ മനസ്സിലാക്കുകയാകുന്നു. മിക്കസ്ത്രീപുരുഷന്മാരും ജീവസന്ധാരണമാൎഗ്ഗങ്ങളിൽ ബദ്ധശ്രദ്ധരായിരിക്കുന്നതുകൊണ്ടു കുട്ടികളുടെ പരിശീലനം അവരുടെ ചി

ന്തക്ക വിഷയീഭവിക്കുന്നില്ല. സ്ത്രീകൾ ഗൃഹത്തിലാണെങ്കിൽ അവിടെ പലതരത്തിലുള്ള ജോലികളുണ്ടു്. അതായതു കുട്ടികളെയും പരിശീലിപ്പിക്കുന്നതിനുള്ള സാമത്ഥ്യമവക്കുണ്ടെങ്കിലും അതിനുള്ള സമയം അവർ കാണുന്നില്ല. കുട്ടികളുടെ ജീവിതത്തെ സംബന്ധിച്ചിടത്തോളം മാതാപിതാക്കന്മാക്കു് ഒരു വലിയ സ്വാധീനശക്തിയുണ്ടു്. ഗവമ്മെൻറ് അവരുടെ ഉത്തരവാദിത്വത്തേയും അവകാശങ്ങളേയും കുറച്ചിരിക്കുന്നു. കുട്ടികളെ മാതാപിതാക്കന്മാരിൽ നിന്നും അകററിയിരിക്കുന്നു. അദ്ധ്യാപകന്മാർ ബുദ്ധിശൂന്യമായി മാതാപിതാക്കന്മാരിൽ നിന്നും സ്വീകരിച്ച ഉത്തരവാദിത്വത്തിൻെറ ഒരു ഭാഗം അവക്കുതന്നെ വിട്ടുകൊടുക്കുകയാണു് ഭാവിയിൽ ചെയ്യേണ്ടതു്. ശമ്പളത്തിൻേറയും വിദ്യാഭ്യാസച്ചിലവിൻേറയും ഒരുഭാഗം അവരെക്കൊണ്ടു വഹിപ്പിക്കുകയാണെങ്കിൽ, കുട്ടികളുടെ ഉടമസ്ഥന്മാർതന്നെയാണു് അവരുടെ ക്ഷേമത്തിനുള്ള ഉത്തരവാദികൾ എന്നു ബോദ്ധ്യപ്പെടുന്നതാണു്.

പരീക്ഷയെ സംബന്ധിച്ചു പറയുകയാണെങ്കിൽ വളരെ ചെറുപ്പത്തിൽ പരീക്ഷകൾ ജയിക്കുന്ന ബാലികാ ബാലന്മാർ സ്കൂൾ വിടുമ്പോഴൊ, കലാശാലകളിൽ പ്രവേശിക്കുമ്പോഴൊ ക്ഷീണമുള്ളവരായിട്ടാണു കാണുന്നതു്. വലിയ സ്കൂൾസട്ടിഫിക്കററുകൾ ലഭിച്ചവർ അധികം ചൊടിയുള്ളവരും ബുദ്ധിശക്തിയുള്ളവരുമായി കാണപ്പെടുന്നില്ല.

# കുറിപ്പുകൾ

## ചൈനയിലെ വിദ്യാഭ്യാസവിപ്ളവം.

ചൈനയിലെ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം കൊണ്ടു പല ദോഷങ്ങളും നേരിടുന്നതിനാൽ വിപ്ലവപരമായ ചില മാററങ്ങൾ വരുത്തുവാൻ അവിടത്തെ ഗവർമ്മെൻറ് തീരുമാനിച്ചിരിക്കുന്നു. അവിടെ സാഹിത്യപ്രധാനമായ വിദ്യാഭ്യാസമാണു പ്രചാരത്തിലിരിക്കുന്നതു്. അടുത്ത വിദ്യാലയവഷംമുതൽ നിയമം, സാഹിത്യം മുതലായവയ്ക്കുള്ള പാഠശാലകൾ നിറുത്തിവയ്ക്കുന്നതിനും പകരം കൃഷി വ്യവസായം വൈദ്യം എന്നിവ പഠിപ്പിക്കുന്ന പാഠശാലകളിൽ വിദ്യാത്ഥികളെ പ്രവേശിപ്പിക്കുന്നതിനും ഒരു പുതിയ ബിൽ അവരുടെ നിയമസഭയിൽ അ

വതരിപ്പിച്ചിരിക്കുന്നു. രാജ്യത്തിൻെറ വ്യാവസായിക പുരോഗതിക്കാവശ്യമായ സങ്കേതികവിദഗ്ദ്ധന്മാരെ വേണ്ടിടത്തോളം ലഭിക്കുന്നതിനാണു വിദ്യാഭ്യാസനയത്തിൽ ഈ വ്യതിയാനം വരുത്തുന്നത്. വിദ്യാഭ്യാസപദ്ധതിയെ രാജ്യത്തിൻെറ ആവശ്യമനുസരിച്ചു രൂപവൽക്കരിക്കണമെന്നുള്ള മനോഭാവത്തെയാണ് ഇതു തെളിയിക്കുന്നത്. ഭരണസഭയിലെ ഒരംഗമായ മി. ചാൻഗിചി ഇങ്ങിനെയാണു പത്രപ്രതിനിധികളോട് പറഞ്ഞത്. "അടുത്ത ഇരുപതുവർഷത്തേക്കു നിയമം, സാഹിത്യം, തത്വശാസ്ത്രം, രാജ്യമീമാംസ എന്നിവ പഠിക്കുന്നതിനായി ഒരു വിദ്യാർത്ഥിയേയും പാഠശാലകളിൽ പ്രവേശിപ്പിക്കരുത്. അതിനുപകരം ശാസ്ത്രീയവും സാങ്കേതികവുമായപരിശീലനത്തിൽ മാത്രം രാജ്യം ശ്രദ്ധിക്കേണ്ടതാണ്. റഷ്യയിലേപ്പോലെ യന്ത്രങ്ങളും അതു നടത്തുവാനുള്ള ആളുകളുമാണ് ഇപ്പോൾ ആവശ്യമായിരിക്കുന്നത്. ചൈനയിലെ യുവാക്കൾ ആഭാസമായ കവിതയും നിരുപയോഗമായ ലഘുപത്രികകളും പ്രസിദ്ധീകരിക്കുന്നതിൽ നിന്നും പിൻതിരിഞ്ഞു നല്ല ആദായം നൾകുന്ന ഉൽപന്നങ്ങൾ ലഭിക്കുന്നതിലാണ് ഏർപ്പെടേണ്ടതു്. അല്ലാത്തപക്ഷം വിദേശാക്രമണം ഒന്നും കൂടാതെതന്നെ ദാരിദ്ര്യംകൊണ്ടു മാത്രം ഈ രാജ്യം ഭൂമുഖത്തുനിന്നും മറയുന്നതാണ്."

നമ്മുടെ വിദ്യാഭ്യാസരീതിയും ഏകദേശം ചൈനയിലേതുപോലെതന്നെയാണ്. ഗൌരവാവഹങ്ങളായ ദൃഷ്യങ്ങൾ ഉണ്ടെന്നറിഞ്ഞിട്ടും അതു തുടൎന്നുകൊണ്ടുതന്നെ പോകുന്നു.

## ബങ്കാളത്തിലെ മട്രിക്കുലേഷൻപദ്ധതി.

കൽക്കത്ത സൎവ്വകലാശാലക്കാർ പുതിയ മട്രിക്കുലേഷൻ നിയമങ്ങൾ അംഗീകരിച്ചിരിക്കുന്നു. അതിൽകാണുന്ന ഏററവും പ്രധാനപ്പെട്ട മാററങ്ങൾതാഴെ പറയുന്നവയാണ്.

1. ആദ്യത്തെ അഞ്ചുസംവത്സരത്തിനു ശേഷം രസതന്ത്രവും ഭൂമിജ്ഞാനീയവും നിർബന്ധിതമാക്കുക.

2. ഇംഗ്ലീഷ് ഒഴിച്ച് മറെറല്ലാവിഷയങ്ങളും മാതൃഭാഷയിൽ പഠിപ്പിക്കുകയും പരീക്ഷകൾ നടത്തുകയും ചെയ്യുക.

3. പെൺകുട്ടികൾക്കു പ്രത്യേകപാഠപദ്ധതി നൾകുക.

4. കായികാഭ്യസനവും വ്യവസായ പരിശീലനവും നിർബന്ധിതമാക്കുക.

5. വയസ്സിനെ സംബന്ധിച്ച നിയന്ത്രണം ഉപേക്ഷിക്കുക.

ഈ നിയമങ്ങൾക്കു ഗവൎമ്മെൻറ് അംഗീകാരം ലഭിക്കുവാൻ കാത്തിരിക്കയാണ്. അംഗീകാരം സിദ്ധിക്കുമെന്നുതന്നെയാണ് അവർ വിശ്വസിക്കുന്നതു്.

## സ്പെയിനിലെ വിദ്യാഭ്യാസാഭിവൃദ്ധി.

ഈയിടെ സ്പെയിനിൽ ഒരു വിപ്ലവം നടന്നു. അതുകൊണ്ടു വളരെ ഗുണം സിദ്ധിച്ചിട്ടുണ്ട്. അവിടെ ഇന്നുകാണുന്ന വിദ്യാഭ്യാസാഭിവൃദ്ധി ആ വിപ്ലവഫലമാണ്. വിപ്ലവത്തിനുശേഷം റഷ്യയിൽ വിദ്യാഭ്യാസത്തിന് എന്തു പുരോഗതിയാണുണ്ടായിട്ടുള്ളതെന്നു ലോകം മനസ്സിലാക്കിയിട്ടുണ്ട്. അതുപോലെതന്നെ സ്പെയിനിലെ വിപ്ലവത്തിനുശേഷം അവിടത്തെ ഭരണാധികാരികൾ വിദ്യാഭ്യാസപുരോഗതിക്കായി ചെയ്യുന്നശ്രമങ്ങൾ അന്യാദൃശങ്ങളാണ്. സ്പെയിനും ഇൻഡ്യയെപ്പോലെ ഗ്രാമങ്ങളെക്കൊണ്ടു നിറഞ്ഞ ഒരു രാജ്യമാകുന്നു. ആ ഗ്രാമങ്ങളിൽ വിജ്ഞാനത്തിനൊ വിനോദത്തിനൊ അവസരമുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ സ്ഥിതിഗതികൾക്കു മാററം സംഭവിച്ചിരിക്കുന്നു. ചലനചിത്രങ്ങൾ, പ്രസംഗങ്ങൾ മുതലായവകൊണ്ടു സ്പെയിനിലെ ഗ്രാമങ്ങളിൽ ഇന്നു പ്രചരിപ്പിക്കുന്ന വിദ്യാഭ്യാസം അല്പകാലത്തിനുള്ളിൽ വളരെ പുരോഗതിക്കു കാരണമായിത്തീൎന്നിട്ടുണ്ട്. ചരിത്രം, ഭൂമിശാസ്ത്രം, സയൻസ് എന്നീ വിഷയങ്ങളിൽ സാമാന്യജനങ്ങൾക്കു വിജ്ഞാനം നൽകുന്നതിനായി പ്രത്യേകവിദഗ്ദ്ധസംഘങ്ങൾ സ്പെയിനിലെ ഗ്രാമങ്ങളിൽ സഞ്ചരിക്കുന്നുണ്ട്. ഈ സാമ്പത്തികാധഃപതനകാലത്തു് മററു ഗവൎമ്മെൻറുകളെപ്പോലെ സ്പെയിനിനും വിഷമതകൾ ഉണ്ടെങ്കിലും വിദ്യാഭ്യാസച്ചിലവിൽ യാതൊരു ലോഭവും കാണിക്കുന്നില്ല. വിദ്യാഭ്യാസംകൊണ്ടാണു നാട്ടുനന്നാകേണ്ടതെന്ന് ആ ഗവൎമ്മെൻറ് മനസ്സിലാക്കിയിട്ടുണ്ട്. ഗ്രാമങ്ങളിൽ വിദ്യാഭ്യാസപ്രചരണത്തിനായി സൎവ്വകലാശാലകൾ സഹായിക്കണമെന്നുകാണിച്ചുകൊണ്ട് ഗവൎമ്മെൻറിൽനിന്നും ഒരു അഭ്യർത്ഥന പുറപ്പെടുവിച്ചിരിക്കുന്നു. അതനുസരിച്ചു മാഡ്രിഡ സൎവ്വകലാശാല പ്രവൃത്തി ആരംഭിച്ചിരിക്കുന്നു. ഈ സൎവ്വകലാശാലയിൽനിന്നും ഒരു സംഘം ഇപ്പോൾ ഗ്രാമങ്ങൾ സന്ദർശിച്ചുവരുന്നു. ഈ സംഘത്തിൽ പതിമൂന്നു പുരുഷന്മാരും പതിമൂന്നു സ്ത്രീകളുമുണ്ട്. ഇവർ ഒരോ ഗ്രാമത്തിലും ചെന്നു ഗ്രാമവാസികൾക്കു വിജ്ഞാനവും വിനോദവും നൽകുന്ന പ്രവൃത്തികൾ ആരംഭിച്ചിരിക്കുന്നു. മററു സൎവ്വകലാശാലകളും മാഡ്രിഡ സൎവ്വകലാശാലയെ അനുകരിച്ചു് ഗ്രാമങ്ങളിൽ വിദ്യാഭ്യാസപ്രചരണത്തിനായുള്ള പദ്ധതികൾ രൂപവൽകരിച്ചു വരുന്നു.

4 MAR 1933